# പ്രകാശം പരത്തുന്ന പ്രസ്ഥാനം

കൂട്ടിൽ മുഹമ്മദലി

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്

# 'ഗീതാഞ്ജലി' പോലെ

ജമാഅത്തെ ഇസ്‌ലാമിയുടെ ഒരനുഗാതാവല്ല ഞാൻ. എന്നാൽ ആ പ്രസ്ഥാനത്തെക്കുറിച്ച് സാമാന്യം നന്നായറിയും എന്നാണ് വിശ്വാസം. അതുകൊണ്ടാവാം, ജമാഅത്തെ ഇസ്‌ലാമിയുമായി സൂക്ഷ്മമായ ഒരു മാനസിക ബന്ധമുണ്ടെനിക്ക്. അതുകൊണ്ടാണ് ജമാഅത്തെ ഇസ്‌ലാമിക്കെതിരെ ഭരണകൂടം നിരോധനമുയർത്തിയപ്പോൾ, രണ്ട് സന്ദർഭങ്ങളിലും ഞാനതിനെതിരെ പ്രതികരിച്ചതും നിരോധം നീക്കിയപ്പോൾ സന്തോഷത്തോടെ പ്രസ്താവനയിറക്കിയതും. കൂടുതൽ പഠിക്കാൻ ശ്രമിച്ചപ്പോൾ മതിപ്പും മമതയും കൂടിയിട്ടേയുള്ളൂ.

തുറന്നമനസ്സോടെ കാര്യങ്ങൾ കണ്ടറിഞ്ഞ് വിലയിരുത്താനുള്ള മനസ്സും കഴിവും നമുക്ക് കൈമോശം വന്നുകൊണ്ടിരിക്കുകയാണ്. ഇതുണ്ടാക്കുന്ന വിപത്തുകൾ, ദുർവിനകൾ ദുസ്സഹമാണിന്ന്. ഇതുവഴിയുണ്ടാകുന്ന സാമൂഹ്യ നഷ്ടങ്ങൾ അപരിഹാര്യങ്ങളുമാണ്. അറിയാൻ ശ്രമിക്കുക, അറിഞ്ഞതിനു ശേഷം അംഗീകരിക്കുകയോ അവഗണിക്കുകയോ ചെയ്യുക- അതാണ് മാന്യമായസമീപനം, മാനുഷികവും അതാണ്- നമ്മുടേത് അന്യമായിക്കൂടാ.

മുൻധാരണകളൊന്നുമില്ലാത്ത, ലാഭചേതങ്ങളൊന്നും സ്വാധീനിക്കാനിടയില്ലാത്ത, തെളിഞ്ഞ മനസ്സോടെയാണ് ഞാൻ ജമാഅത്തെ ഇസ്‌ലാമിയെ അറിയാൻ ശ്രമിച്ചത്. എന്റെ ധാരണകൾ ഇവിടെ വായനക്കാരുമായി പങ്കുവെക്കുന്നത് അസംഗതമാകാൻ സാധ്യതയില്ല.

ജമാഅത്തെ ഇസ്‌ലാമി സത്യവേദവിശ്വാസത്തിന്റെ വളക്കൂറുള്ള മണ്ണിലാണ് വേരോട്ടി നിൽക്കുന്നത്. ഖുർആൻ വിളിച്ചറിയിക്കുന്ന സത്യദീനിന്റെ സംസ്ഥാപനമാണ് അതിന്റെ വിഭാവിതലക്ഷ്യം.

മതവും ദൈവവും കഴിഞ്ഞ നൂറ്റാണ്ടിന്റെ മനം മടുപ്പിച്ച പദങ്ങളാണെങ്കിലും പുതിയ നൂറ്റാണ്ടിൽ അവയ്ക്ക് പ്രിയമേറിവരുന്നു. അപ്പോൾ അതീതകാലത്തെ പിഴവുകളും ദുരനുഭവങ്ങളുമാവർത്തിക്കാതിരിക്കാൻ ശുദ്ധമായ മനസ്സും സത്യമായ ദൈവവും പുതിയ കാലത്തിന്റെയും ലോകത്തിന്റെയും മുന്നിൽ പ്രത്യുദ്ധരിക്കപ്പെടണം. ഉൽഖനനം അസാധ്യമാക്കിത്തീർക്കുമാറ് ആഴക്കയങ്ങളുള്ള നിഗൂഢതകൾ അടയിട്ട് കിടക്കുന്ന ജീവപ്രപഞ്ചത്തെക്കുറിച്ച് ഐന്ദ്രിയ വ്യാപാരജന്യമായ ശാസ്ത്രങ്ങൾക്കും അവ വിരൽചൂണ്ടുന്ന കേവലം ബാഹ്യമായ വികാരപ്രപഞ്ചത്തിൽ ഉണ്ർന്നുവളർന്ന് അവയെ തൊട്ടുരുമ്മിക്കഴിയുന്ന കലാ-സാഹിത്യ-സൗന്ദര്യോപാധികൾക്കും സൂക്ഷ്മമായൊന്നുമറിയില്ല എന്നതാണ് സത്യം. ഇന്ദ്രിയജന്യമായ വിചാര പ്രപഞ്ചത്തിലെ

സർവാധികാരിയാണ് ശാസ്ത്രജ്ഞൻ. വികാര സാമ്രാജ്യത്തിന്റെ ചെങ്കോൽ കലാകാരന്റെ കൈയിലുമാണുള്ളത്. അപ്പോൾ നിഗൂഢതകളിലൂന്നുനില്ക്കുന്ന സൂക്ഷ്മവും സമഗ്രവുമായ ജീവിതത്തെക്കുറിച്ചറിയാൻ അതീന്ദ്രിയമായ മാർഗത്തെ ആശ്രയിക്കുകയാണഭികാമ്യം.

പ്രവാചകമാർഗമതാണ്; തെളിവുറ്റ ആ മാർഗം വിരൽ ചൂണ്ടുന്നത് സർവ ശക്തനായ ദൈവസന്നിധിയിലേക്കും. ദൈവ നിയോഗം കൊണ്ട് പ്രപഞ്ചത്തെയും ജീവിതത്തെയും സംബന്ധിച്ച് അഗാധമായറിഞ്ഞ, ആ സൂക്ഷ്മജ്ഞാനം മനുഷ്യന് മുന്നിൽ തുറന്നുകാട്ടി, അവനിലെ ദൈവദത്തമായ വിശേഷബുദ്ധിയെയുണർത്തി, ഭാവകോശങ്ങളെ വികസ്വരമാക്കി സത്യത്തിലേക്ക് നയിക്കുകയാണ് പ്രവാചകദൗത്യം.

ഇസ്‌ലാമിന്റെ ധർമവും പ്രകൃതവുമതാണെങ്കിൽ, അതിലൂന്നി അതിന്റെ പ്രചാരണം നിർവഹിക്കാനും പ്രയോഗവൽക്കരണം സാധിക്കാനും പ്രതിജ്ഞാബദ്ധമായ ജമാഅത്തെ ഇസ്‌ലാമി എന്ന പ്രസ്ഥാനത്തിന് മത-രാഷ്ട്രീയങ്ങളുടെ പരിവേഷമണിയിക്കുന്നത് അനുചിതമാണ്. ഏകദൈവത്തിലും മനുഷ്യസാഹോദര്യത്തിലും നിരങ്കുശവിശ്വാസം സൂക്ഷിക്കുന്ന സത്യവേദസംസ്കൃതിയുടെ ലോക വീക്ഷണം അഥവാ വിഭാവിതലക്ഷ്യം ദൈവത്തിന്റെ ലോകം പുനഃസൃഷ്ടിക്കുകയാണ്. ഒരു പ്ലേറ്റോണിക് സങ്കല്പമായി ഈ നവലോകം വിശേഷിപ്പിക്കപ്പെട്ടേക്കാമെങ്കിലും അതാണ് മനുഷ്യന് വിഭാവ ചെയ്യാവുന്ന ആദർശമാത്ര പ്രഭാസിതമായ ഒരേയൊരു നലോകം അഥവാ ദൈവരാജ്യം.

മറ്റ് മത ദർശനങ്ങളിൽനിന്ന് തീർത്തും വ്യത്യസ്തമായ ഈ ജീവിതവേദാന്തത്തിന്റെ മയൂഖമാലകൾ ആദ്യകാല മുസ്‌ലിം ജീവിതത്തിൽ അഭിദർശിക്കാൻ ചരിത്രത്തിന് കഴിഞ്ഞിട്ടുണ്ടെങ്കിലും മനുഷ്യകൂലത്തിനേറ്റ മഹാശാപം പോലെ ആ മതാതീതമതം ഇന്ന് പല മതങ്ങളിലൊന്നുമാത്രമായി വിവർണമായി വർത്തിക്കുന്നു എന്നതാണ് സത്യം. എന്നാൽ സത്യവേദത്തിന്റെ സർവാതിശായിത്തന്നെക്കുറിച്ച് ഗ്രന്ഥകാരൻ ശ്രീ. കൂട്ടിൽ മുഹമ്മദലി 'മുസ്‌ലിം ജീവിതത്തിന്റെ ഉപരിതലത്തിൽനിന്ന് ഈ സവിശേഷത മനസ്സിലാവില്ല, എന്നാൽ ആഴങ്ങളിലേക്കിറങ്ങിച്ചെന്നാൽ തീർച്ചയായും മനസ്സിലാകും- ഇന്നത്തെ മുസ്‌ലിം ജീവിതത്തിൽ എന്നു പോലും മനസ്സിലാകും' എന്ന് ഇവിടെ പ്രസ്താവിച്ചിട്ടുണ്ട്. ഗ്രന്ഥകാരന്റെ അതിഭാവുകത്വത്തെ അംഗീകരിച്ചാൽപോലും വസ്തുതാപരമായി അത് ശരിയല്ലെന്ന് സൗമ്യമായി സൂചിപ്പിക്കട്ടെ. വേദഗ്രന്ഥത്തിന്റെ ഹൃദയഭാവമുൾക്കൊള്ളാൻ ഇന്നുപോലും മുസ്‌ലിം സാമാന്യത്തിന് സാധിച്ചിട്ടുണ്ടോ? ഖുതുബയും വയദും മതഭാഷണങ്ങളും പതിവായി കേൾക്കാൻ അവസരമുണ്ടായിട്ടും സാമാന്യജനത്തിന്റെ കൈയിലിന്നും മദ്റസയിലെ ഓത്തു പാഠങ്ങളവശേഷിപ്പിച്ച ഖുർആനികാശയങ്ങളിൽ കവിഞ്ഞ് കാര്യമായൊന്നുമില്ല എന്നതല്ലേ സത്യം? തോട് പൊട്ടിക്കാതെ, കേട്ട് വിഴുങ്ങി മറക്കുക എന്ന കേവലമൊരു ചടങ്ങായി അവയങ്ങനെ നിസ്സംഗമായി ആവർത്തിക്കപ്പെടുന്നു എന്നതല്ലേ സത്യം? തൗഹീദുണർത്തുന്ന മഹിത സംസ്കാരവും നിരുപാധികമായ മനുഷ്യസാഹോദര്യവും ഇസ്ലാം സംസ്കൃ

തിയുടെ ഗിരി ശിഖരങ്ങളാണെന്നു കരുതി മുന്നേറുന്ന 'മാതൃകാസമുദായ'മായി ഇസ്‌ലാം വിശ്വാസികൾ രൂപപ്പെട്ടുകഴിഞ്ഞു എന്ന് ഇന്നത്തെ മുസ്‌ലിം ജീവിതത്തിൽനിന്ന് കണ്ടെത്താൻ കഴിയുമോ? ലോകത്തെവിടെയെങ്കിലും അങ്ങനെയൊരു ജനപദമുണ്ടെങ്കിൽ അവിടം പ്രകാശത്തിന്റെ അനുഗ്രഹീതീരമായി ലോകശ്രദ്ധയ്ക്ക് വിധേയമാകുമായിരുന്നില്ലേ? ജമാഅത്തെ ഇസ്‌ലാമിയുടെ ശ്രമം വർദ്ധിതവീര്യത്തോടെ ശതഗുണീഭവിച്ചു കാണണം എന്ന മോഹമാണിവിടെ.

ഇസ്‌ലാം ഇന്ന് വ്യാപകമായി ചർച്ച ചെയ്യപ്പെടുന്നുണ്ട്. എന്നൊരു തോന്നൽ എന്നിലുണ്ടായിട്ടുണ്ട്. വലിയ പ്രതീക്ഷകളോടുകൂടിയാണ് പലപല ഇസ്‌ലാമിക സമ്മേളനങ്ങളിലും സെമിനാറുകളിലും ഞാനുഴറിയെത്താറുള്ളത്. തിരികെ പോരുമ്പോൾ മനസ്സ് നിറയെ ദുഃഖവും നിരാശയുമായിരിക്കും. കഴിവുള്ളവർപോലും ഇസ്‌ലാമിന്റെ അടിസ്ഥാന ദർശനങ്ങളെക്കുറിച്ച് വിശകലനം ചെയ്യുന്നതും വിലിയിരുത്തുന്നതും കേൾക്കാറില്ല. ആചാരങ്ങളും ചടങ്ങുകളും വർണിക്കാനും കഥകൾ പറഞ്ഞു രസിപ്പിക്കാനുമല്ലാതെ അടിസ്ഥാനാശയങ്ങളെ അപഗ്രഥിക്കാൻ പലരും മുതിർന്നു കാണുന്നില്ല.

സത്യവേദത്തിന്റെ സർവാതിശായിയായ സന്ദേശമാണ് 'തൗഹീദ്'. 'കാവ്യം കണക്കെ നീയാലോചനാമൃതം' എന്ന് ഒരു കവി പാടിയതുപോലെ 'അസദൃശവും അവാച്യവും അവ്യാഖ്യേയവും അനന്ത സാധ്യതകളുടെ അവർണ്യ സൗന്ദര്യ സങ്കേതവും- എല്ലാം എല്ലാമാണത്. തൗഹീദിന്റെ പീലി വിടരുമ്പോൾ സർവേശ്വരന്റെ പ്രഭാവമവിടെ പ്രകാശിതമാകും, പ്രപഞ്ച രഹസ്യങ്ങളുടെ പൊന്നറയവിടെ പതുക്കെ തുറക്കപ്പെടും, വിശ്വമാനവകുടുംബത്തിന്റെ ദളപുടങ്ങൾ വിടർത്തപ്പെടും, മനുഷ്യ സാഹോദര്യത്തിന്റെ തൈമണിക്കാറ്റുറഞ്ഞെത്തും, നൊന്തു പുളയുന്ന മനുഷ്യമനസ്സുകളുടെ ചിരന്തന സ്വപ്നങ്ങളുടെ വിഭാതകാന്തി ആയിരത്തിരികളുണർത്തും!

ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ച്

മാനുഷ്യകത്തിന്റെ അഖണ്ഡതയെക്കുറിച്ച്

മനുഷ്യന്റെ അടിസ്ഥാനപരമായ മഹത്വത്തെക്കുറിച്ച്

സ്ത്രീകളുടെ സമുന്നതമായ സാമൂഹ്യ പദവിയെക്കുറിച്ച്

അടിമത്വത്തിൽനിന്നുള്ള മോചനത്തെക്കുറിച്ച്

അധ്വനത്തിന്റെ മഹത്വത്തെക്കുറിച്ച്

മനുഷ്യവർഗത്തിന്റെ വൈകാരികോൽഗ്രഥനത്തെക്കുറിച്ച്

പൂർവപ്രവാചകൻമാരുടെയും വേദങ്ങളുടെയും അംഗീകാരത്തെക്കുറിച്ച്

ദൈവവും മനുഷ്യരും തമ്മിൽ പുരോഹിതരിലൂടെയല്ലാത്ത പ്രത്യക്ഷമായ സമ്പർക്കത്തെക്കുറിച്ച്

ഐഹികജീവിതത്തിന് പാരത്രികജീവിതത്തിന് പാരത്രികജീവിതത്തോടുള്ള സംബന്ധത്തെക്കുറിച്ച്

കുടുംബം സമൂഹം എന്നിവയെ സംബന്ധിച്ചുള്ള തെളിഞ്ഞ കാഴ്ചപ്പാടിനെക്കുറിച്ച്

ആത്മസംയമനത്തിന്റെ ആവശ്യകതയെക്കുറിച്ച്

സമസൃഷ്ടങ്ങളോടുള്ള സഹാനുഭൂതിയെക്കുറിച്ച്

മനുഷ്യന്റെ വൃത്തികളേടും സൂക്ഷ്മമായി വിലയിരുത്തപ്പെടുന്നു എന്ന തിനെക്കുറിച്ച്

ഹൃദയവിശുദ്ധിയുടെ സർവോൽകൃഷ്ടതയെക്കുറിച്ച്

മനുഷ്യജീവിതത്തെ അവലംബമാക്കിയുള്ള സകലതിനെയും കുറിച്ച് സൂക്ഷ്മമായി വിലയിരുത്തിക്കൊണ്ട് ഇഹപരങ്ങളിലെ സമസ്ത സംത്രാസ ങ്ങളും മനുഷ്യജീവിതവുമായി അഭേദ്യത സൂക്ഷിക്കുന്നു എന്ന സത്യമുദ്ഘോ ഷിച്ചപ്പോൾ ഇസ്‌ലാം കേവലമൊരു മതമല്ല, മതാതീതമതമായി (ടൗുലൃ ഞലഹശഴശീ) സ്വയം പ്രഖ്യാപിക്കുകയായിരുന്നു. ഇവയെല്ലാം സമ്മേളന ങ്ങളിലുംസംവാദവേദികളിലും അനാവരണം ചെയ്യപ്പെട്ടിരുന്നുവെങ്കിൽ ഇസ്‌ലാം ഇത്രയേറെ തെറ്റിദ്ധരിക്കപ്പെടുമായിരുന്നില്ലെന്നും ആദ്യകാലത്തെ ന്നപോലെ ഇസ്‌ലാം കൊടുങ്കാറ്റുപോലെജനമനസ്സുകളെ കീഴ്പ്പെടുത്തുമാ യിരുന്നുവെന്നും ഞാൻ കരുതുന്നു. വാളിന്റെ ഝണൽക്കാരമല്ല,സമത്വദർശ നംപോലുള്ള സത്യവേദത്തിന്റെ മഹിതാശയങ്ങളാണ് ലോകമനസ്സിനെ കീഴ്പ്പെടുത്തിയത്.

ഇസ്‌ലാം ദർശനങ്ങളുടെ പ്രബോധനവും പ്രചാരണവും പ്രയോഗവൽക്ക രണവും മറ്റെന്നെത്തെക്കാളും ഒരനിവാര്യതയായിത്തോന്നിയപ്പോൾ ഇരു പതാം നൂറ്റാണ്ടിലെ നവോത്ഥാന നായകരിൽ ഒന്നാം നിരക്കാരനായ സയ്യിദ് അബുൽഅഅ്‌ലാ മൗദൂദി ഇങ്ങനെ വിളിച്ചു പറഞ്ഞു:

"സത്യവേദത്തിന്റെ പ്രകാശം കൊണ്ട്
ജീവിതത്തെപ്രഭാ പൂരമാക്കുക" എന്ന്.

ഇതൊരു ലക്ഷ്യമായിക്കണ്ട്, അതിന്റെ നിർവഹണത്തിന് സ്വയം സമർപ്പി തരായ ഒരു കൂട്ടമാളുകളെ സംഘടിപ്പിച്ചുകൊണ്ട് ആ പ്രതിഭാശാലി 1941-ൽ ഒരു സംഘടനക്ക് ബീജാവാപം നടത്തി. ഗതാനുഗതികത്വത്തിന്റെ ജീർണി തമായ വഴിയിൽനിന്ന് തെന്നിമാറി, അരുതായ്മകൾക്കും നിഷ്ടക്രിയതക്കു മെതിരെ ശബ്ദമുയർത്തിക്കൊണ്ട് അവർ മുന്നോട്ടുനീങ്ങി 'ദൈവത്തിന്റെ ലോകം' പുനഃസൃഷ്ടിക്കുവാൻ വേണ്ടി പൊരുതിജീവിക്കേണ്ട ഇസ്‌ലാം വിശ്വാസികൾ നിഷ്ക്രിയതയിലും ജഡികതയിലും അടിഞ്ഞുകൂടിക്കഴി യുന്നതുകണ്ടപ്പോൾ അവർ ധർമരുഷ്ടരായി. പാശ്ചാത്യ സാമ്രാജ്യത്വശക്തി കളും യാഥാസ്ഥിതിക മുസ്‌ലിംകളും കലിയുറഞ്ഞിറങ്ങി. ആനുകാലികങ്ങ ളിലൂടെ മൗദൂദി തൊടുത്തുവിട്ട ആശയശരങ്ങൾ അപ്രതിരോധ്യങ്ങളായി അവർക്കനുഭവപ്പെട്ടു. ഇന്ത്യയിലെ യാഥാസ്ഥിതികരും പാശ്ചാത്യശക്തികളും കൈകോർത്തുനിന്നുകൊണ്ടാണ് ജമാഅത്തെ ഇസ്‌ലാമിക്കെതിരെ നിറയൊ ഴിച്ചത്. വിദേശാധിപത്യത്തിനെതിരെ പോരാടുന്നതിൽ പങ്കാളിത്തം വഹിച്ചു കൊണ്ടുതന്നെ ജമാഅത്തെ ഇസ്‌ലാമി നമ്മുടെ സ്വാതന്ത്ര്യ സമരഭൂമിയിൽ വളർന്നുകണ്ട വർഗീയതക്കെതിരെ ശബ്ദമുയർത്തി.

ചിന്തയുടെ ഒരു നുള്ള് ഉപ്പു ചേർക്കാതെ എന്തും വാരി വലിച്ചു വിഴു ങ്ങുന്ന പ്രകൃതിക്കാരനായിരുന്നില്ല മൗദൂദി. അക്കാലത്തിവിടെ മുഴങ്ങിക്കേട്ട മതേതരത്വത്തെയും ജനാധിപത്യത്തെയും ദേശീയതയെയും അടിസ്ഥാനമാ

ക്കിയുള്ള മൗദൂദിയുടെ വിശകലനങ്ങൾ തീർത്തും യുക്തിഭദ്രവും ആദർശ പരവുമായിരുന്നു. അദ്ദേഹം ഇങ്ങനെ പറഞ്ഞു:

മതത്തിൽനിന്ന് അന്യമായ ഭാവമാണ്,
മതനിരാസമാണ് മതേതരത്വമെങ്കിൽ
ആ മതേതരത്വവുമായി സഹവസിക്കാൻ
ജമാഅത്തെ ഇസ്‌ലാമി സന്നദ്ധമല്ല.

യഥാർഥത്തിൽ മതേതരത്വത്തിന്റെ ഇന്ത്യൻ വ്യാഖ്യാനവും അതാണ്. മതസഹിഷ്ണുതയാണ് ഇന്ത്യക്കാർക്ക് മതേതരവും. ജമാഅത്തെ ഇസ്‌ലാമി ഒരിക്കലും മതേതരത്വത്തോടുള്ള ഇന്ത്യൻ സമീപനത്തോട് വിപ്ലതിപത്തി കാട്ടിയിട്ടില്ല. മതരാഷ്ട്രീയങ്ങളുടെ അവിച്ഛന്നതയാണ് ജമാഅത്തെ ഇസ്‌ലാമിയുടെ സ്വരം. ഗാന്ധിജി മതബോധത്തെ (ധർമബോധത്തെ) രാഷ്ട്രീയത്തിലേക്കാനയിച്ച ആധുനിക കാലത്തെ ശ്രദ്ധേയനായ മനുഷ്യനായിരുന്നു. മതത്തെ മഹിതമൂല്യങ്ങളായി, ധർമബോധമായി രാഷ്ട്രീയത്തിലേക്കാവഹിക്കാനും മതേതരത്വത്തിന്റെ ഇന്ത്യൻ മുഖം ഹൃദയംഗമമായി സ്വീകരിക്കാനും ജമാഅത്തെ ഇസ്‌ലാമി സന്നദ്ധമാണ് എന്ന് ഞാൻ മനസ്സിലാക്കുന്നു. സത്യവേദ വിശ്വാസത്തിന്റെ സമീപനമതമാണ്, മറ്റൊരു മാർഗമവലംബിക്കാൻ ജമാഅത്തെ ഇസ്‌ലാമിക്ക് സാധ്യമല്ല.

ജമാഅത്തെ ഇസ്‌ലാമിയുടെ ദേശീയതപോലും ദേശസ്നേഹത്തെയും സംശയിക്കാനാണ് ചിലർക്കിവിടെ ബദ്ധപ്പാടുണ്ടായത്. ഒരു കാര്യം സത്യം- ദേശീയതയെ, തീവ്രദേശീയതയെ ജമാഅത്തെ ഇസ്‌ലാമി അംഗീകരിക്കുന്നില്ല. എന്നാൽ ഇത് രാജ്യദ്രോഹത്തിന്റെ ലക്ഷണമായോ ദേശസ്നേഹത്തിന്റെ നിരാസമായോ വ്യാഖ്യാനിക്കപ്പെട്ടുകൂടാ. ഇത് ആശയ പരമായ അഥവാ ആദർശപരമായ സത്യസന്ധതയുടെ പ്രശ്നമാണ്. ഇസ്‌ലാം മത ദർശനത്തിന്റെ അടിസ്ഥാന നയങ്ങളിൽ ആത്മാർഥമായും സത്യസന്ധമായും ഊന്നി നിൽക്കുന്ന ഒരു സത്യവേദ വിശ്വാസിക്ക് തീവ്രദേശീയതയാൽ വിശ്വാസമർപ്പിക്കാൻ സാധ്യമല്ല. തീവ്രദേശീയതയെ അംഗീകരിക്കാൻ മൗദൂദിക്കും ജമാഅത്തെ ഇസ്‌ലാമിക്കും സാധിക്കാതെ വരുന്നത് അവരുൾക്കൊള്ളുന്നതായാരോപിക്കപ്പെടുന്ന രാജ്യദ്രോഹവികാരത്തിന്റെ ചൂരും ചൂടും കൊണ്ടുമല്ല, സത്യവേദം അതംഗീകരിക്കുന്നില്ല എന്നതുകൊണ്ടാണ്. അതുകൊണ്ട് തീവ്രദേശീയതക്കെതിരെയുള്ള സ്വരം ജമാഅത്തെ ഇസ്‌ലാമിയുടേത് മാത്രമല്ല, സത്യവേദത്തിന്റെ അടിസ്ഥാനനയങ്ങളിലൂന്നി പ്രവർത്തിക്കുന്ന സകലരുടേതുമാണ്.

ഏകദൈവത്തിലും മനുഷ്യസാഹോദര്യത്തിലും അവലംബിതമായ ഒരു ധർമശാസ്ത്രത്തിന് ഇടുങ്ങിയ താല്പര്യങ്ങളതിരിട്ടദേശീയതകളെ അംഗീകരിക്കാനാവുകയില്ല. കുടുംബംപോലെ സമൂഹം പോലെ വ്യവഹാര സൗകര്യത്തിനുവേണ്ടി അതിർത്തികളിട്ട രാഷ്ട്ര സങ്കല്പത്തെയും താൽക്കാലികവും വ്യാവഹാരികവുമായ അർഥൗചിത്യതലങ്ങളിൽ മാത്രമേ അംഗീകരിക്കാൻ കഴിയുകയുള്ളൂവെന്ും അന്തിമ വിശകലനത്തിൽ ലോകത്തിന്റെ അതിരുകളാൽ വലയിതമായ ഒരു വിശ്വ കുടുംബത്തിലാണ് ഇസ്‌ലാം അഥവാ

ജമാഅത്തെ ഇസ്‌ലാമി ഊന്നുന്നതെന്നും നാമറിയുക.

സാർവദേശീയതയിലും വിശ്വമാനവികതയിലുമാണ് ഇസ്‌ലാം വിശ്വസിക്കുന്നത്. സാർവദേശീയതയെന്നത് ദേശീയതയുടെ നിഷേധമല്ല വിപുലനമാണ്. വ്യാവഹാരികരീത്യാ ദേശീയത അംഗീകരിക്കപ്പെടുന്നുണ്ടെങ്കിലും അനിഷേധ്യമായ സത്യം സാർവദേശീയതയാണ്. ദേശസ്നേഹം ഒരു അരുതായ്മയാണെന്ന് ഇസ്‌ലാം കരുതുന്നില്ല. അതാവശ്യമാണെന്ന് നിഷ്കർഷിക്കുന്നുമുണ്ട്. ഗാന്ധിജി പറഞ്ഞതുപോലെ ദേശസ്നേഹം പ്രഫുല്ലമാകുമ്പോൾ സാർവദേശീയ സ്നേഹം പൂവിരിയും. കുടുംബത്തെ നിഷേധിച്ചുകൊണ്ടേ സമൂഹസ്നേഹം സാക്ഷാൽക്കരിക്കാനാവൂ എന്ന വാദം അപക്വവും ബാലിശവുമാണ്. ദേശസ്നേഹത്തെ അല്ല ദേശീയതയാണ് പരമം, ദേശീയതയാണ് നിയാമകം എന്ന വാദത്തെ അഥവാ തീവ്രദേശീയതയെയാണ് ജമാഅത്തെ ഇസ്‌ലാമി നിഷേധിക്കുന്നത്. അന്ധവും വിഭ്രാന്തവുമായ അളവിൽ കുടുംബസ്നേഹം തീവ്രവും രൂക്ഷവുമാകുമ്പോൾ അവിടെ ആദ്യം നഷ്ടപ്പെടുന്നത് അയൽപക്കമായിരിക്കും. ക്രമത്തിൽ സമുദായ ജീവിതം തന്നെ ദുസ്സാധ്യമായി ഭവിക്കും. ആധുനികലോകത്തിന്റെ അഭിശാപം പലയിടങ്ങളിലും പ്രകടമാക്കപ്പെടുന്ന തീവ്രദേശീയതയാണെന്ന് നാമറിയുന്നു.

1962-ൽ ദൽഹിയിൽ അശോക്മേത്തയുടെ അധ്യക്ഷതയിൽ ചേർന്ന ദേശോദ്ഗ്രഥന കൗൺസിലിൽ ജമാഅത്തെ ഇസ്‌ലാമി ഹിന്ദിന്റെ അഖിലേന്ത്യാ അമീർ സംശയച്ഛേദിയാംവിധം ദേശീയതയുടെ പ്രശ്നത്തെ വിശദീകരിച്ചിരുന്നു. ഒരു ഇസ്‌ലാമിക രാഷ്ട്രമായി പാക്കിസ്ഥാൻ മാറിയാൽ ഏതെങ്കിലുമൊരു ഘട്ടത്തിൽ ഇന്ത്യയുമായി അവർ സംഘർഷത്തിനൊരുങ്ങിയാൽ അന്ന് താങ്കളുടെ പ്രസ്ഥാനത്തിന്റെ നിലപാടെന്തായിരിക്കും' എന്ന കൗൺസിലിന്റെ ചോദ്യത്തിനുമുന്നിൽ, ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് കൗൺസിൽ സൂക്ഷിച്ചു പോരുന്ന ധാരണ തെറ്റാണെന്നും തിരുത്തപ്പെടേണ്ടതാണെന്നും വിശദീകരിച്ചപ്പോൾ ചോദ്യങ്ങൾ പിൻവലിക്കപ്പെടുകയാണുണ്ടായത്.

ഏകദൈവത്തിലും വിശ്വസാഹോദര്യത്തിലും അടിയുറച്ചു വിശ്വസിക്കുന്ന തങ്ങൾ ദേശീയതയെയല്ല സാർവദേശീയതയെയാണ് പരമമായും അന്തിമമായും കാണുന്നത് എന്നറിയിക്കുമ്പോൾ ജമാഅത്തെ ഇസ്‌ലാമിയുടെ രാജ്യസ്നേഹം ചോദ്യചെയ്യപ്പെടുന്നു! വ്യാവഹാരികമായ അർഥതലത്തിൽ മാത്രമേ ദേശീയതക്ക് അസ്തിത്വമുള്ളൂവെന്നും സാർവദേശീയതയാണ് സാക്ഷാൽക്കരിക്കപ്പെടേണ്ട വിശ്വമാനവ വിഭാവനയെന്നും ജമാഅത്തെ ഇസ്‌ലാമി കരുതുന്നു. ദേശീയത, വിശ്വമാനവികതയുടെ സംസ്ഥാപനം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് മൗലികമായി, അതിഗഹനമായി ചിന്തിച്ച ആധുനികനായ ആദ്യത്തെ പ്രതിഭാശാലിയാണ് മൗലാനാ മൗദൂദി. അദ്ദേഹത്തിന്റെ വാദമുഖങ്ങളുടെ മൗലികതയും യുക്തിഭദ്രതയും സർവാദൃതമായിരുന്നു.

ഖുർആൻ തെളിച്ചു കാട്ടുന്ന സത്യദീനിന്റെ സംസ്ഥാപനത്തിന് നിലകൊള്ളുന്ന തന്റെ പ്രസ്ഥാനം ആയിരം മുഖങ്ങളിലായി ജീവിക്കുന്ന സകലമാന അടിമത്തങ്ങളെയും അറുത്തെറിഞ്ഞ് ദൈവത്തിന്റെ അടിമത്തം സ്വീകരിക്കാൻ നിലകൊള്ളുകയാണെന്ന് മൗദൂദി പ്രഖ്യാപിച്ചിട്ടുണ്ട്. ഇസ്‌ലാമികനിയമപ്രമാ

ണങ്ങൾക്കും താല്പര്യങ്ങൾക്കും താൻ മറ്റേത താല്പര്യങ്ങളെക്കാളും പ്രാമുഖ്യ നല്കുന്നുവെന്നും അവ തമ്മിലിടയേണ്ടിവരുന്ന സന്ദർഭങ്ങളിൽ ഇസ്‌ലാമിന്റെ അണിയിൽ നിന്നുകൊണ്ട് പൊരുതാൻ മടിക്കുകയില്ലെന്നും അവയെല്ലാം സത്യവേദത്തെ സാക്ഷാൽക്കരിക്കാനുള്ള കാലാവസ്ഥ വിരചിക്കാനാണെന്നും മൗദൂദി വ്യക്തമാക്കിയിട്ടുണ്ട്. ദീനും ദുനിയാവും അഭിന്നമാണെന്നും മതമുക്തമായ രാഷ്ട്രീയം സ്വേഛാധിപത്യപരമാണെന്നും അദ്ദേഹം ശക്തിയുക്തം വാദിക്കുന്നു. വിട്ടുവീഴ്ചയില്ലാത്ത, നിരങ്കുശ സ്വഭാവമിയന്ന ദർശനപരതയാണ് മൗദൂദിയുടെ മുഖമുദ്ര.

ഭൂരിപക്ഷത്തിന്റെ ഭരണവിധാനം എന്ന നിലയിൽ ജനാധിപത്യത്തെ സത്യവേദമംഗീകരിക്കുന്നു. സൈനിക സാമ്രാജ്യത്വ ഭരണരീതികളെ ഇസ്‌ലാം വെറുക്കുന്നു. ജനാഭിപ്രായമാണ് ഭരണകൂടത്തെ രൂപപ്പെടുത്തേണ്ടത് എന്ന സമീപനമാണ് ഇസ്‌ലാമിന്റേത്. ഭരണവിധാനത്തിൽ ശബ്ദവും സ്വാധീനതയുമില്ലാത്ത ആരുമുണ്ടാവരുത് എന്ന് ഇസ്‌ലാം നിഷ്കർഷിക്കുന്നു. സമാധാനവും സ്വൈരവും പുലരുന്ന സാമൂഹ്യാന്തരീക്ഷം സാക്ഷാൽക്കരിക്കാൻ ആത്മത്യാഗത്തിന്റെ ആഴങ്ങളോളം ഇറങ്ങിച്ചെന്ന പ്രവാചകനെക്കാണാം ഹുദൈബിയ പോലുള്ള വിശ്രുതസന്ധികളിൽ.

ഭൂരിപക്ഷത്തിന്റെ ഭരണകൂടമാണ് ജനാധിപത്യം എന്ന നിർവചനത്തോട് യോജിക്കുന്ന ജമാഅത്തെ ഇസ്‌ലാമി ജനഹിതമാണ് നിയാമകം എന്ന ആശയത്തിന്റെ അനുഗാതാക്കൾ തന്നെയാണ്. വ്യവസ്ഥാപിത നിയമങ്ങളുടെ ഭരണമാണ് ജനാധിപത്യം എന്നതുകൊണ്ട് വ്യക്തിഹിതത്താൽ വികലമാക്കപ്പെടുന്ന രാജാധിപത്യത്തോടും പട്ടാളഭരണത്തോടും ജമാഅത്തെ ഇസ്‌ലാമി വിപ്രതിപത്തി കാട്ടുന്നു. അഭിപ്രായസ്വാതന്ത്ര്യം ജനഹിതത്തിന്റെ പ്രതിഫലനവുമനുഭവപ്പെടാത്ത സ്വേഛാധിപത്യത്തിന്റെ ഭരണവിധാനങ്ങളാണവയെന്നും ഇസ്‌ലാം നാഗരികതയ്ക്ക് അവയുമായി സഹവസിക്കാൻ വയ്യെന്നും ജമാഅത്തെ ഇസ്‌ലാമി വാദിക്കുന്നു.

ഭൂരിപക്ഷജനഹിതം ജനാധിപത്യത്തിന്റെ അവലംബശിലയാണെന്നും നിയമങ്ങളുടെ ഭരണമാണ് ജനാധിപത്യമെന്നും സമ്മതിക്കുമ്പോൾ തന്നെ, നിയമമാണ് നിയാമകമെങ്കിൽ ആ അടിസ്ഥാനനിയമങ്ങളുടെ സംരചനാധികാരം സകലജ്ഞനും സകലാധിനാഥ സർവാദൃതനുമായ ദൈവത്തിനുള്ളതാണെന്ന് ജമാഅത്തെ ഇസ്‌ലാമി കരുതുന്നു.ദൈവഹിതത്താൽ പരിസീമിതമാണ് മനുഷ്യന്റെ വിചാരശേഷിയും വിലയിരുത്തലും വിഭാവനകളുമെങ്കിൽ യഥാർഥത്തിലുള്ള ശരിതെറ്റുകൾ നിർണയിക്കാനുള്ള അവകാശം അവന്നുള്ളതല്ല. 'നാലാൾ പറഞ്ഞാൽ നാടും വഴങ്ങണം' എന്നത് ജനാധിപത്യത്തിലെ പ്രചുരമായ ഒരു ചൊല്ലാണെങ്കിലും ഭൂരിപക്ഷമെന്നും സത്യത്തിന്റേയും നീതിയുടെയും വെളുത്തപക്ഷമായിരിക്കുമെന്നവകാശപ്പെടാൻ പറ്റുമോ? ആൾക്കൂട്ടത്തിന്റെ സ്വരമാണ് ജനാധിപത്യത്തിലെ സത്യം. പിന്തുണക്കാനാളില്ലെങ്കിൽ സത്യമവിടെ പരിഹാസ്യമാം വിധം പരത്യജിക്കപ്പെടുന്നു! ഇത് നീതിയുടെ വിധാനമല്ലെന്ന് ജമാഅത്തെ ഇസ്‌ലാമി വാദിക്കുമ്പോൾ അതിന്റെ യുക്തിപരത അവഗണിക്കപ്പെട്ടുകൂടാ. സകലജ്ഞനും സകലാധി

നാഥനും നീതിജ്ഞനുമായ ദൈവത്തിന്റെ ഹിതമായിരിക്കണം നിയമങ്ങൾക്ക് നിയാമകം എന്ന മനോഭാവത്തിനു പിന്നിൽ സത്യവേദ സംസ്കൃതിയല്ലാതെ മറ്റൊന്നല്ല.

വിശ്വാസവിശുദ്ധിയിലൂന്നിയ ഒരു വിചാരശില്പത്തെ യുക്ത്യനുഭവങ്ങളുടെ ശാണഘർഷത്തിന് വിധേയമാക്കി, സകലാർഥത്തിലും പരിഭദ്രമാക്കി ഒരു പ്രത്യയശാസ്ത്രത്തിന്റെ പരിവേഷമണിയിച്ച് ദീനിൽ നിർബന്ധമില്ല എന്ന വേദസൂക്തത്തിന്റെ പ്രതിസ്പന്ദനം പോലെ തോന്നിക്കുന്ന ഇഷ്ടമുള്ളവർക്ക് സ്വീകരിക്കാം, വേണ്ടാത്തവർക്ക് തള്ളാം' എന്ന ഉദാരസമീപനത്തോടെ ജമാഅത്തെ ഇസ്‌ലാമി ലോകത്തിനുമുന്നിൽ, അഥവാ സത്യവേദ വിശ്വാസികൾക്ക് മുന്നിൽ സമർപ്പിക്കുന്നു.സത്യവേദ വിശ്വാസമംഗീകരിക്കുക എന്നത് അതിന്റെ മുന്നുപാധിയാണ്. കാരണം അതിന്റെ പ്രബോധനവും പ്രചാരണവും പ്രയോഗവൽക്കരണവുമാണ് പ്രസ്ഥാനത്തിന്റെ വിഭാവിത ലക്ഷ്യവും കർമതലവും. ഖിലാഫത്തിന്റെ കാലത്ത് തീർത്തും പ്രയോഗക്ഷമം എന്ന് ബോധ്യപ്പെട്ട ഒരു ദർശന സമുച്ചയത്തെ പുനരാനയിച്ചുകൊണ്ട് മനുഷ്യ സാമാന്യത്തെ പ്രകാശത്തിലേക്ക് നയിക്കണം എന്ന തീക്ഷ്ണമായ അഭിനിവേശമായിരുന്നു പ്രസ്ഥാന സാരഥിയായ അബുൽഅഅ്‌ലാ മൗദൂദി പ്രകടിപ്പിച്ചത്.

മുൻവിധിയില്ലാതെ, നിരുപാധികം ചർച്ച ചെയ്യപ്പെടേണ്ട വളരെ ചിരന്തനമായ, എന്നാൽ നിത്യനൂതനത്വമവകാശപ്പെടാൻ പോരുന്ന ഒരു ദർശനവിശേഷമാണ് ജമാഅത്തെ ഇസ്‌ലാമിയുടെ പ്രത്യയശാസ്ത്രമെന്ന് ഞാൻ കരുതുന്നു. ജമാഅത്തെ ഇസ്‌ലാമി ഒരു രാഷ്ട്രീയ സംഘടനയോ മതസ്ഥാപനമോ അല്ല. (സൂക്ഷ്മാർഥത്തിൽ ഇസ്‌ലാമിക ദർശനത്തെ ഒരു മതമായി കാണാൻ മടിക്കുന്ന ഒരു മനസ്സിന്റെ വിലയിരുത്തലാണിത്- ഇസ്‌ലാം ഒരു മതാതീതമതമാണ്.) അന്നിലയിൽ ഏകേശ്വരവിശ്വാസവും വിശ്വാസാഹോദര്യവും അതിലൂടെ രൂപപ്പെടുന്ന വിശ്വമാനവികകുടുംബവും വിഭാവിത ലക്ഷ്യമായുള്ള ജമാഅത്തെ ഇസ്‌ലാമിക്ക് ഔപചാരിക സ്വഭാവത്തിലുള്ള സംഘടനാ സ്വരൂപം പോലും അനുചിതമാണെന്നാണ് എന്റെ വിനയപൂർവകമായ തോന്നൽ. സാങ്കേതികവും ഔപചാരികവുമായ ഒരു ചട്ടക്കൂടിനുള്ളിൽ ഒരുങ്ങി നിൽക്കാത്ത ഒരു പ്രകൃതമതിനുണ്ട്. മെമ്പർഷിപ്പും വരിസംഖ്യയും ഔപചാരികതയും വരുമ്പോൾ ജമാഅത്തെ ഇസ്‌ലാമിയും ഒരു 'കോംഗ്രസ്സാകും'. ഇസ്‌ലാം ദർശനത്തെ സാർവജനീനമായ ഒരു മതാതീതമതമായി, മാനവ ദർശനമായിക്കാണാൻ കൊതിക്കുന്ന ഞാൻ ആഗ്രഹിക്കുന്നതും പ്രാർഥിക്കുന്നതും 'ജമാഅത്തെ ഇസ്‌ലാമി, അതർഹിക്കുന്നതുപോലെ എങ്ങനെയൊരു അനൗപചാരിക വിശ്വമാനവിക സ്ഥാപനമായി മാറും ദൈവമേ' എന്നാണ്.

## പ്രകാശം പരത്തുന്ന പ്രസ്ഥാനം

ആ പ്രസ്ഥാനം പ്രസരിപ്പിക്കുന്നത് പ്രകാശമാണ്.

ദൈവവിശ്വാസത്തിന്റെയും വിശ്വസാഹോദര്യത്തിന്റെയും പ്രകാശം

നിരാശതയിൽനിന്ന് വിശ്വാസത്തെ വിളയിച്ചെടുക്കുന്ന പ്രത്യാശയുടെ പ്രകാശം.

ഒരു പ്രസ്ഥാനത്തിന്റെ പ്രകൃതവും പ്രയോജനവും കീർത്തിക്കുന്ന ഈ

തലക്കുറിതന്നെ സ്വയം പ്രകാശമാണ്. കൃശഗാത്രനായ കുട്ടിൽ മുഹമ്മദലി വിചാര സമ്പന്നതകൊണ്ട് കരുത്തനാണ്. ഗ്രന്ഥവും കാഴ്ചയിൽ ചെറുതാണ്. എങ്കിലും വേഴ്ചയിൽ ബോധ്യപ്പെടും ഇതൊരു ഗൗരവമുള്ള ശില്പമാണെന്ന്. ആഖ്യാന രീതി കവിതപോലെ സുന്ദരം, കൽക്കണ്ടം പോലെ ആകണ്ഠം മധുരം.

ചില സുവർണബിന്ദുക്കളിതാ:

ഭൂമിയിൽ കാലൂന്നി നക്ഷത്രങ്ങളിലേക്ക് നോക്കുമ്പോൾ പ്രവാചകൻ.
മണ്ണും വിണ്ണും ഒന്നിച്ച സങ്കര സൃഷ്ടി- മനുഷ്യൻ
സ്വന്തരമായ ഒരു സ്വപ്നം പോലെ- ആകാശം
ഛന്ദസ്സാർന്ന ഒരു കവിതപോലെ - ഭൂമി
ജനിമൃതികൾക്കിടയിൽ ഒരു ക്ഷണികജീവിതം
പ്രവാചകൻമാർ പിറക്കുമ്പോൾ മരുഭൂമിയിൽ പൂക്കുന്നു.
ഇതുപോലെത്രയെത്ര!

ഇസ്‌ലാമിക സംസ്കൃതിയുടെ പ്രബോധനപ്രമുഖമായ പ്രചാരണം പ്രയോഗവൽക്കരണം എന്നിവയോട് പ്രതിജ്ഞാബദ്ധത സൂക്ഷിക്കുന്ന ജമാഅത്തെ ഇസ്‌ലാമിയെ പരിചയപ്പെടുത്താൻ തയ്യാറാക്കിയ ഈ ഗ്രന്ഥം ക്രമപൂർവകമായ വിചാരവിനിവേശം കൊണ്ടും വാചംയമിത്വം കൊണ്ടും ഒരു മഹദ്ഗ്രന്ഥത്തിന്റെ ലാക്ഷണികൗന്നത്യത്തിലേക്ക് കയറി നിൽക്കുന്നു. സാധാരണ നിലയിൽ സംഘടനാപരിചയം സാധിക്കുന്ന വിരസമായ ഒരു ലഘുകൃതിയായി മാത്രം കരുതാവുന്ന ഒരു പുസ്തകത്തെ ഇത്രമേൽ പ്രൗഢവും കമനീയവും കാവ്യസുന്ദരവുമാക്കി മാറ്റി രൂപപ്പെടുത്തിക്കണ്ട മറ്റൊരനുഭവം എന്റെ ഓർമയിലില്ല.

ജമാഅത്തെ ഇസ്‌ലാമിയുടെ 'ഗീതാഞ്ജലി'യായി ഈ ഗ്രന്ഥം കീർത്തിക്കപ്പെടും എന്ന് ഞാൻ കരുതുന്നു. സാഭിമാനം അനുവാചകസമക്ഷം അവതരിപ്പിക്കുന്നു.

**വാണിദാസ് എളയാവൂർ**

# ഭാഗം ഒന്ന്
# വെളിച്ചം

## ഒന്ന്

'പ്രകാശം പരത്തുന്ന പ്രസ്ഥാനം' എന്ന ശീർഷകത്തിന് ടി. പത്മനാഭന്റെ പ്രശസ്തമായ ഒരു കഥയോട് കടപ്പാടുണ്ട്. ആത്മഹത്യ ചെയ്യാൻ തീരുമാനിച്ച ഒരാൾ നിഷ്കളങ്കയായ ഒരു കൊച്ചു പെൺകുട്ടിയെ യദൃശ്ചയാ കണ്ടുമുട്ടുന്നതും അവൾ അയാളെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നതുമാണ് ഈ കഥയുടെ ഇതിവൃത്തം. കഥാകൃത്ത് അവളെ 'പ്രകാശം പരത്തുന്ന പെൺകുട്ടി' എന്ന് വിളിച്ചു. ജമാഅത്തെ ഇസ്‌ലാമിയുമായി ഈ കഥയ്ക്കെന്ത് ബന്ധമെന്ന ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരമില്ല. പക്ഷേ, ഒന്നുണ്ട്; ജമാഅത്തെ ഇസ്‌ലാമിയെ പരിചയപ്പെടുത്താൻ കൂടുതൽ അനുയോജ്യമായ മറ്റൊരു പ്രയോഗം വേറെയില്ല. അതുകൊണ്ടാണ് ഈ കടമിടപാട്. യഥാർഥത്തിൽ ഇവിടെ കട ബാധ്യതയുടെ പ്രശ്നമൊന്നുമില്ല. വിശുദ്ധ ഗ്രന്ഥങ്ങളെയും പ്രവാചകൻമാരെയും ദൈവം അങ്ങനെ വിശേഷിപ്പിച്ചിട്ടുണ്ട്. ദൈവം തന്നെ ഭുവന-വാനങ്ങളുടെ പ്രകാശമാണല്ലോ.[1]

ജമാഅത്തെ ഇസ്‌ലാമിക്ക് ഈ വിശേഷണം ഒരു ആരോപണമാണെന്ന് കരുതുന്നവരുണ്ടാകും. ആരോ പറഞ്ഞുകേട്ടതാണ് ജമാഅത്തിനെപ്പറ്റി അവർക്കുള്ള അറിവ്. ഒരു സംഘടനയെക്കുറിച്ച് ഇങ്ങനെ മനസ്സിലാക്കാൻ പാടില്ലാത്തതാണ്; വ്യക്തിയെക്കുറിച്ചും ഇങ്ങനെയല്ല മനസ്സിലാക്കേണ്ടത്. നേരിട്ട് അറിയാൻ മാർഗങ്ങളുള്ളപ്പോൾ വിശേഷിച്ചും. നമ്മുടെ നാട്, പക്ഷേ, ഇങ്ങനെ ആയിപ്പോയി. അനുഭവങ്ങളെ നിഷേധിച്ചും ആരോപണങ്ങളെ വിശ്വസിക്കുന്നു അത്!

## രണ്ട്

വെളിച്ചം ഔഷധഗുണമുള്ള ഒരു വാക്കാണ്. വിവരണാതീതമായ അനുഭവം. സാരത്തിന്റെ സാരവും ചൈതന്യത്തിന്റെ ചൈതന്യവുമാണത്. വെളിച്ചത്തിനെന്തൊരു വെളിച്ചമെന്ന് ബഷീർ പറഞ്ഞില്ലേ. വെളിച്ചത്തിനുമേൽ വെളിച്ചമെന്ന് ദൈവം തന്നെ പറഞ്ഞിട്ടുണ്ടല്ലോ.

വെളിച്ചം കാണുമ്പോൾ മനം കുളിർക്കുന്നു. വെളിച്ചത്തിന്റെ വഴിത്താരയിലാണ് വിവേകവും വികാസവും. അതിന്റെ പൂമരത്തിലാണ് സ്നേഹവും കാരുണ്യവും. അതിന്റെ നിറവിലാണ് യുക്തിയും ഭക്തിയും. ജീവിതത്തിന്റെയും പ്രപഞ്ചത്തിന്റെയും നിഗൂഢതകൾ അനാവരണം ചെയ്യുന്ന കണ്ണും കണ്ണാടിയുമാണത്. വെളിച്ചമില്ലെങ്കിൽ പിന്നെ ഇരുട്ടാണ്. ഇരുട്ടിൽ ഒന്നുമില്ല; ഭീകരതമാത്രം.

വെളിച്ചത്തിലേക്കൊരു വഴി! അതിലേക്ക് ചൂണ്ടുന്നു വിശുദ്ധ ഗ്രന്ഥങ്ങൾ; പുണ്യപ്രവാചകൻമാർ.[2] ഇത് വിളിച്ചുപറയുന്നു ജമാഅത്തെ ഇസ്‌ലാമി. അതുകൊണ്ട് ജമാഅത്തെ ഇസ്‌ലാമിയെ വായിക്കുകയും കേൾക്കുകയും ആവശ്യമായിത്തീരുന്നു നമുക്ക്.

## മൂന്ന്

ജമാഅത്തെ ഇസ്‌ലാമി ഒരു മതസംഘടനയാണെന്ന് രാഷ്ട്രീയക്കാരും രാഷ്ട്രീയ സംഘടയാണെന്ന് ചില മതവിശ്വാസികളും ധരിച്ചുവെച്ചിട്ടുണ്ട്. ഇതിന് അവരെ കുറ്റപ്പെടുത്തിക്കൂടാ. ജമാഅത്തെ ഇസ്‌ലാമിയിൽ മതവും രാഷ്ട്രീയവുമുണ്ട്. എന്നാൽ ചിരപരിചിതമായ അർഥത്തിലുള്ള മതസംഘടനയോ രാഷ്ട്രീയസംഘടനയോ അല്ല അത്. ഒരു സംഘടനയെ ഇന്ന് വേർതിരിച്ചു നിർത്താവുന്ന ഒരു കള്ളിയിലും അത് ഒതുങ്ങില്ല. ജീവിതത്തിന്റെ എല്ലാ കള്ളികളിലും വ്യാപരിക്കുന്നു അത്. സർവസ്പർശിയാണ് അതിന്റെ ഇടപെടലുകൾ.

പ്രവാചകൻമാർ അങ്ങനെയായിരുന്നു. ജീവിതത്തിന്റെ എല്ലാ തുറകളിലും നിറഞ്ഞുനിന്നവർ. ഭൂമിയിൽ കാലൂന്നി നിക്ഷത്രങ്ങളിലേക്ക് നോക്കിയവർ. അധ്വാനിക്കുകയും ആരാധിക്കുകയും ചെയ്തവർ. ജീവിതത്തിന്റെ ഇരുപുറങ്ങളും വായിച്ചവർ. വേദഗ്രന്ഥവും ഇതുപോലെ. എല്ലാമുണ്ടതിൽ- വ്യക്തിയും സമൂഹവും; ആത്മാവും ശരീരവും; അധ്വാനവും ആരാധനയും; യുദ്ധവും സമാധാനവും; ഇഹലോകവും പരലോകവും- ജീവിതം അതിൽ പരന്നു കിടക്കുന്നു. ജമാഅത്തെ ഇസ്‌ലാമി നിൽക്കുന്നത് വിശുദ്ധഗ്രന്ഥത്തിന്റെ തണലിൽ; പ്രവാചകൻമാരുടെ പാതയിൽ. കൃത്രിമവിഭജനങ്ങൾക്കൊന്നും വഴങ്ങുകയില്ല അത്.

## നാല്

ആദിയിൽ അല്ലാഹു ആദമിനെ സൃഷ്ടിച്ചു. മണ്ണും വിണ്ണും ഒന്നിച്ച സങ്കരസൃഷ്ടിയാണ് മനുഷ്യൻ.[3] രണ്ടിന്റെയും ലക്ഷണം അവൻ കാണിക്കും. മൃഗത്തെക്കാൾ താഴാനും മാലാഖയെക്കാൾ ഉയരാനും അവനു സാധിക്കും. ആത്മീയതയും ഭൗതികതയും കൂടിച്ചേർന്നപ്പോഴുണ്ടായ മനോജ്ഞ സംഗീതമാണ് മനുഷ്യൻ. 'മനുഷ്യൻ! എത്ര സുന്ദരമായ പദം' എന്ന് ഗോർക്കി പറഞ്ഞിട്ടു ണ്ട്. ബുദ്ധിയും ഭാവനയും ഇതര ജീവികളിൽ നിന്ന് മനുഷ്യനെ വേർതിരിക്കുന്നു. അവൻ യന്ത്രം കണ്ടുപിടിച്ചു. കവിത രചിച്ചു. ശാസ്ത്രവും കലയും അവന്റെ സംഭാവനകൾ. മതത്തിന്റെയോ ശാസ്ത്രത്തിന്റെയോ ഒറ്റക്കള്ളിയിൽ ഒതുങ്ങുന്നതല്ല അവന്റെ വ്യക്തിത്വം. മണ്ണിൽ വിരിഞ്ഞ ഈ കലാസൃഷ്ടിയെ ദൈവം ആത്മാവ് കൊണ്ട് അനുഗ്രഹിച്ചിരിക്കുന്നു. ഖുർആനിൽ ഇങ്ങനെ ഒരു വചനമുണ്ട്: 'ആത്മാവെന്താണെന്ന് അവർ ചോദിക്കുന്നു; പറയുക: അത് ദൈവത്തിന്റെ വിഷയമാണ്'. ദൈവത്തിന്റെ സഹായമില്ലാതെ മനുഷ്യനെ വായിക്കാനാവില്ല. "വായിക്കുക, സ്രഷ്ടാവായ നിന്റെ നാഥന്റെ നാമത്തിൽ."[4]

ഈ പ്രപഞ്ചം- അറിയുംതോറും നമ്മുടെ അറിവിനെ കൊച്ചാക്കുന്നു ഈ അണ്ഡകടാഹം! നിഗൂഢതയിൽ പൊതിഞ്ഞ ഈ ജീവിതം. ദൈവത്തിന്റെ വെളിച്ചമില്ലെങ്കിൽ ഇവ യെല്ലാം ദുർഗ്രാഹ്യമാകും.

## അഞ്ച്

സീനായ് മലയ്ക്കു മുകളിൽ മോസസ് വെളിച്ചം കണ്ടു. ഹിറാഗുഹയിൽ മുഹമ്മദ് നബിയും. ബോധിവൃക്ഷച്ചുവട്ടിലും വെളിച്ചമുണ്ടായിരുന്നു. വെളിച്ചം തേടിയുള്ള യാത്ര നമ്മെ പ്രവാചകസന്നിധികളിലെത്തിക്കുന്നു. അവിടെ തണലുണ്ട്; തെളിനീരുണ്ട്. ജീവിതത്തിന്റെ സാരവും സൗന്ദര്യവുമുണ്ട്. ഉത്തരമില്ലാത്ത ചോദ്യങ്ങൾക്ക് ഉത്തരമുണ്ട്. എല്ലാ ഭാരങ്ങളും ഇറക്കിവെക്കാനുള്ള അത്താണിയും.[5]

പ്രവാചകൻ– ദൈവത്തിന്റെ വെളിച്ചവാഹകൻ. ദൈവം പ്രവാചകൻമാരോട് സംവദിച്ചു. പ്രവാചകൻമാർ ജനങ്ങളോടും. അറിവിന്റെ പുതിയൊരു വഴി അവരിലൂടെ നമുക്കു തുറന്നുകിട്ടി. ഈ അറിവ് ശാസ്ത്രത്തിനും യുക്തിക്കുമെതിരല്ല. അവയ്ക്കതീതമാണ്. പഞ്ചേന്ദ്രിയങ്ങളുടെ പരിമിതികൾ ഭേദിക്കുന്ന പരമജ്ഞാനം. കാലങ്ങളെ അതിജീവിക്കുന്ന ശാശ്വതജ്ഞാനം.

പ്രവാചകൻമാർ പിറക്കുമ്പോൾ മരുഭൂമികൾ പൂക്കുന്നു. അവിടെ മൂല്യങ്ങളുടെ റോസാദളങ്ങൾ വിടരുന്നു. ആകാശം ഭൂമിയെ ചുംബിക്കുന്ന അനർഘനിമിഷം. ഹൃദയങ്ങൾ കരുണാർദ്രമാവുകയും മസ്തിഷ്കം കൂർമമാവുകയും ചെയ്യുന്ന കാലം. സംസ്കാരവും നാഗരികതയും ഒപ്പത്തിനൊപ്പം അവിടെ ചുവട് വെയ്ക്കുന്നു. വികസനത്തിന്റെ സന്തുലിതാവസ്ഥ. ഒരു സംഗീതംപോലെ അപ്പോൾ ലോകം. പ്രവാചകയുഗങ്ങളിലല്ലാതെ വികസനത്തിന്റെ ഈ ലയം സംഭവിച്ചിട്ടില്ല.

# ആറ്

ആദിമമനുഷ്യനെ മുതൽ ആധുനികമനുഷ്യനെ വരെ അമ്പരപ്പിച്ച ഭൂമിയും വാനവും. പ്രപഞ്ചത്തെപ്പറ്റിയുള്ള അറിവിന്റെ ഭാരംകൊണ്ട് വിനയാന്വിതനായി ശിരസ്സ് നമിച്ചത് ന്യൂട്ടനാണ്. ഐൻസ്റ്റീനും അത് തന്നെ ചെയ്തു. ജിനോം രഹസ്യങ്ങൾ നമ്മെ കൂടുതൽ നമ്രശിരസ്കരാക്കുന്നു. ദൈവമേ! എന്ന വിളി ഇപ്പോൾ വേറെ എവിടെ നിന്നുമല്ല; നമ്മുടെ ഉള്ളിൽനിന്ന് തന്നെയാണ്.

ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ, അനന്തകോടി നക്ഷത്രങ്ങൾ! സുന്ദരമായ ഒരു സ്വപ്നം പോലെ ആകാശം. കാടും ആറും പർവതവും സമതലവും മരുഭൂമിയും കടലും! ഛന്ദസ്സാർന്ന ഒരു കവിതപോലെ ഭൂമി. ഭൂമി ആകാശത്ത് രചിച്ച കവിത എന്ന് ഖലീൽ ജിബ്രാൻ വിശേഷിപ്പിച്ച ഒരു മരം മതി മനുഷ്യനെ അത്ഭുതപ്പെടുത്താൻ. ഹരിതാഭമായ ഇലകൾ, വർണാഭമായ പൂക്കൾ, തേനൂറും പഴങ്ങൾ. പിന്നെ ഇളം തെന്നൽ. ചില്ലകളുടെ ചാഞ്ചാട്ടവും കിളികളുടെ കൂജനവും. മത്ത്പിടിപ്പിക്കുന്ന മനോഹാരിത. ഇടി, മിന്നൽ, കൊടുങ്കാറ്റ്, പ്രളയം, വരൾച്ച, അഗ്നിപർവതം, ഭൂകമ്പം. ഇത് മനോഹാരിതയുടെ മറുവശം.

ജനനം, മരണം. ജനിമൃതികൾക്കിടയിൽ ഒരു ക്ഷണികജീവിതം. അതിൽ സന്തോഷം, ദുഃഖം; മനുഷ്യന്റെ നിയന്ത്രണങ്ങൾക്കതീതമായ ധാരാളം കാര്യങ്ങൾ. എന്തുകൊണ്ട് ഇതെല്ലാം?

ഇതെക്കുറിച്ചെല്ലാം മനുഷ്യൻ ചിന്തിച്ചിട്ടുണ്ട്. ജീവിതത്തിന്റെ നിഗൂഢതകളിലേക്ക് അവന്റെ ചിന്ത ആണ്ടിറങ്ങിയിട്ടുണ്ട്. കലയും ശാസ്ത്രവും ദർശനങ്ങളുമെല്ലാം അങ്ങനെ ഉണ്ടായതാണ്. ഇവയെല്ലാം മനുഷ്യന് ഗുണം ചെയ്തിട്ടുണ്ട്. എന്നാൽ അവന്റെ ജിജ്ഞാസയ്ക്കും അസ്വാസ്ഥ്യത്തിനും അറുതിയായില്ല.

കലയിൽ അത്യുക്തിയുണ്ട്. ഭാവനയുടെ അതിപ്രസരം. അതിൽ കൃത്യമായ ശരിയില്ല. ദർശനങ്ങൾ തെറ്റിയിട്ടുണ്ട്. അനുഭവങ്ങൾ അവയെ തോല്പിച്ചുകളഞ്ഞു. ശാസ്ത്രം ഇവയിൽ നിന്ന് ഭിന്നമാണ്. ശാസ്ത്രം സത്യമാണ്. പക്ഷേ, ഇന്നത്തെ സത്യം. നാളത്തെ സത്യം ഇതായിക്കൊള്ളണമെന്നില്ല. ശാസ്ത്രം നമ്മുടെ എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടിയല്ല. വളരെ കുറച്ചു ചോദ്യങ്ങൾക്കേ അത് സമാധാനമാകുന്നുള്ളൂ. പ്രപഞ്ചത്തിന്റെയും ജീവിതത്തിന്റെയും നിഗൂഢതകൾ പൂർണമായി അനാവരണം ചെയ്യാൻ അതിനു സാധിച്ചില്ല. കൂടാതെ, ശാസ്ത്രത്തിന്റെ ഉപോല്പന്നം- സാങ്കേതികവിദ്യ- നമ്മെ നടുക്കിക്കൊണ്ടിരിക്കുന്നു. ജീവിതത്തെയും പ്രപഞ്ചത്തെയും വിലയിരുത്തിയതിൽ നമുക്ക് തെറ്റിയോ?

# ഏഴ്

മതം കഴിഞ്ഞ നൂറ്റാണ്ടിന്റെ മനം മടുപ്പിച്ച പദമാണ്. ദൈവവും അങ്ങനെ തന്നെ. ഇപ്പോൾ മതത്തിനും ദൈവത്തിനും പ്രിയം കൂടിവരുന്നുണ്ട്; ശരിയായ ദിശയിലൂടെയല്ല ഈ പ്രിയം വർദ്ധിച്ചതെങ്കിലും. അതിനാൽ ദൈവത്തെയും മതത്തെയും പറ്റിയുള്ള ഏത് ചർച്ചയും കാലത്തിൽനിന്ന് വേറിട്ടുവേണം; മതത്തെയും ദൈവത്തെയും സംബന്ധിച്ചുള്ള ആശയത്തെ അതിന്റെ തനിമയിൽ നിറുത്തി വേണം. ഏതാണ് ആ തനിമ? ദൈവദൂതൻമാർ പരിചയപ്പെടുത്തിയ ദൈവം; അവർ പ്രബോധനം ചെയ്ത മതം.

ജീവിതത്തെയും പ്രപഞ്ചത്തെയും പറ്റി ഈ മതത്തിന് സ്വന്തമായ കാഴ്ചപ്പാടുണ്ട്. അത് കലാ-സാഹിത്യ ദർശനങ്ങളിൽനിന്ന് വ്യത്യസ്തമാണ്. ശാസ്ത്രം കാണുന്നതിന് അപ്പുറവുമാണ്. മതം ശാസ്ത്രത്തിനു പിന്നിലല്ല; മുന്നിലാണ്. പ്രവാചകൻമാർ പകർന്ന അറിവ് പഞ്ചേന്ദ്രിയങ്ങൾക്കപ്പുറത്തുള്ളതാണ്. അത് വെളിപാടാണ്. വെളിപാടുകൊണ്ടല്ലാതെ ജീവിതത്തിന്റെ നിഗൂഢതകൾ നീക്കാനാവില്ല.

ദൈവദൂതൻമാർ വിളംബരം ചെയ്ത അറിവുകൾ ഗൗരവപൂർവം പരിശോധിക്കപ്പെടേണ്ടതുണ്ട്. പാരമ്പര്യമായി പകർന്നു കിട്ടേണ്ടതല്ല ദൈവവിശ്വാസം. പ്രപഞ്ചത്തെയും ജീവിതത്തെയും സംബന്ധിച്ച അഗാധജ്ഞാനത്തിൽനിന്ന് ഉറവയെടുക്കേണ്ടതാണത്. ജമാഅത്തെ ഇസ്‌ലാമിയുടെ ദൗത്യം പ്രധാനമായും ഇവിടെ കേന്ദ്രീകരിച്ചിരിക്കുന്നു. അത് ദൈവത്തിലേക്ക് ചൂണ്ടുന്നു. പ്രവാചകൻമാരുടെ സന്ദേശം പ്രചരിപ്പിച്ച് ജീവിതത്തിന് സാരവും സൗന്ദര്യവും നല്കാൻ ശ്രമിക്കുന്നു. ഒരു പ്രത്യേക സമുദായത്തിന്റെ വർണം നല്കി ജമാഅത്തെ ഇസ്‌ലാമിയെ ലിമിറ്റ് ചെയ്യുന്നത് ശരിയായിരിക്കില്ല.

## എട്ട്

ആരാണ് ദൈവം? ആരെയും ഉത്തരം മുട്ടിക്കുന്ന ചോദ്യം. ദൈവം ദൈവമാണ് എന്നു പറയുന്നതാകും ശരി. ഉപമയില്ലാത്തവൻ. അവനു മോഡലില്ല. ഇല്ലാത്ത അവന്റെ മോഡലിനുപോലും ഒരു മോഡലില്ല.[6] പ്രപഞ്ചത്തിന്റെ അധിപതി, രാജാവെന്നൊക്കെപ്പറഞ്ഞാൽ ചെറുതായിപ്പോകും. സൗകര്യത്തിനുവേണ്ടി മാത്രം രാജാവെന്നും അധിപതിയെന്നുമൊക്കെ വിളിക്കാം. മനുഷ്യന്റെ ഒരു പരിമിതിയും ദൈവത്തിനില്ല. അവൻ സർവശക്തൻ; സർവജ്ഞൻ. അവനെപ്പറ്റി നമുക്കറിയാവുന്നത് പ്രവാചകൻമാർ അറിയിച്ചത് മാത്രം.

പ്രപഞ്ചം ദൈവത്തെ അനുസരിക്കുന്നു. വൃക്ഷ-ലതാദികളും പക്ഷി-മൃഗാദികളും അവനെ അനുസരിക്കുന്നു. ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ, കോടാനുകോടി നക്ഷത്രങ്ങൾ- എല്ലാം അവനെ അനുസരിക്കുന്നു. ഇക്കാണുന്ന ക്രമത്തിന്റെ രഹസ്യം ഈ അനുസരണയാണ്. പ്രപഞ്ചത്തിന്റെ നിലനിൽപ് അനുസരണയിലാണ്. പ്രപഞ്ചത്തിന്റെ ഒരു ചെറിയ ഭാഗത്ത് -ഭൂമിയിൽ- മനുഷ്യൻ എന്ന ഒരു പ്രത്യേക ജീവി മാത്രം ഈ പൊതുതത്വത്തിന് അപവാദമാണ്. അനുസരിക്കാനും ധിക്കരിക്കാനുമുള്ള സ്വാതന്ത്ര്യം അവന് പ്രത്യേകമായി നല്കപ്പെട്ടിരിക്കുന്നു. ഇതിനെ പരീക്ഷണമെന്നാണ് പ്രവാചകൻമാർ വിശേഷിപ്പിച്ചത്. പരീക്ഷണത്തിന് വേണ്ടിയാണ് ജീവിതമെന്നാണ് അവർ അറിയിച്ചത്.[8] ഇതിൽ കഴമ്പുണ്ടോ? ഉണ്ടോ എന്ന് പരിശോധിക്കാൻ മനുഷ്യൻ ബാധ്യസ്ഥനാണ്. ലോകം കണ്ട ഏറ്റവും സത്യസന്ധരും സൽകർമികളുമായിരുന്നു പ്രവാചകൻമാർ. അവരുടെ അറിയിപ്പുകളെ പരിശോധിക്കാതെ തള്ളുന്നത് അവിവേകവും അബദ്ധവുമായിപ്പോകും. ഓർമവെച്ച നാൾ മുതൽ നമ്മെ അലട്ടിക്കൊണ്ടിരിക്കുന്നു സമസ്യകളുടെ കുരുക്കഴിക്കാൻ പ്രവാചകൻമാരുടെ സന്ദേശത്തിന് സാധിക്കുമോ എന്ന പരിശോധന നമ്മുടെ തന്നെ ആവശ്യമല്ലേ?

പ്രവാചകൻമാർ രണ്ട് കാര്യം ചെയ്തു. പ്രപഞ്ചത്തിന്റെയും ജീവിതത്തിന്റെയും രഹസ്യങ്ങൾ അനാവരണം ചെയ്യുന്ന വേദപുസ്തകങ്ങൾ സമർപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു ജീവിതക്രമവും പരിചയപ്പെടുത്തി അവർ. മതങ്ങൾ ഉണ്ടാകുന്നത് അങ്ങനെയാണ്. യഥാർഥത്തിൽ 'മതങ്ങൾ' ഇല്ല. മതമേ ഉള്ളൂ. എല്ലാ മതങ്ങളുടെയും അന്തഃസത്ത ഒന്നാണ്. കാരണം, എല്ലാ പ്രവാചകൻമാരുടെയും സന്ദേശം ഒന്നു തന്നെയായിരുന്നു.[9] ഇസ്‌ലാം എന്നത് ഈ സന്ദേശത്തിന്റെ പൊതുവായ പേര്. മറ്റുമതങ്ങൾ ഈ മൗലികതയിൽ നിന്നുള്ള വ്യതിയാനങ്ങൾ.

## ഭാഗം രണ്ട്

# ഇസ്‌ലാം

ഒന്ന്

**ഇസ്‌ലാം പഠനത്തിന് ഒരു മുഖവുര**

രണ്ട്

**ദൈവം**

മൂന്ന്

**വെളിപാട്**

നാല്

**പരലോകം**

അഞ്ച്

**ഇസ്‌ലാമിക ജീവിതപദ്ധതി**

ആറ്

**കാരുണ്യം**

## ഒന്ന്

# ഇസ്‌ലാംപഠനത്തിന് ഒരു മുഖവുര

ഇസ്‌ലാം ഒരു വിവാദ വിഷയമാണിന്ന്; ഇന്ത്യയിലും പുറത്തും. ഇന്ത്യയിൽ ഹിന്ദുത്വ വർഗീയവാദികളും ഇന്ത്യക്കു പുറത്ത് മുതലാളിത്ത സാമ്രാജ്യത്തശക്തികളുമാണ് ഈ വിവാദത്തിനു പിന്നിൽ. ഹിന്ദുത്വ വർഗീയവാദികളുടെ ഇന്ധനം മുസ്‌ലിം വിരോധമാണ്. മുതലാളിത്ത സാമ്രാജ്യത്തം നേരിടുന്ന ഏറ്റവും വലിയ ഭീഷണി ഇസ്‌ലാമാണെന്നാണ് അമേരിക്കയുടെ കണ്ടെത്തൽ. കമ്യൂണിസത്തിന്റെ ദൗത്യം ഇസ്‌ലാം ഏറ്റെടുത്തിട്ടുണ്ട് പോൽ. ഇസ്‌ലാമിനെ രണ്ട് തരത്തിൽ ഇവർ നേരിടുന്നു- കായികമായും ബൗദ്ധികമായും. ആദ്യത്തേതിൽ അവർ വിജയിക്കുന്നുണ്ട്. രണ്ടാമത്തേതിൽ അവരുടെ ശത്രുവും. പ്രതിയോഗികളുടെ ബുദ്ധി ഇസ്‌ലാമിനെ ശരിവെക്കുന്നു. കീഴാളരുടെ ആശയം മേലാളരെ ആവേശിക്കുക! ഈ അദ്ഭുതത്തിന് ഇസ്‌ലാം മുമ്പും വിധേയമായിട്ടുണ്ട്. താർത്താരികൾ മുസ്‌ലിം ലോകം ആക്രമിച്ചു കീഴടക്കിയപ്പോഴായിരുന്നു അത്. പരാജിതരുടെ ആദർശമാണ് അന്ന് അവർ സ്വീകരിച്ചത്. മുസ്‌ലിംകളുടെ ശരീരം താർത്താരികൾക്കും താർത്താരികളുടെ ബുദ്ധി മുസ്‌ലിംകൾക്കും കീഴ്പ്പെട്ടു. ലോകചരിത്രത്തിൽ ഇതിന് വേറെ ഉദാഹരണമില്ല. ഇസ്‌ലാമിന്റെ വ്യതിരിക്തത ഇവിടെനിന്ന് ആരംഭിക്കുന്നു.

മതത്തെപ്പറ്റിയുള്ള പരമ്പരാഗത ധാരണകളെല്ലാം ഇസ്‌ലാമിനെക്കുറിച്ചാകുമ്പോൾ തെറ്റുന്നു. മതമെന്ന് കേൾക്കുന്ന മാത്രയിൽ നാം മനസ്സിലാക്കുന്ന തരത്തിലുള്ള ഒരു മതമല്ല ഇസ്‌ലാം. നിഘണ്ടുവിലില്ലാത്ത അർഥത്തിലുള്ളത് ഒരു മതമാണത്. മതാതീത മതമെന്നൊക്കെ ചില മഹാമനീഷികൾ അതിനെ വിശേഷിപ്പിച്ചത് അതുകൊണ്ടാണ്. മുസ്‌ലിം ജീവിതത്തിന്റെ ഉപരിതലത്തിൽ നിന്ന് ഈ സവിശേഷത മനസ്സിലാവില്ല. എന്നാൽ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെന്നാൽ തീർച്ചയായും മനസ്സിലാകും; ഇന്നത്തെ മുസ്‌ലിം ജീവിതത്തിൽനിന്ന് പോലും മനസ്സിലാകും. മറ്റു മത സമൂഹങ്ങളിലില്ലാത്തവിധം മുസ്‌ലിംകളുടെ ജീവിതത്തിൽ അവരുടെ മതം ഇടപെടുന്നു. അത് ആരാധനാലയത്തിൽ ചടഞ്ഞിരിക്കുകയല്ല, ജനമധ്യത്തിലിറങ്ങി ജീവിതം നിയന്ത്രിക്കുകയാണ്. ഇസ്‌ലാമിനെക്കുറിച്ച ഗൗരവതരമായ

ഏത് പഠനവും ഈ ധാരണയോടെ വേണം. മതത്തിന്റെ സങ്കുചിത പരിപ്രേക്ഷ്യത്തിലൂടെ ഇസ്‌ലാമിനെ കാണാൻ കഴിയില്ല. ജീവിതത്തിന്റെ മുഴു പരിപ്രേക്ഷ്യത്തിലൂടെ വേണം അതിനെ നോക്കുക.[10]

ഇസ്‌ലാമിനെക്കുറിച്ച് പഠിക്കാനൊരുങ്ങുന്നവർ മുൻധാരണകളും മാറ്റിവെക്കേണ്ടതുണ്ട്. സത്യസന്ധതകൊണ്ടും യുക്തിഭദ്രതകൊണ്ടും തെളിഞ്ഞ ബുദ്ധിക്കേ ഇസ്‌ലാമിന്റെ ശക്തിയും സൗന്ദര്യവും മനസ്സിലാകൂ. കെട്ടുകഥകൾ കേട്ട് കെട്ടുപോയ ബുദ്ധിക്ക് ഇസ്‌ലാമിനെ പഠിക്കാനാവില്ല. താജ്മഹലിലല്ല ഇസ്‌ലാമിന്റെ സൗന്ദര്യം. ചെങ്കോട്ടയിലല്ല അതിന്റെ ശക്തി. അജ്മീർ ശരീഫിലല്ല അതിന്റെ ഭക്തി. കുത്തബ്മിനാറിലല്ല അതിന്റെ ഔന്നത്യം. മുഹമ്മദ് ഗസ്നിയല്ല ഇസ്‌ലാമിന്റെ പടനായകൻ. മുഗൾ ഭരണമല്ല ഇസ്‌ലാമിന്റെ ഭരണം. ഇതൊക്കെ ഇസ്‌ലാമിനെക്കുറിച്ച് പഠിക്കാനൊരുങ്ങുന്ന ഒരു ഇന്ത്യക്കാരൻ അറിഞ്ഞിരിക്കേണ്ട പ്രാഥമിക പാഠങ്ങൾ. പാതിരിമാർ പഠിപ്പിച്ച അപസർപ്പക കഥകളും കുരിശ് യുദ്ധങ്ങളുടെ നിറം പിടിപ്പിച്ച ഓർമകളും മാറ്റിവെച്ചുകൊണ്ടല്ലാതെ ഒരു പാശ്ചാത്യന് ഇസ്‌ലാമിനെ സത്യസന്ധമായി സമീപിക്കാനാവില്ല. എന്തിന് കൂടുതൽ പറയുന്നു, ഇന്ത്യാ വിഭജനത്തിൽ പോലും ഇസ്‌ലാമില്ല; മേമ്പൊടിക്കുപോലും. ചെഗായിൽ അണുബോംബ് പൊട്ടുമ്പോൾ ഇസ്‌ലാമിനു രോമാഞ്ചമില്ല. പൊക്രാനിലെ സ്ഫോടനം കേട്ട് അത് കുലുങ്ങുന്നില്ല. ഇസ്‌ലാമിനെക്കുറിച്ച് പഠിക്കുന്ന എത്ര പേർക്ക് ഇതൊക്കെ അറിയാം? ഒരു കൊച്ചു കുട്ടിയുടെ നിഷ്കളങ്കതയോടെ ഇസ്‌ലാമിനെ സമീപിക്കുക. എളുപ്പമായിരിക്കില്ല ഇത്. പക്ഷേ, ഇതല്ലാതെ ഇസ്‌ലാമിനെ മനസ്സിലാക്കാൻ ഇന്ന് വേറെ വഴിയില്ല.

അത്ഭുതകരമായിട്ടുള്ള ഒരു കാര്യം, ഇസ്‌ലാമിനെക്കുറിച്ച് ഇന്ന് നടത്തപ്പെടുന്ന ചർച്ചകളിൽ അതിന്റെ അടിസ്ഥാന സിദ്ധാന്തങ്ങൾ തീരെ കടന്നുവരുന്നില്ല എന്നതാണ്. സമകാലിക രാഷ്ട്രീയ സാമൂഹിക പ്രശ്നങ്ങളിൽ ചർച്ച ഉടക്കിനിൽക്കുന്നു. ഇതിന് ഒരു പരിധി വരെ മുസ്‌ലിം സമൂഹവും ഉത്തരവാദിയാണ്. ഇസ്‌ലാമിന്റെ അടിസ്ഥാന ആശയങ്ങളിലേക്ക് ചർച്ച തിരിച്ചു വിടുന്നതിൽ അവരും പരാജയപ്പെട്ടിരിക്കുന്നു. ശത്രുക്കൾ നിശ്ചയിക്കുന്ന അജണ്ടയിൽനിന്ന് പുറത്തുകടക്കാൻ അവർക്ക് സാധിക്കുന്നില്ല. അടിസ്ഥാനങ്ങളെ സ്പർശിക്കാത്ത ചർച്ചയും പഠനവും വ്യർഥമാണ്.

## രണ്ട്

# ദൈവം

ഇസ്‌ലാമിക ദർശനത്തിന്റെയും ജീവിതക്രമത്തിന്റെയും അടിസ്ഥാനങ്ങൾ മൂന്നാണ്. ദൈവത്തെ സംബന്ധിച്ച ഇസ്‌ലാമിന്റെ കാഴ്ചപ്പാടാണ് ഇതിൽ പ്രഥമവും പ്രധാനവും. 'ലാ ഇലാഹ ഇല്ലല്ലാഹു' എന്ന അറബി വാക്യം ഇസ്‌ലാമിന്റെ ദൈവസങ്കല്പം കൃത്യമായി വ്യക്തമാക്കുന്നു. 'ദൈവമല്ലാതെ വേറെ ദൈവമില്ല', 'അല്ലാഹുവല്ലാതെ വേറെ ദൈവമില്ല' എന്നൊക്കെയുള്ള അതിന്റെ ഭാഷാന്തരീകരണത്തിന് ശക്തിപോരാ. അതിനാൽ

ഇസ്‌ലാമിന്റെ മൂലശിലയെ നിർവചിക്കുന്ന ഈ അറബി വാക്യം അല്പം വിശദീകരണമർഹിക്കുന്നു. 'അല്ലാഹു' എന്ന പദത്തിന് ഒരു ഭാഷയിലും തുല്യമായ പദമില്ല. ദൈവത്തിന്റെ എല്ലാ ഗുണങ്ങളും ഉൾക്കൊള്ളാൻ മാത്രമുള്ള സാരസമ്പൂർണത ഈ പദത്തിനുണ്ട്. ആരാധ്യൻ, പരമാധികാരി, പ്രപഞ്ചത്തിന്റെ സ്രഷ്ടാവ്, നിയന്താവ്, നിരുപാധികം അനുസരിക്കപ്പെടേണ്ടവൻ തുടങ്ങി ദൈവം എന്തെല്ലാമാണോ അതെല്ലാം ഈ പദം ധ്വനിപ്പിക്കുന്നു. 'ഇലാഹി'ന്റെ ഒരു ഗുണവും വേറെ ആർക്കുമില്ല, അവയെല്ലാം അല്ലാഹുവിനു മാത്രമേ ഉള്ളൂ എന്നതാണ് 'ലാ ഇലാഹ ഇല്ലല്ലാഹു' എന്ന വാക്യത്തിന്റെ രത്നച്ചുരുക്കം.

ഇസ്‌ലാമികവീക്ഷണമനുസരിച്ച് ദൈവം പ്രപഞ്ചത്തിന്റെ സ്രഷ്ടാവ് മാത്രമല്ല പരമാധികാരി കൂടിയാണ്. ആരാധ്യൻ മാത്രമല്ല ജീവിതത്തിന്റെ എല്ലാ മേഖലകളിലും അനുസരിക്കപ്പെടേണ്ടവനുമാണ്. പ്രപഞ്ചത്തിലെ മുഴുവൻ വസ്തുക്കളും ദൈവത്തെ അനുസരിക്കുന്നുണ്ട്. അനുസരണം പ്രപഞ്ചത്തിന്റെ അടിസ്ഥാന സ്വഭാവമാണ്. അനുസരണത്തിലാണ് അതിന്റെ നിലനിൽപ്. അനുസരണം മനുഷ്യന്റെയും ഗുണമാണ്. എന്നാൽ ധിക്കരിക്കാനുള്ള സ്വാതന്ത്ര്യം കൂടി ജീവിതത്തിന്റെ ചില പ്രത്യേക മേഖലകളിൽ അവന് നല്കിയിരിക്കുന്നു. ഇത് ഒരേ സമയം അവന്റെ മഹത്വവും അധമത്തവും വിളംബരം ചെയ്യുന്നു. സ്വാതന്ത്ര്യം അവന്റെ മഹത്വവും ആ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്തുകൊണ്ടുള്ള ധിക്കാരം അവന്റെ അധമത്വവും സൂചിപ്പിക്കുന്നു. സ്വാതന്ത്ര്യം നല്കപ്പെട്ട മേഖലകളിൽ സർവാത്മനാ ദൈവത്തെ അനുസരിക്കുന്നതിന്റെ പേരാണ് ഇസ്‌ലാം. അനുസരണം എന്നാണ് 'ഇസ്‌ലാം' എന്ന പദത്തിന്റെ അർഥം. ജീവിതം മുഴുവൻ, മരണം പോലും ദൈവത്തിന് സമർപ്പിക്കാനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. എന്നുവെച്ചാൽ പള്ളിയും പാർലമെന്റും ദൈവത്തിന് വഴങ്ങണമെന്ന്; ആരാധനയും അധ്വാനവും ദൈവത്തിനു വേണ്ടിയായിരിക്കണമെന്ന്.

ഏകദൈവസങ്കല്പമാണ് ഇസ്‌ലാമിന്റേതെന്ന സാമാന്യജ്ഞാനം എല്ലാവർക്കുമുണ്ട്. എന്നാൽ ഇതിന്റെ പൊരുളറിയുന്നവർ വിരളം. ദൈവത്തിന്റെ ഒരു സവിശേഷതയും മറ്റൊന്നിന് അംഗീകരിച്ചുകൊടുക്കാതിരിക്കുക എന്നതാണ് ഏകദൈവ വിശ്വാസത്തിന്റെ പൊരുൾ. അതായത് പരമാധികാരി വേറെയില്ല, ആരാധ്യൻ വേറെയില്ല, അനുസരിക്കപ്പെടേണ്ടവൻ വേറെയില്ല. എല്ലാം അല്ലാഹു. അല്ലാഹു മാത്രം. അല്ലാഹു ഏകാധിപതിയാണ്, തീർച്ചയായും. അവൻ സർവാധിപതിയും സർവശക്തനുമാണ് നിസ്സംശയം. അവന്റെ അറിവും അനുവാദവും ഇല്ലാതെ ഒരു ഇലപോലും പൊഴിയുന്നില്ല. രഹസ്യവും പരസ്യവും അവൻ അറിയുന്നു. ഭൂതവും ഭാവിയും അവൻ അറിയുന്നു. എന്തുകൊണ്ട് ഇങ്ങനെ? ഉത്തരം ലളിതം-വാസ്തവം ഇതാണ്! ദൈവം ആരുടെയും സൃഷ്ടിയല്ല. അവൻ എല്ലാറ്റിന്റെയും സ്രഷ്ടാവാണ്. സംഹാരകനും. പ്രവാചകനോട് ദൈവം പ്രഖ്യാപിക്കാനാവശ്യപ്പെട്ടത് ഇങ്ങനെ: "പറയുക, അവൻ ദൈവം. ഏകൻ. ആരെയും ആശ്രയിക്കാത്തവൻ. എല്ലാവരും ആശ്രയിക്കുന്നവൻ. അവനു സന്താനങ്ങളില്ല.

അവൻ ആരുടെയും സന്തതിയുമല്ല. അവൻ അതുല്യൻ.”

ദൈവം എവിടെ എന്ന് ചോദിച്ചവരോട് അവൻ ആവശ്യപ്പെട്ടത് പ്രപഞ്ചത്തിലേക്ക് നോക്കാനാണ്.[11] പ്രപഞ്ചം അതിന്റെ നാഥനെ സദാ നമിച്ചുകൊണ്ടിരിക്കുന്നു. കണ്ണുള്ളവർക്കെല്ലാം ഇത് കാണാൻ കഴിയും. ബുദ്ധിയുള്ളവർക്കെല്ലാം മനസ്സിലാക്കാൻ കഴിയും. ദൈവനിഷേധികൾക്കും കണ്ണുണ്ട്, പക്ഷേ, അത് ഉപയോഗിച്ച് അവർ നോക്കുന്നില്ല. അവർക്ക് ബുദ്ധിയുമുണ്ട്, പക്ഷേ, അവർ ചിന്തിക്കുന്നില്ല.[12]

ദൈവത്തിന്റെ ഏകത്വത്തിനും പരമാധികാരത്തിനും ഒരു മറുവശമുണ്ട്. മനുഷ്യർക്കിടയിൽ ദൈവമില്ല എന്ന്. ദൈവത്തിന്റെ ഗുണങ്ങൾ മനുഷ്യൻ അവകാശപ്പെടാനോ അവനിൽ ആരോപിക്കാനോ പാടില്ല. ദൈവം ചമയുന്നവർ സഹതാപമർഹിക്കുന്നു. പരിഹാസ്യരും പാപികളുമാകാനാണല്ലോ അവരുടെ വിധി. ദിവ്യത്വം ആരോപിക്കപ്പെടുന്ന മറ്റു വസ്തുക്കളുടെ അവസ്ഥ ഇതിനെക്കാൾ പരിതാപകരം.

ഇസ്‌ലാമിന്റെ ദൈവശാസ്ത്രം ഒരേ സമയം ദൈവത്തിന്റെ പരമാധികാരവും മനുഷ്യന്റെ വിമോചനവും ഉദ്ഘോഷിക്കുന്നു. ദൈവം പരമാധികാരി. മനുഷ്യരെല്ലാം അവന്റെ ദാസൻമാർ. അവർക്കിടയിൽ അടിമയും ഉടമയുമില്ല. എല്ലാവരും തുല്യർ, ചീർപ്പിന്റെ പല്ലുകൾ പോലെ.[13] അടിമത്തത്തിന്റെ അടിവേരുറക്കുന്നു ഈ ദർശനം. ദൈവം കഴിഞ്ഞാൽ മനുഷ്യൻ. മനുഷ്യനു ബന്ധം നേരെ ദൈവവുമായി. ഈ സിദ്ധാന്തത്തിന്റെ പ്രത്യാഘാതം ഗുരുതരമാണ്. രാജാവും പുരോഹിതനും മുതലാളിത്ത ദുഷ്പ്രഭുക്കൻമാരും അതിന്റെ ഇരകളാണ്. സാമൂഹ്യദ്രോഹികളും സ്വാർഥംഭരികളും അത് ഇഷ്ടപ്പെടില്ല. കാരണം, അവരെല്ലാം ദൈവം ചമഞ്ഞവരാണ്.

## മൂന്ന്

## വെളിപാട്

വെളിപാടിലുള്ള വിശ്വാസമാണ് ഇസ്‌ലാമിന്റെ രണ്ടാമത്തെ അടിസ്ഥാനം. അറിവിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉറവിടമാണ് വെളിപാട്- ദിവ്യബോധനം. ഏറ്റവും ആധികാരികമായ ഉറവിടവും അത് തന്നെ. പഞ്ചേന്ദ്രിയങ്ങളുടെ പരിമിതി ഭേദിക്കാൻ മനുഷ്യനെ സഹായിച്ചത് വെളിപാടാണ്. അതിഭൗതികജ്ഞാനമാണ് അതിലൂടെ നമുക്ക് ലഭിച്ചത്. വെളിപാട് നല്കാൻവേണ്ടി മനുഷ്യരിൽനിന്ന് ദൈവം പ്രത്യേകം തെരഞ്ഞെടുത്ത മഹാമനീഷികളാണ് പ്രവാചകൻമാർ. പ്രവാചകശൃംഖലയിൽ ആദ്യകണ്ണി ആദമും അവസാനത്തേത് മുഹമ്മദുമാണ്. മുഹമ്മദിനു ശേഷം പ്രവാചകൻമാർ വന്നിട്ടില്ല. മനുഷ്യന്റെ പ്രതിഭയും നാഗരികതയും പൂർണവളർച്ചയുടെ ഘട്ടത്തിലേക്ക് പ്രവേശിച്ചപ്പോൾ പ്രവാചകനിയോഗം അവസാനിപ്പിക്കുകയും മുഹമ്മദിന്റെ സന്ദേശം ലോകാന്ത്യം വരെ നിലനിർത്തുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു ദൈവം. മുഹമ്മദിന്റെ സന്ദേശം തീർത്തും പുതിയതല്ല. ആദം മുതൽ യേശു വരെ പ്രബോധനം ചെയ്ത ദിവ്യസന്ദേ

ശത്തിന്റെ തുടർച്ചയും വളർച്ചയുമാണത്. മുൻപ്രവാചകൻമാരുടെ അധ്യാപനങ്ങളെ അത് ശരിവെച്ചു. എന്നാൽ അതിൽ മനുഷ്യബുദ്ധി കൂട്ടിച്ചേർത്തത് തിരുത്തുകയും ചെയ്തു.

മുഹമ്മദ് ദൈവമല്ല. ദൈവത്തിന്റെ പ്രതിനിധിയുമല്ല, ദൂതൻമാത്രം. അദ്ദേഹം മനുഷ്യനാണ്. മനുഷ്യർക്ക് സന്ദേശം നല്കാൻ വേണ്ടി ദൈവം അവരിൽനിന്ന് തെരഞ്ഞെടുത്ത പ്രത്യേക മനുഷ്യൻ. തന്റെ പദവിക്കനുസരിച്ച ജീവിതമാണ് അദ്ദേഹം നയിച്ചത്. അദ്ദേഹം കേവല സൈദ്ധാന്തികനായിരുന്നില്ല. പ്രയോക്താവുകൂടിയായിരുന്നു. ഇസ്‌ലാമിന്റെ ജീവിക്കുന്ന മാതൃകയായിരുന്നു. ആരാധനാലയത്തിന്റെ അകത്തളത്തിലിരുന്ന് അനുയായികളോട് ആജ്ഞാപിക്കുകയായിരുന്നില്ല അദ്ദേഹം. ജീവിതത്തിന്റെ നടുമുറ്റത്താണ് അദ്ദേഹം നിലയുറപ്പിച്ചത്. കച്ചവടത്തിൽ, കൃഷിയിൽ, പള്ളിയിൽ, പാർലമെന്റിൽ, യുദ്ധക്കളത്തിൽപോലും അദ്ദേഹം ഉണ്ടായിരുന്നു. ദൈവത്തിന്റെ വെളിപാടനുസരിച്ചാണ് അദ്ദേഹം ജീവിച്ചത്.

ദൈവം മുഹമ്മദിനെ അറിയിച്ച വെളിപാടുകളാണ് ഖുർആന്റെ ഉള്ളടക്കം. ഖുർആൻ മുഹമ്മദിന്റെ വചനങ്ങളല്ല; ദൈവത്തിന്റെ വചനങ്ങൾ. ദൈവവചനങ്ങളുടെ വിശദീകരണമാണ് മുഹമ്മദിന്റെ ജീവിതം; മുഹമ്മദിന്റെ വാക്കും പ്രവൃത്തിയും. ഇവയും ക്രോഡീകരിക്കപ്പെട്ടിട്ടുണ്ട്. ഇതിനെ ഹദീസ് എന്ന് വിളിക്കുന്നു. ഇസ്‌ലാമിന്റെ ദ്വിതീയ പ്രമാണമാണ് ഹദീസ്. ആദ്യത്തേത് ഖുർആൻ. ഖുർആനും ഹദീസുമാണ് ഇസ്‌ലാമിന്റെ ആധികാരിക രേഖ.

ഖുർആനും ഹദീസും പഠിക്കാതെ ഇസ്‌ലാമിനെക്കുറിച്ചുള്ള പഠനം പൂർത്തിയാവില്ല. ഇസ്‌ലാമിനെക്കുറിച്ച് പഠിക്കുന്നവർ ഇവ രണ്ടും പഠിക്കാറില്ല എന്നത് ഇന്ന് പരക്കെ കാണപ്പെടുന്ന ഒരു ന്യൂനതയാണ്. സെക്കന്ററി സോഴ്സുകളാണ് അധികപേരും ആശ്രയിക്കുന്നത്. ഇസ്‌ലാമിനെപ്പറ്റിയുള്ള പുസ്തകങ്ങൾ ഒരിക്കലും ഖുർആനിനും ഹദീസിനും പകരമാവില്ല. ദൈവം മനുഷ്യനോട് നേരിട്ട് സംവദിക്കുന്നത് ഖുർആനിലൂടെയാണ്. ദൈവത്തെ കേൾക്കണമെങ്കിൽ ഖുർആൻ വായിക്കണം. പ്രവാചകനെ നേരിട്ട് കേൾക്കണമെങ്കിൽ ഹദീസ് വായിക്കണം. അറബി ഭാഷയിലുള്ള പരിജ്ഞാനക്കുറവാണ് നേരിട്ടുള്ള വായനക്കു അധിക പേർക്കും തടസ്സം. അറബി ഭാഷ പഠിച്ചുകൊണ്ട് ചിലർ ഈ തടസ്സം നീക്കാൻ ശ്രമിച്ചിട്ടുണ്ട്. അവർക്ക് സെക്കന്ററി സോഴ്സുകളുടെ പരിമിതികൾ ബോധ്യമാവുകയും ചെയ്തിട്ടുണ്ട്. അധികപേരും പരിഭാഷകളുടെ സഹായം തേടുന്നു. പരിഭാഷകൾക്ക് ധാരാളം പരിമിതികളുണ്ട്. എന്നാലും ഇസ്‌ലാമിനെപ്പറ്റി എഴുതപ്പെടുന്ന പുസ്തകങ്ങളെക്കാൾ മെച്ചം അവയ്ക്കുണ്ട്. ഇസ്‌ലാമിനെക്കുറിച്ചുള്ള പുസ്തകങ്ങൾ വായിക്കേണ്ട എന്നല്ല; ഖുർആനും ഹദീസുമാണ് പ്രധാനം എന്ന് സൂചിപ്പിച്ചതാണ്. ഖുർആൻ വായിക്കുക, സാധിക്കുമെങ്കിൽ അറബിയിൽ നേരിട്ട്. ഖുർആന്റെ ആത്മാർഥത അപ്പോൾ ബോധ്യമാകും. ആത്മാർഥതയാണ് ഖുർആന്റെ സവിശേഷ ഗുണമെന്ന് തോമസ് കാർലൈൽ പറഞ്ഞിട്ടുണ്ട്.[14] ഒരു പ്രാവശ്യമെങ്കിലും ഖുർആൻ വായിക്കു

ക, പരിഭാഷയെങ്കിലും.

ഖുർആൻ ഒരു അസാധാരണ ഗ്രന്ഥമാണ്.[15] തുടക്കമോ ഒടുക്കമോ ക്രമാനുഗതമായ ആരോഹണാവരോഹണമോ അതിൽ അനുഭവപ്പെടില്ല. ഇതിന് മുമ്പ് ഇങ്ങനെ ഒരു ഗ്രന്ഥം നിങ്ങൾ വായിച്ചിട്ടുണ്ടാവില്ല. ഖുർആൻ വായിച്ചു തുടങ്ങുമ്പോൾ ആദ്യം നീരസം തോന്നുമെന്ന് ജർമൻ കവിയും ദാർശനികനുമായ ഗെഥേ അഭിപ്രായപ്പെട്ടതിൽ അല്പം ശരിയുണ്ട്. എന്നാൽ 'മുന്നോട്ട് പോകുമ്പോൾ' അദ്ദേഹം പറയുന്നു, "അത് നമ്മെ ആകർഷിക്കും. അതിശയിപ്പിക്കും. അവസാനം നമ്മുടെ ആദരവ് പിടിച്ചു പറ്റും. വിഷയത്തിന്റെ സ്വഭാവമനുസരിച്ച് അതിന്റെ ശൈലി ഗൗരവമാർന്നതും ഭീതിജനകവുമാകും. അത് ആദ്യന്തം ഉദാത്തവും മനോഹരവുമാണ്. അതിനാൽ ഈ ഗ്രന്ഥം എന്നും സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കും."[16] ഖുർആനിലെ ഓരോ വാക്യവും അനുപമവും അസാധാരണവുമാണ്. റോയ്സ്റ്റൻ പൈകിന്റെ നിരീക്ഷണം ഇങ്ങനെ: ഖുർആൻ ഒരു അദ്ഭുതമാണ്. അദ്ഭുതങ്ങളുടെ അദ്ഭുതം![17]

ഖുർആനെപ്പോലെ ആശയസമ്പന്നവും വശ്യമനോഹരവുമാണ് നബിവചനങ്ങളും. നബിവചനങ്ങളിൽ നിന്നാണ് താൻ ഇസ്‌ലാം പഠിച്ചതെന്ന് പ്രശസ്ത എഴുത്തുകാരൻ സക്കറിയ ഒരിക്കൽ പറഞ്ഞു. മൂത്രം ഒഴിക്കുന്നത് മുതൽ  നടത്തവും ഇരിത്തവും എങ്ങനെയായിരിക്കണമെന്ന് വരെ ഹദീസുകൾ പഠിപ്പിക്കുന്നുണ്ടെന്ന് അദ്ദേഹം അദ്ഭുതം കൂറുന്നു.

മനുഷ്യന്റെ ജീവാമൃതമാണ് ഖുർആനും ഹദീസും.[18] ഇവ പാനംചെയ്യാതെ ആത്മാവിന്റെ ദാഹം ശമിക്കില്ല, തീർച്ച. കാരുണ്യത്തിന്റെ ശക്തമായ അടിയൊഴുക്കാണ് ഖുർആനും ഹദീസും വായിക്കുമ്പോൾ അനുഭവപ്പെടുക.

## നാല്

## പരലോകം

മരണാനന്തര ജീവിതത്തിലുള്ള വിശ്വാസമാണ് ഇസ്‌ലാമിന്റെ മൂന്നാമത്തെ അടിസ്ഥാനം. മരണം എന്നും മനുഷ്യനെ അലോസരപ്പെടുത്തിയിട്ടുള്ള വിഷയമാണ്. മരണശേഷം എന്ത് എന്നതിനെപ്പറ്റി മൂന്ന് പ്രധാന വിശ്വാസങ്ങൾ ജനങ്ങൾക്കിടയിലുണ്ട്. മരണത്തോടെ ജീവിതം അവസാനിച്ചു, പിന്നീട് ഒരു ജീവിതം ഈ ലോകത്തോ വേറെ ഏതെങ്കിലും ലോകത്തോ ഇല്ല എന്നതാണ് ഇവയിൽ ഒന്നാമത്തേത്. മനുഷ്യൻ അവന്റെ കർമഫലമനുസരിച്ച് പുനർജനിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് രണ്ടാമത്തെ വിശ്വാസം. മനുഷ്യൻ മാത്രമല്ല ഈ ലോകം തന്നെ ഒരിക്കൽ പൂർണമായി നശിക്കുമെന്നും അനന്തരം എല്ലാവരും ദൈവസന്നിധിയിൽ പുനരുജ്ജീവിപ്പിക്കപ്പെടുമെന്നും അവിടെ അവരുടെ ഇഹലോകജീവിതം വിചാരണ ചെയ്യപ്പെടുമെന്നും സുകൃതവാൻമാർക്ക് സ്വർഗജീവിതവും പാപികൾക്ക് നരകജീവിതവും വിധിക്കപ്പെടുമെന്നുമാണ് മൂന്നാമത്തെ വിശ്വാസം.[19] ഇത് ഇസ്‌ലാമിന്റെ വിശ്വാസം. എല്ലാ പ്രവാചകൻമാരും പ്രചരിപ്പിച്ച വിശ്വാസവും

ഇതുതന്നെ.

ഈ മൂന്ന് വിശ്വാസങ്ങളും ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. മരണാനന്തരജീവിതം ഇന്നുവരെ ശാസ്ത്രത്തിന്റെ പരിധിയിൽ വന്നിട്ടില്ല എന്നതാണ് ഇതിന് കാരണം. ശാസ്ത്രത്തിന്റെ അനേകം പോരായ്മകളിൽ ഒന്നാണ് ഇതും. ഇവ മൂന്നും യുക്തിയുടെ വെളിച്ചത്തിൽ വിശദീകരിക്കാനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്.

മരണപ്പെട്ടവരാരും തിരിച്ചുവന്നിട്ടില്ല, അതിനാൽ മരണാനന്തരം ഒരു ജീവിതമില്ല എന്നാണ് ഒന്നാമത്തെ വിഭാഗത്തിന്റെ യുക്തിചിന്ത. മരണാനന്തരം ഒരു ജീവിതമില്ല എന്ന നിഗമനത്തിലെത്താൻ മാത്രം യുക്തി ഈ ചിന്തയിലില്ലെന്നാണ് മറ്റു രണ്ട് വിഭാഗക്കാർ പറയുന്നത്. മരിച്ചുപോയവർ ആരും തിരിച്ചുവരാത്തതുകൊണ്ട് മരണാനന്തരം ഒന്നുമില്ല എന്ന തീരുമാനത്തിലെത്താൻ കഴിയില്ല. മരിച്ചുപോയവർ തിരിച്ചുവരാത്തതുകൊണ്ട് മരണാനന്തരജീവിതത്തെപ്പറ്റി എന്തെങ്കിലും പറയാൻ നമുക്ക് കഴിയില്ല എന്ന് മാത്രമേ അത് സൂചിപ്പിക്കുന്നുള്ള. മരണാനന്തരജീവിതത്തെ നിഷേധിക്കാൻ മാത്രം ശക്തി ഈ യുക്തിചിന്തക്കില്ല. ജീവിതത്തിന്റെ ക്ഷണഭംഗുരതയ്ക്കും അപൂർണതയ്ക്കും തൃപ്തികരമായ വിശദീകരണം നല്കാനും ഈ വീക്ഷാഗതിക്കാർക്ക് കഴിയുന്നില്ല.

യുക്തിയുടെ ഭാഗത്ത് നിന്ന് വളരെയധികം ചോദ്യം ചെയ്യപ്പെട്ടിട്ടുള്ള വീക്ഷണമാണ് രണ്ടാമത്തേത്- പുനർജൻമ വീക്ഷണം. മനുഷ്യൻ അവന്റെ കർമഫലമനുസരിച്ച് ഉത്കൃഷ്ടനോ നികൃഷ്ടനോ ആയി പുനർജനിച്ചുകൊണ്ടിരിക്കുമെന്നാണ് ഈ വീക്ഷണക്കാർ പറയുന്നത്. കർമഫലം അനുഭവിക്കണമെന്ന യുക്തി തീർച്ചയായും ഈ വീക്ഷണത്തിൽ അന്തർലീനമാണ്. എന്നാൽ മൂന്ന് പ്രധാന പോരായ്മകൾ ഈ വീക്ഷണത്തിനുണ്ട്. ഒന്ന്: സൃഷ്ടി ആദിയിൽ എന്തായിരുന്നു എന്നു വിശദീകരിക്കാനുള്ള പ്രയാസം. രണ്ട്: കർമഫലം അനുഭവിക്കുന്നവന് തന്റെ മുജ്ജൻമത്തെക്കുറിച്ച് ഒരു ധാരണയുമില്ല എന്ന യാഥാർഥ്യം. തെറ്റൊന്നും ചെയ്യാതെ ശിക്ഷിക്കപ്പെടുന്നവനെപ്പോലെയാണവൻ. അല്ലെങ്കിൽ, സുകൃതമൊന്നും ചെയ്യാതെ അനുഗ്രഹിക്കപ്പെട്ടവനെപ്പോലെ. മുജ്ജൻമത്തിൽ താൻ ആരായിരുന്നു എന്നറിയാതെ ഈ ജൻമമെങ്ങനെ ശിക്ഷയോ പാരിതോഷികമോ ആകും? മൂന്നാമത്തെ ന്യൂനത കൂടുതൽ അപകടകരമാണ്. ജീവിതത്തിന്റെ താഴെ തട്ടിലുള്ളവനോട്, 'ഇത് മുജ്ജൻമത്തിന്റെ പാപഫലമാണ്, സന്തോഷത്തോടെ അനുഭവിച്ചുകൊള്ളുക' എന്നാണ് ഈ വീക്ഷണത്തിന്റെ ആഹ്വാനം. ഉയർന്ന തട്ടിലിരിക്കുന്നവനെ ന്യായീകരിക്കുകയാണ് ഇതിന്റെ മറുവശം. ഉച്ചനീചത്വങ്ങൾ നീതിമത്ക്കരിക്കപ്പെടുന്നു ഇവിടെ. യുക്തിചിന്തയെ മാത്രമല്ല സാമാന്യനീതിയെപ്പോലും ഈ വീക്ഷണം ചോദ്യം ചെയ്യുന്നു.

ജീവിതത്തിന്റെ ക്ഷണഭംഗുരതയ്ക്കും അപൂർണതയ്ക്കും തൃപ്തികരമായ വിശദീകരണമാണ് മൂന്നാമത്തെ വീക്ഷണം- ജീവിതം മരണത്തോടുകൂടി അവസാനിക്കുന്നില്ല; ഇഹലോകജീവിതത്തിന്റെ നിഷ്കൃഷ്ടമായ വിചാരണയുടെ അടിസ്ഥാനത്തിൽ പരലോകത്ത് അത് തുടരും. മരിച്ചവ

രാരും തിരിച്ചുവരുന്നില്ല; ലോകം ഇതുവരെ അവസാനിച്ചില്ല എന്ന തൊന്നും മരണാനന്തരം ഒന്നും സംഭവിക്കാൻ പോകുന്നില്ല എന്നതിന് തെളിവാകുന്നില്ല. ഇഹലോകത്തിന്റെ സർവനാശവും പരലോകജീവിതവും സംഭവിക്കാനിരിക്കുന്നേയുള്ളൂ. എന്തുകൊണ്ട് അന്ത്യദിനം സംഭവിക്കുന്നില്ല എന്ന് മുഹമ്മദ് നബിയോടും അന്നത്തെ ജനങ്ങൾ ചോദിച്ചിരുന്നു. അതിന്റെ സമയമാകുമ്പോൾ അത് സംഭവിക്കുമെന്ന് മാത്രമാണ് അന്ന് ദൈവം അതിനോട് പ്രതികരിച്ചത്.[20] മരിച്ച് മണ്ണായതിനു ശേഷം പുനരുജ്ജീവിപ്പിക്കപ്പെടുകയോ എന്നും അന്നത്തെ ആളുകൾ സംശയം പ്രകടിപ്പിച്ചിരുന്നു. ഇല്ലായ്മയിൽനിന്ന് മനുഷ്യനെ സൃഷ്ടിച്ച ദൈവത്തിന് അത് ആവർത്തിക്കാൻ പ്രയാസമില്ല എന്നാണ് അന്ന് നല്കിയ സമാധാനം.[21] ഇതിനപ്പുറം യുക്തിബോധത്തെ ഞെക്കിപ്പിഴിയാനൊന്നും ദൈവം ശ്രമിച്ചിട്ടില്ല. പരലോകം സാമാന്യയുക്തിയുടെ തേട്ടമായതുകൊണ്ടാകാം ഇത്. എന്താണ് ഈ സാമാന്യയുക്തി? സുകൃതം ചെയ്തവന് ഉചിതമായ പ്രതിഫലം കിട്ടണം. പാപം ചെയ്തവന് ശിക്ഷയും. രണ്ടുപേരുടെയും പര്യവസാനം ഒരുപോലെയായാൽ പറ്റില്ല. ഇഹലോകത്ത് ഇതിനൊന്നും സംവിധാനമില്ല. പരലോകജീവിതത്തിന്റെ അഭാവത്തിൽ ഇഹലോകജീവിതം തീർത്തും അസംബന്ധമായിത്തീരും.

ലോകാവസാനത്തപ്പെറ്റിയും പുനരുജ്ജീവനത്തെപ്പറ്റിയും ശാസ്ത്രം പഴയപോലെ അന്ധമല്ല ഇന്ന്. പുതിയ കണ്ടെത്തലുകൾ ഇവയുടെ സാധ്യതയിലേക്കു സൂചനകൾ നല്കിയിട്ടുണ്ട്. നിഷേധത്തെ ഒരു നിലക്കും അനുകൂലിക്കുന്നില്ല പുതിയ കണ്ടെത്തലുകൾ. എന്നാലും മരണാന്തരജീവിതം ശാസ്ത്രത്തിനു പുറത്തുള്ള ഒരു വിഷയമായി അവശേഷിക്കുകയാണ്. വിശ്വാസമേഖലയിലാണ് ഇപ്പോഴും അതിന്റെ സ്ഥാനം. ഇത് മരണാനന്തര ജീവിതത്തിന്റെ മാത്രം പ്രശ്നമല്ല; ദൈവവിശ്വാസം പോലും ഒരർഥത്തിൽ അങ്ങനെയാണ്. ശാസ്ത്രത്തിന്റെ പരിധിയിൽ വരുന്നില്ല ദൈവവും. ഇതൊക്കെ ഇങ്ങനെതന്നെയാണ് വേണ്ടത് എന്നതാണ് ഇതിന്റെ യുക്തിസഹമായ മറുവശം. ചിന്തയുടെയും അന്വേഷണത്തിന്റെയും മാനവപുരോഗതിയുടെയും നിമിത്തങ്ങളായി ഈ നിഗൂഢതകൾ നിലനില്ക്കണമെന്ന് ദൈവം ഉദ്ദേശിച്ചിരിക്കണം. അതുകൊണ്ട് അതിഭൗതികമേഖലയിലാണ് ഈ വിഷയങ്ങളുടെ സ്ഥാനം. അതിഭൗതികജ്ഞാനം ദൈവത്തിനു മാത്രമേ ഉള്ളൂ. ശാസ്ത്രത്തിന്റെയോ യുക്തിചിന്തയുടെയോ പരിധിയിൽ വരുന്നില്ല അത്.[22]

## അഞ്ച്

# ഇസ്‌ലാമിക ജീവതപദ്ധതി

അപ്പോൾ ദൈവം, പ്രവാചകൻ, പരലോകം ഇവയാണ് ഇസ്‌ലാമിക ദർശനത്തിന്റെ മൂലശിലകൾ. ഇവയെ അടിസ്ഥാനമാക്കി ബൃഹത്തായ ഒരു ജീവിതപദ്ധതിയും ഇസ്‌ലാം രൂപപ്പെടുത്തിയിട്ടുണ്ട്. അത് വിശദീകരിക്കുക ഇവിടെ സംഗതമല്ല; പ്രധാനസവിശേഷതകളിലേക്ക് ഒരു എത്തിനോട്ടം

മാത്രം.
ആത്മീയതയെയും ഭൗതികതയെയും സമന്വയിപ്പിക്കുന്നു എന്നതാണ് ഇസ്‌ലാമിക ജീവിതവ്യവസ്ഥിതിയുടെ ഏറ്റവും വലിയ പ്രത്യേകത. ഒരു പക്ഷേ, ലോകത്ത് ഇസ്‌ലാമിനു മാത്രം അവകാശപ്പെടാവുന്ന ഒരു സവിശേഷതയായിരിക്കും ഇതെന്ന് തോന്നുന്നു. മറ്റു ദർശനങ്ങൾ ഒന്നുകിൽ ആത്മീയതയിലേക്ക് അല്ലെങ്കിൽ ഭൗതികതയിലേക്ക് ചാഞ്ഞു കിടക്കുന്നു. മനുഷ്യനെ തൃപ്തിപ്പെടുത്താൻ അവയ്ക്ക് കഴിയില്ല. കാരണം മനുഷ്യൻ ഒരു ആത്മീയജീവിയല്ല; ഭൗതികജീവിയുമല്ല. അവന്ന് ആത്മാവും ശരീരവുമുണ്ട്.
സമഗ്രവും സമ്പൂർണവുമാണ് ഇസ്‌ലാമിക ജീവിതവ്യവസ്ഥ. ജീവിതത്തിന്റെ എല്ലാ മേഖലകളെയും അത് സ്പർശിക്കുന്നു. വ്യക്തി, സമൂഹം, ആത്മീയം, ഭൗതികം, സാമ്പത്തികം, രാഷ്ട്രീയം- എല്ലാം. ദൈവത്തിന്റെ പരമാധികാരമാണ് എല്ലാ മേഖലയിലും ഇസ്‌ലാം ഉദ്ഘോഷിക്കുന്നത്. ഇസ്‌ലാമിന്റെ രാഷ്ട്രീയകാഴ്ചപ്പാടനുസരിച്ച് ഭരണാധികാരി വെറും സേവകനാണ്. സാധാരണ പ്രജകൾക്കില്ലാത്ത ആനുകൂല്യങ്ങളോ അവകാശങ്ങളോ അയാൾക്കുണ്ടാവില്ല. ഏകാധിപത്യമോ സർവാധിപത്യമോ നിരുപാധിക ജനാധിപത്യമോ ഇസ്‌ലാം അംഗീകരിക്കുന്നില്ല. ദൈവത്തിന്റെ പരമാധികാരം അംഗീകരിച്ച് ദൈവകല്പനകൾ അനുസരിച്ച് ഭരിക്കുന്നതിനുള്ള ജനപ്രാതിനിധ്യ വ്യവസ്ഥയാണ് ഇസ്‌ലാമിന്റെ രാഷ്ട്രസങ്കല്പത്തിലുള്ളത്. ഇത് തിയോക്രസിയിൽനിന്നും ഡെമോക്രസിയിൽനിന്നും ഭിന്നമാണ്.
ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥയിൽ സ്വത്തുടമ വ്യക്തിയോ സമൂഹമോ രാഷ്ട്രമോ അല്ല; ദൈവമാണ്.[23] സൂക്ഷിപ്പുകാരന്റെ ചുമതലയാണ് മനുഷ്യനു നിർവഹിക്കാനുള്ളത്. മുതലാളിത്തത്തിൽനിന്നും സോഷ്യലിസത്തിൽനിന്നും ഭിന്നമാണ് ഈ വീക്ഷണം. വ്യക്തിയുടെ സാമ്പത്തിക സ്വാതന്ത്ര്യം ഇസ്‌ലാം തടഞ്ഞിട്ടില്ല. എന്നാൽ അത് സമൂഹത്തിന്റെ വിശാലതാല്പര്യത്തിനു എതിരാവരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സ്വത്തിൽ ദരിദ്രർക്ക് പ്രത്യേക അവകാശവും നിശ്ചയിച്ചിട്ടുണ്ട്.[24] ചൂഷണത്തിന്റെ എല്ലാ വഴികളും കൊട്ടിയടച്ചിട്ടുണ്ട്. സമ്പത്തിന്റെ പ്രയോജനം അവകാശത്തിലൂടെയും അനുകമ്പയിലൂടെയും എല്ലാവർക്കും ഉറപ്പുവരുത്താൻ ഇസ്‌ലാമിക സമ്പദ്‌വ്യവസ്ഥയ്ക്ക് സാധിച്ചിട്ടുണ്ട്.[25]
ഇസ്‌ലാമിനെ ഏറ്റവും ജനപ്രിയമാക്കിയത് അതിന്റെ സാമൂഹ്യവ്യവസ്ഥയാണ്. മനുഷ്യസമത്വം പൂർണമായ അളവിൽ ഉറപ്പുവരുത്തുന്ന മറ്റൊരു വ്യവസ്ഥ ലോകത്തില്ല. സമ്പൂർണസമത്വം ഇസ്‌ലാം വിളംബരം ചെയ്തു; നടപ്പിലാക്കുകയും ചെയ്തു. ജൻമംകൊണ്ടും വർണംകൊണ്ടും ഉച്ചനീചത്വം കല്പിച്ചുപോരുന്ന ലോകത്ത് ഇസ്‌ലാമിക സമൂഹം ഒരു വിസ്മയമാണ്. സമ്പത്ത്, വിദ്യാഭ്യാസം, അധികാരം ഒന്നും ഉച്ചനീചത്വത്തിന് പരിഹാരമായില്ല. നിയമവും അതിന്റെ മുമ്പിൽ തോറ്റു. എല്ലാവരും തോറ്റിടത്ത് ഒറ്റ പ്രഖ്യാപനം കൊണ്ട് ഇസ്‌ലാം സമത്വം സാധിച്ചു. 'മനുഷ്യരേ, ഒരേ

മാതാപിതാക്കളുടെ മക്കളാണ് നിങ്ങൾ.' ഇപ്പോൾ രാജാവിനും അടിമക്കും തോളോട് തോൾ ചേർന്ന് നില്ക്കാമെന്നായി. രാജാവും അടിമയും തന്നെ ഇല്ലാതായി. രണ്ടുപേരും തുല്യാവകാശങ്ങളുള്ള മനുഷ്യരായി. ഒരു കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട്. ഇസ്‌ലാമിന്റെ മറ്റു മൂല്യങ്ങൾക്ക് ശോഭ നഷ്ട പ്പെട്ടപ്പോഴും സമത്വം ഇസ്‌ലാമിക സമൂഹത്തിൽ ജ്വലിച്ചു നിന്നു. ഇന്നും മറ്റു സമുദായങ്ങളുടെ അസൂയക്ക് പാത്രമായി ഒരു അദ്ഭുതം പോലെ അത് അമരംകൊള്ളുന്നു. വർണം, ദേശം, ഭാഷ, ജാതി– എല്ലാ മതിലുകളും അത് ഇടിച്ചു നിരത്തുന്നു. മരിച്ചവരെ പോലും ഇസ്‌ലാം വെറുതെ വിടുന്നില്ല. കല്ലറയുടെ ഉയരം നിജപ്പെടുത്തിക്കളഞ്ഞു അത്!

സമത്വം മാത്രമല്ല ഇസ്‌ലാം ലഭ്യമാക്കിയത്. അടിച്ചമർത്തപ്പെട്ടവരും നിരാലംബരുമായ ജനവിഭാഗങ്ങൾക്ക് പ്രത്യേക അവകാശങ്ങളും അത് ഉറപ്പുവരുത്തി. സ്ത്രീകൾ, കുട്ടികൾ, വൃദ്ധജനങ്ങൾ, രോഗികൾ, ദരിദ്രർ, അനാഥകൾ, അഭയാർഥികൾ– ഇവരുടെ മേൽ ഇസ്‌ലാം കാരുണ്യം ചൊരി യുന്നു.

കണിശമാണ് ഇസ്‌ലാമിന്റെ നീതിന്യായവ്യവസ്ഥ. നിയമലംഘന ത്തിനും കുറ്റകൃത്യത്തിനുമുള്ള സാഹചര്യങ്ങൾ ഒഴിവാക്കുകയാണ് ഇസ്‌ലാ മിക നിയമങ്ങൾ നിർവഹിക്കുന്ന പ്രധാന ധർമം. ശിക്ഷിക്കുവാനല്ല, ശിക്ഷ ഒഴിവാക്കാനാണ് ഇസ്‌ലാമിനു താല്പര്യം. എന്നാൽ സാഹചര്യങ്ങൾ പ്രതി കൂലമായിട്ടും, തെറ്റ് ഒഴിവാക്കാൻ മാർഗങ്ങളുണ്ടായിട്ടും മനഃപൂർവം അത് ചെയ്യുന്നവരെ ഇസ്‌ലാമിക നീതിപീഠം ശിക്ഷിക്കുക തന്നെ ചെയ്യും. വ്യക്ത മായ തെളിവിന്റെ അടിസ്ഥാനത്തിൽ നല്കപ്പെടുന്ന ഈ ശിക്ഷ മാതൃകാ പരമായിരിക്കുകയും ചെയ്യും. കുറ്റം ചെയ്തവനെ ശിക്ഷിക്കുക, നീതി നിഷേധിക്കപ്പെട്ടവന് അത് ലഭ്യമാക്കുക തുടങ്ങിയ വിഷയങ്ങളിലൊന്നും ഇസ്‌ലാം ഇളവ് അനുവദിക്കുന്നില്ല. കാരണം അത് സമൂഹത്തിന് ദോഷം ചെയ്യും. മുഖം നോക്കാതെ നീതി നടപ്പാക്കാനാണ് ഇസ്‌ലാം ആവശ്യപ്പെ ടുന്നത്.

ഇസ്‌ലാമിക വ്യവസ്ഥിതിയെക്കുറിച്ച്, വിശിഷ്യാ അതിലെ നിയമങ്ങ ളെക്കുറിച്ച്, അധികപേർക്കും അറിയാത്ത ഒരു വസ്തുതയുണ്ട്. ഇസ്‌ലാ മിക വ്യവസ്ഥിതിയുടെ വികാസക്ഷമതയും നവീകരണസിദ്ധിയുമാണത്. നൂറ്റാണ്ടുകൾ പഴക്കമുള്ള ഇസ്‌ലാമിക നിയമങ്ങൾ പുതിയ ലോകവുമായി എങ്ങനെ പൊരുത്തപ്പെടുമെന്ന് ചിന്തിക്കുന്ന ധാരാളം പേരുണ്ട്. ഇസ്‌ലാ മിക നിയമവ്യവസ്ഥയുടെ നവീകരണ ശേഷി അറിയാതെ പോയതാണ് ഈ തെറ്റിദ്ധാരണയുടെ ഹേതു. ഇസ്‌ലാമിക വ്യവസ്ഥിതിയുടെ മൗലിക തത്വങ്ങൾ മാത്രമാണ് ദൈവം നിശ്ചയിച്ചിരിക്കുന്നത്. ഈ മൗലിക തത്വ ങ്ങളിൽ നിന്നുകൊണ്ട് വ്യവസ്ഥയെ കാലോചിതമായി വികസിപ്പിക്കേണ്ട ചുമതല മനുഷ്യന്റെ ഗവേഷണബുദ്ധിക്കാണ്. മനുഷ്യനു ലഭിച്ച മഹത്തായ അംഗീകാരം കൂടിയാണിത്.

# ആറ്

# കാരുണ്യം

കാരുണ്യമാണ് ഇസ്‌ലാമിന്റെ കാലാവസ്ഥയെന്ന് തോന്നുന്നു. മഞ്ഞ്പോലെ, ചിലപ്പോൾ ശക്തിയായ മഴപോലെ അത് പെയ്തിറങ്ങുന്നു. വിശക്കുന്നവന്ന് അപ്പമായും മർദ്ദിതന്ന് മോചനമായും അനാഥയ്ക്ക് രക്ഷിതാവായും രോഗിക്ക് സാന്ത്വനമായും അത് പ്രത്യക്ഷപ്പെടുന്നു. ദാഹിച്ചുവലയുന്ന നായയുടെ വായിലും വാടിക്കരിയുന്ന പൂച്ചെടിയുടെ വേരിലും അത് കുടിനീരെത്തിക്കുന്നു. കഠിനഹൃദയങ്ങളിൽ പോലും കനവ് പകർന്ന് ജീവിതം സ്നേഹാർദ്രമാക്കുന്നു ഇസ്‌ലാമിന്റെ കൃപാകാരുണ്യം.

ദയാപരനും കരുണാമയനുമെന്നാണ് ദൈവം സ്വയം വിശേഷിപ്പിച്ചത്. വിശുദ്ധ ഖുർആനിലെ നൂറ്റിപ്പതിനാല് അധ്യായങ്ങളിൽ നൂറ്റിപ്പതിമൂന്നും ആരംഭിക്കുന്നത് ദൈവത്തിന്റെ ഈ സവിശേഷത എടുത്തുപറഞ്ഞുകൊണ്ടാണ്. സ്വന്തം സിംഹാസനത്തിൽ ഉല്ലേഖനം ചെയ്യാൻ ദൈവം തെരഞ്ഞെടുത്ത വാക്യമിതാണ്- 'എന്റെ കാരുണ്യം എന്റെ ക്രോധത്തെ അതിശയിക്കുന്നു.' തന്റെ കാരുണ്യത്തെച്ചൊല്ലി ഒരിക്കലും നിരാശരാവരുതെന്നാണ് അവൻ മനുഷ്യനെ അറിയിച്ചിരിക്കുന്നത്. ദൈവം പ്രവാചകനോട് പറഞ്ഞത് ഇങ്ങനെ: 'എന്റെ അടിമ ഒരു ചാൺ എന്നോട് അടുത്താൽ ഒരു മുഴം അവനോട് ഞാൻ അടുക്കും. ഒരു മുഴം അവൻ എന്നോട് അടുത്താൽ ഒരു മാറ് ഞാൻ അവനോടടുക്കും. അവൻ എന്റടുത്തേക്ക് നടന്നുവരുമ്പോൾ അവന്റടുത്തേക്ക് ഞാൻ ഓടിച്ചെല്ലും.' രാത്രി മുഴുവൻ ദൈവം കാത്തിരിക്കുകയാണത്രെ പകൽ പാപം ചെയ്തവരുടെ മാപ്പപേക്ഷ സ്വീകരിക്കാൻ. പകലും അവൻ കാത്തിരിക്കുകയാണത്രെ രാത്രി പാപം ചെയ്തവർക്ക് പൊറുത്തു കൊടുക്കാൻ.

പ്രവാചക നിയോഗത്തിന്റെ രഹസ്യവും കാരുണ്യമത്രെ. സ്നേഹം, ദയ, കാരുണ്യം- ഇവയാണ് ഒരു പ്രവാചകന്റെ ചേരുവകൾ. ജനങ്ങളുടെ വർത്തമാനത്തിലും ഭാവിയിലും വേപഥു പൂണ്ട് അവരെ സൻമാർഗത്തിലേക്കും ക്ഷേമത്തിലേക്കും നയിക്കാൻ കഠിനപ്രയത്നം ചെയ്യുന്നു ദൈവദൂതൻ. 'എന്റെ ജനങ്ങളേ,' എന്ന സ്നേഹമസൃണമായ വിളി പ്രവാചകന്റെ ഹൃദയത്തിൽ നിന്നാണ് വരുന്നത്. പകൽ ജനങ്ങൾക്കുവേണ്ടി അധ്വാനിക്കുകയും രാത്രി അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്ന മഹാമനസ്കനാണ് പ്രവാചകൻ. മരുഭൂമിയിലെ നീരും തണലുമായി, കാരുണ്യത്തിന്റെ പ്രകാശഗോപുരമായി മാനവചരിത്രത്തെ യശോധന്യമാക്കി മുഹമ്മദ് നബി. 'ഭൂമിയിലുള്ളവരോട് കരുണയുള്ളവരാകൂ, ആകാശത്തുള്ളവൻ നിങ്ങളോട് കരുണയുള്ളവനാകു'മെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്നു. ഒരാൾ തന്റെ സുഹൃത്തിനുവേണ്ടി സേവനത്തിലേർപ്പെട്ടിരിക്കുമ്പോൾ ദൈവം അവന്റെ സേവനത്തിലേർപ്പെട്ടിരിക്കുകയാകുമെന്നാണ് അദ്ദേഹം അറിയിച്ചത്. ദരിദ്രന്റെ വിശപ്പ് ദൈവത്തിന്റെ വിശപ്പാണെന്നും എന്നാൽ ഊട്ടേണ്ടത് ദൈവത്തെയല്ല വിശക്കുന്ന മനുഷ്യനെയാണെന്നും പ്രവാചകൻ പഠിപ്പിക്കുന്നു.

'എന്താണ് നിങ്ങളുടെ ധനം?' എന്ന പ്രവാചകന്റെ ചോദ്യം കേട്ട്, തോട്ടങ്ങളിലേക്കും കെട്ടിടങ്ങളിലേക്കും ദൃഷ്ടിപായിച്ച അനുചരൻമാരോട് അതൊന്നും നിങ്ങളുടേതല്ലെന്നും എന്താണോ നിങ്ങൾ ഇതുവരെ ദാനം ചെയ്തത് അതാണ് നിങ്ങളുടെ ധനമെന്നും പ്രവാചകൻ പ്രതിവചിക്കുമ്പോൾ ജീവിതം മനോഹരമായ ഒരു കവിതയായിത്തീരുന്നു. 'ആടിനെ അറുത്തിട്ട് എന്ത് ചെയ്തു' എന്നു ചോദിച്ചപ്പോൾ 'എല്ലാം അയൽവാസികൾക്ക് കൊടുത്തു. തോളെല്ല് മാത്രമേ ഇനി ബാക്കിയുള്ളൂ' എന്ന് മറുപടി നല്കിയ സ്വന്തം വീട്ടുകാരോട്, 'തോളെല്ല് ഒഴിച്ചുള്ളതെല്ലാം ബാക്കിയുണ്ടെ'ന്ന് പ്രവാചകൻ പറയുമ്പോൾ ഈ കവിത ജീവിതാനുഭവമായിത്തീരുന്നു.

ജീവിതത്തിന്റെ സായംസന്ധ്യയിൽ ഇസ്‌ലാമിന്റെ കാരുണ്യം വൃദ്ധജനങ്ങൾക്ക് സാന്ത്വനവുമായെത്തുന്നു. വിശുദ്ധയുദ്ധത്തിൽ പങ്കെടുക്കുന്നതിനെക്കാൾ മഹത്തരമാണ് വൃദ്ധരായ മാതാപിതാക്കളെ ശുശ്രൂഷിക്കലെന്നും അവരോട് നീരസം പോലും പ്രകടിപ്പിക്കരുതെന്നും കാരുണ്യത്തിന്റെ ചിറകുകൾ അവർക്ക് വിടർത്തി കൊടുക്കണമെന്നും ഇസ്‌ലാം അനുശാസിക്കുന്നു.[26] വിധവകൾക്കും അനാഥകൾക്കും അഭയാർഥികൾക്കും ഇസ്‌ലാമിന്റെ കാരുണ്യം അവകാശപ്പെട്ട അഭയമായിത്തീരുന്നു. അബലകളുടെ ബലവും ശബ്ദമില്ലാത്തവരുടെ ശബ്ദവുമായി ഭൂമിയെ ജീവിക്കാൻ കൊള്ളാവുന്നതാക്കിത്തീർക്കുന്നു ഇസ്‌ലാം.

പറഞ്ഞത് ഇസ്‌ലാമിന്റെ ദാർശനികവും പ്രത്യയശാസ്ത്രപരവുമായ കാര്യങ്ങൾ. ഇസ്‌ലാമിന്റെ ചരിത്രം-ഭൂതവും വർത്തമാനവും- നമ്മുടെ മുമ്പിലുണ്ട്. മനുഷ്യന്റെ നാഗരികതയും സംസ്കാരവും രൂപപ്പെടുത്തുന്നതിലും വികസിപ്പിക്കുന്നതിലും ഇസ്‌ലാം വഹിച്ച പങ്ക് നമുക്ക് വിലയിരുത്താൻ സാധിക്കും. അതിന് ഇവിടെ മുതിരുന്നില്ല. ഇസ്‌ലാം ലോകത്തിന് വെളിച്ചമായത് എങ്ങനെ എന്നതിന് ചരിത്രത്തിന്റെ സാക്ഷ്യമുണ്ട്.

ഭാഗം മൂന്ന്

# ജമാഅത്തെ ഇസ്‌ലാമി

ഒന്ന്

## നവോത്ഥാന പ്രസ്ഥാനം

രണ്ട്

## താത്വിക നിലപാടുകൾ

മൂന്ന്

## കർമപഥം

## ഒന്ന്

# നവോത്ഥാനപ്രസ്ഥാനം

ഇസ്‌ലാമിനെ സംബന്ധിച്ച സാമാന്യ വിവരണത്തിൽനിന്ന് ഒരു കാര്യം വായനക്കാരന് മനസ്സിലായിട്ടുണ്ടാകും. ഇസ്‌ലാം മനുഷ്യന്റെ ജീവിതത്തിൽ സജീവമായി ഇടപെടുന്നു. ഒരു സമൂലവിപ്ലവപ്രസ്ഥാനത്തിന്റെ എല്ലാ ലക്ഷണങ്ങളും അതിനുണ്ട്. ചലനാത്മകവും രചനാത്മകവുമാണ് അത് എപ്പോഴും.

ഈ സ്വഭാവത്തിന് മങ്ങലേറ്റപ്പോഴെല്ലാം കൂടുതൽ ശക്തിയോടെ ഇസ്‌ലാമിക സമൂഹം അതിലേക്ക് തിരിച്ചുവന്നിട്ടുണ്ട്. നവോത്ഥാനത്തിന്റെയും നവീകരണത്തിന്റെയും മഹിതമായ പാരമ്പര്യം ഇസ്‌ലാമിക സമൂഹത്തിന് അവകാശപ്പെടാനുണ്ട്. ദൈവം തന്നെ നിശ്ചയിച്ച ഒരു സംവിധാനമാണത്. ചിലപ്പോൾ ഈ ദൗത്യം മഹദ്‌വ്യക്തികൾ നിർവഹിക്കും; മറ്റു ചില അവസരങ്ങളിൽ സംഘടനകളും. ജമാഅത്തെ ഇസ്‌ലാമിയും ഈ ശൃംഖലയിൽ ഒരു കണ്ണിയാണ്.

ഇസ്‌ലാമിനെ അതിന്റെ എല്ലാ സവിശേഷതകളോടെയും ഉൾക്കൊണ്ട പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. ഇസ്‌ലാമിന്റെ നൻമകൾകൊണ്ട് ജീവിതം പ്രഭാപൂരിതമാക്കുകയാണ് അതിന്റെ ലക്ഷ്യം. ഇസ്‌ലാമിന്റെ പ്രബോധനവും പ്രചാരണവും ജമാഅത്തെ ഇസ്‌ലാമി മുഖ്യദൗത്യമായി ഏറ്റെടുത്തത് ഇതിനുവേണ്ടിയാണ്. ഇസ്‌ലാമിന്റെ എല്ലാ ലക്ഷണങ്ങളും ജമാഅത്തെ ഇസ്‌ലാമിക്കുണ്ട്. അത് കേവല മതസംഘടനയല്ല, രാഷ്ട്രീയ സംഘടനയുമല്ല. സാംസ്കാരിക സംഘടനയോ സന്നദ്ധ സംഘടനയോ അല്ല. പിന്നെയോ? ഇതെല്ലാം കൂടിച്ചേർന്ന ഒന്ന്. ജീവിതത്തിന്റെ സർവ ഗന്ധങ്ങളും അതിനുണ്ട്.

1941 ആഗസ്ത് 27-ാംതിയ്യതിയാണ് ജമാഅത്തെ ഇസ്‌ലാമി രൂപവത്ക്കരിക്കപ്പെട്ടത്. ഇരുപതാം നൂറ്റാണ്ടിലെ ഇസ്‌ലാമിക നവോത്ഥാന നായകരിൽ അദ്വിതീയനായ സയ്യിദ് അബുൽഅഅ്‌ലാ മൗദൂദിയായിരുന്നു സ്ഥാപകൻ. കോളനിവാഴ്ചയുടെ ഫലമായി ദിശാബോധം നഷ്ടപ്പെട്ട മുസ്‌ലിം സമൂഹത്തെ ഇസ്‌ലാമിന്റെ അച്ചുതണ്ടിലേക്ക് തിരിച്ചുകൊണ്ടുവന്ന ഉജ്ജ്വല ചിന്തകരാണ് ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ സയ്യിദ് മൗദൂദിയും ഈജി

പ്തിലെ ഹസനുൽ ബന്നയും. പരമ്പരാഗത മതചിന്തകളായിരുന്നില്ല ഇവരുടേത്. മുസ്‌ലിം സമൂഹത്തിന്റെ ജീർണതകളും അവരെ ആവേശിച്ച പാശ്ചാത്യ ദർശനങ്ങളുടെ പൊള്ളത്തരവും തുറന്നു കാണിക്കാൻ മാത്രം ശക്തി സുഭകതയും യുക്തിഭദ്രതയും അവരുടെ പഠനങ്ങൾക്കുണ്ടായിരുന്നു. സാമുദായിക വികാരത്തിനല്ല ഇസ്‌ലാമിക ചിന്തയ്ക്കാണ് അവർ തീ കൊളുത്തിയത്. മുസ്‌ലിം ലോകത്തിനു മാത്രമല്ല മൂന്നാം ലോകത്തിനു പൊതുവെ അത് ആവേശമായി. പാശ്ചാത്യചിന്തയുടെ കരണത്തേറ്റ കനത്തപ്രഹരമായിരുന്നു മൗദൂദിയുടെയും ഹസനുൽബന്നയുടെയും ഇസ്‌ലാമിക ചിന്തകൾ.

1928-ൽ ഹസനുൽബന്ന ഈജിപ്തിൽ രൂപവത്ക്കരിച്ച ഇഖ്‌വാനുൽ മുസ്‌ലിമൂനെയും 1941-ൽ മൗദൂദി അവിഭക്ത ഇന്ത്യയിൽ രൂപവത്കരിച്ച ജമാഅത്തെ ഇസ്‌ലാമിയെയും പാശ്ചാത്യസാമ്രാജ്യത്ത ശക്തികൾ ശത്രുക്കളായി കണ്ടത് സ്വാഭാവികം. മുസ്‌ലിം ഭരണാധികാരികളും ഈ പ്രസ്ഥാനങ്ങളോട് ശത്രുതാപരമായ നിലപാടാണ് സ്വീകരിച്ചത്. മുസ്‌ലിം സമുദായത്തിലെ യാഥാസ്ഥിതികരുടെ സമീപനവും ഇത് തന്നെയായിരുന്നു. സാമുദായികതയെയും വർഗീയതയെയും മാത്രമല്ല അവയോട് ബന്ധപ്പെട്ട സാമൂഹിക ജീർണതകളെയും ഈ പ്രസ്ഥാനങ്ങൾ എതിർത്തു എന്നതായിരുന്നു ഇതിന് കാരണം. മുസ്‌ലിം സമൂഹത്തിലെ അഭ്യസ്തവിദ്യർക്കിടയിൽ മാത്രമാണ് ഈ പ്രസ്ഥാനങ്ങൾക്ക് ആദ്യകാലത്ത് വേരോട്ടം ലഭിച്ചത്.

## രണ്ട്

# താത്വികനിലപാടുകൾ

ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ സ്വാതന്ത്ര്യ സമരം ശക്തിപ്രാപിച്ച സമയത്താണ് ജമാഅത്തെ ഇസ്‌ലാമി പ്രവർത്തനമാരംഭിക്കുന്നത്. വിദേശാധിപത്യത്തെ ആദർശത്തിന്റെ ഭാഗമെന്ന നിലയ്ക്കു തന്നെ ജമാഅത്ത് നിശിതമായി എതിർത്തു. ദേശീയപ്രസ്ഥാനത്തിനകത്ത് വളർന്നു വന്ന വർഗീയ ധാരകളെയും അത് കടുത്ത ഭാഷയിൽ വിമർശിച്ചു. മുസ്‌ലിം ദേശീയതയ്ക്കും ഹിന്ദു ദേശീയതക്കുമെതിരെ ജമാഅത്ത് ശക്തിയായി ആഞ്ഞടിച്ചു. ഈ നയം കാരണമായി പാക്കിസ്ഥാൻ വാദികളും ഹിന്ദുത്വവാദികളും ഒരുപോലെ ജമാഅത്തിന്റെ ശത്രുക്കളായി. ദേശീയതയോടുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ കാഴ്ചപ്പാട്പോലും അന്ന് തെറ്റിദ്ധരിക്കപ്പെട്ടു. എന്നാൽ ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശപരത മനസ്സിലാക്കാൻ ജനങ്ങൾക്ക് ലഭിച്ച ആദ്യത്തെ അവസരം കൂടിയായി അത്.

ദേശീയത, മതേതരത്വം, ജനാധിപത്യം എന്നീ മൂന്നു തത്ത്വങ്ങളോടുള്ള സമീപനം വ്യക്തമാക്കിക്കൊണ്ടാണ് ജമാഅത്ത് രംഗപ്രവേശം ചെയ്തത്. ഇവ മൂന്നും ദൗർബല്യങ്ങളേതുമില്ലാത്ത ഏക അവലംബമായി കണക്കാക്കപ്പെട്ട കാലത്ത് ഇവയിൽ ഒളിഞ്ഞിരിക്കുന്ന അപകടങ്ങൾ അനാവരണം ചെയ്യാൻ ജമാഅത്ത് കാണിച്ച ധൈര്യം ചിന്താപ്രസ്ഥാനങ്ങളുടെ

ചരിത്രത്തിൽ അനിതരമാണ്. ഇവയെ ആധുനിക അന്ധവിശ്വാസങ്ങൾ എന്ന് വിളിക്കാൻ വരെ ജമാഅത്ത് ധൈര്യം കാണിച്ചു.

ആധുനിക നാഗരികതയുടെ മൂലശിലകളാണ് മതേതര ഭൗതികവാദം ( Secularism ) , ദേശീയത ( Nationalism ), ജനാധിപത്യം ( Democracy ). ഈ മൂലശിലകളെ നാം ജീവിക്കുന്ന കാലത്തിന്റെ മൂലരോഗങ്ങൾ എന്ന് വിളിക്കാൻ മാത്രമുള്ള ചിന്താപരമായ കരുത്ത് ജമാഅത്തെ ഇസ്‌ലാമിക്കുണ്ട്. മനുഷ്യൻ ഇന്ന് അഭിമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങളുടെയും അടിസ്ഥാന കാരണങ്ങൾ ജമാഅത്ത് ഈ മൂന്ന് തത്വങ്ങളിൽ ആരോപിക്കുന്നു.

സെക്യുലരിസം ആധുനിക കാലത്തിന്റെ ജീവനമന്ത്രം തന്നെയാണ്. അതിനെ എതിർക്കുന്നതിനു മുമ്പ് നാല് വട്ടം ചിന്തിക്കണം. സെക്യുലരിസത്തെ എതിർക്കുമ്പോളേല്ക്കുന്ന ആദ്യത്തെ അടിയിൽ സമൂഹത്തിൽ നിങ്ങളുടെ സ്ഥാനം നിർണയിക്കപ്പെടും. യാഥാസ്ഥിതികൻ, പുനരുത്ഥാനവാദി, പരോഗമനത്തിന് എതിര് നില്ക്കുന്നവൻ, കൂടെ മേമ്പൊടിക്ക് വർഗീയവാദിയും! കഴിഞ്ഞു, നിങ്ങളുടെ വാദം അതോടെ തകർന്നു. സെക്യുലരിസം ജയിച്ചു! ജമാഅത്തെ ഇസ്‌ലാമി തോറ്റതും 'സെക്യുലരിസ്റ്റു'കളുടെ മുമ്പിലാണ്. സെക്യുലരിസത്തെ എതിർത്തതുകൊണ്ട് ജമാഅത്തിനുമേൽ വർഗീയ മുദ്ര പതിക്കാൻ അതിന്റെ ശത്രുക്കൾക്ക് വേഗത്തിൽ സാധിച്ചു. എന്താണ് ജമാഅത്ത് പറഞ്ഞതെന്ന് പരിശോധിക്കാൻ അവരോ അവരെ പിന്തുടർന്ന് 'അങ്ങനെതന്നെ' എന്ന് ഏറ്റുപറഞ്ഞവരോ മിനക്കെട്ടില്ല. ഇന്ത്യൻ സെക്യുലരിസത്തിനു പോലും ജമാഅത്തെ ഇസ്‌ലാമി എതിരാണെന്ന് വരുത്തി തീർക്കാനുള്ള ഹീനശ്രമങ്ങളും ചിലരുടെ ഭാഗത്തുനിന്നുണ്ടായി. എന്താണ് വാസ്തവം?

സെക്യുലരിസത്തിന് രണ്ട് പതിപ്പുകളുണ്ട്. ഒന്ന് പാശ്ചാത്യൻ, രണ്ടാമത്തേത് ഇന്ത്യൻ. രണ്ടാമത്തേത്ത് ഒന്നാമത്തേതിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു ആശയമാണ്. പൊതുവെ സെക്യുലരിസമെന്ന് പറയുമ്പോൾ നാം അർഥമാക്കുന്നത് പാശ്ചാത്യ സെക്യുലരിസമാണ്. ജീവിതത്തെ മതത്തിൽനിന്ന് തീർത്തും വേർപെടുത്തുന്ന ഈ സെക്യുലരിസം ജമാഅത്തെ ഇസ്‌ലാമി അംഗീകരിക്കുന്നില്ല. മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം രഹസ്യവും സ്വകാര്യവുമായിരിക്കണമെന്നും ആ ബന്ധം ഒരു തരത്തിലും ജീവിതത്തെ ബാധിക്കാൻ പാടില്ലെന്നും അനുശാസിക്കുന്ന ഈ കാഴ്ചപ്പാടാണ് ലോകത്തെ നശിപ്പിച്ചതെന്നാണ് ജമാഅത്ത് കരുതുന്നത്. മതഭ്രാന്ത് പോലെ വർജ്യമാണ് ഈ മതവിരുദ്ധത. രണ്ടും ആപത്താണ്. ജീവിതത്തിൽനിന്ന് ദൈവത്തെ മാറ്റനിർത്തുമ്പോൾ അവിടെ പുനഃപ്രതിഷ്ഠിക്കപ്പെടുന്നത് ചെകുത്താനാണ്. ഒന്നുകിൽ മതവിരുദ്ധത അല്ലെങ്കിൽ മതഭ്രാന്ത്. ഇത് രണ്ടും മാത്രമേ നമുക്ക് കാണാനും സങ്കല്പിക്കാനും കഴിയുന്നുള്ളൂ എന്നത് കഷ്ടമാണ്. ഇവയ്ക്കു രണ്ടിനുമിടയിൽ അറിയപ്പെടാതെ പോയ മതത്തെപ്പറ്റിയാണ് ജമാഅത്ത് സംസാരിക്കുന്നത്. ആ മതം ജനജീവിതത്തിൽ ഇടപെടും. അത് കാഴ്ചപ്പണ്ടമല്ല ഒരിക്കലും.

ജീവിതത്തിൽ ഇടപെടാത്ത ഒരു മതവും ദൈവവും എന്തിന് നമുക്ക്? മനസ്സിന്റെ ഉള്ളറയിൽ ഒരു ദൈവത്തെ കുടിയിരുത്തിയില്ലെങ്കിൽ പേടിയാകുമോ? മതത്തിന്റെ വാല് കൂട്ടിച്ചേർത്തില്ലെങ്കിൽ മനുഷ്യനല്ലാതാകുമോ? എന്തിന് ഈ സ്വകാര്യമതവും സ്വകാര്യ ദൈവവും? യുക്തിക്ക് തീരെ വഴങ്ങുന്നതല്ല ഈ സ്വകാര്യമിടപാട്. ഒന്നുകിൽ ദൈവത്തെ പൂർണമായി നിരാകരിക്കുക, അല്ലെങ്കിൽ പൂർണമായി സ്വീകരിക്കുക. 'സെക്യുലർ ദൈവം' പ്രഥമദൃഷ്ട്യാ തന്നെ യുക്തിവിരുദ്ധമാണ്.

ജമാഅത്തെ ഇസ്‌ലാമി പിന്തുടരുന്നത് ഇസ്‌ലാമിന്റെ ആശയങ്ങളാണ്. ദൈവത്തെക്കുറിച്ചും മതത്തെക്കുറിച്ചുമുള്ള ഇസ്‌ലാമിന്റെ വീക്ഷണം കഴിഞ്ഞ ഭാഗത്ത് വിശദീകരിച്ചിട്ടുണ്ട്. സെക്യുലരിസവും ഇസ്‌ലാമും പൂർണമായും പരസ്പരവിരുദ്ധങ്ങളായ രണ്ട് ആശയങ്ങളാണ്. ഒരു മതത്തിനും സെക്യുലരിസം അംഗീകരിക്കാനാവില്ല. ഒന്നുകിൽ ദൈവം അല്ലെങ്കിൽ താൻ. സെക്യുലരിസം രണ്ടാമത്തേതിനെ പ്രതിനിധാനം ചെയ്യുന്നു. തോന്ന്യാസം അതിന്റെ പരിണതഫലം. സെക്യുലർ ലോകത്തിന് ഒരു അച്ചുതണ്ടില്ല; ദിശാ ബോധമില്ല, നിയാമകശക്തിയില്ല. അനിശ്ചിതത്വവും അരാജകത്വവും അവിടെ വിളയാടുന്നു.

എന്നാൽ ഇന്ത്യൻ സെക്യുലരിസം കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് ഇതൊന്നുമല്ല. മതനിരപേക്ഷത എന്ന് മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുള്ള ഇന്ത്യൻ സെക്യുലരിസം മതവിരുദ്ധമല്ല. ജീവിതത്തിൽ മതവും ദൈവവും ഇടപെടരുതെന്ന് ഇന്ത്യൻ സെക്യുലരിസം അനുശാസിക്കുന്നില്ല. വ്യത്യസ്ത മതവിഭാഗങ്ങളോട് തുല്യമായ അടുപ്പവും അകലവും കാത്തുസൂക്ഷിക്കുമെന്ന സർക്കാറിന്റെ മതനിരപേക്ഷ നിലപാടിനാണ് ഇവിടെ സെക്യുലരിസമെന്നു പറയുന്നത്. മതവിരുദ്ധതയല്ല, മതസഹിഷ്ണുതയാണ് അതിന്റെ കാതൽ. മതസഹിഷ്ണുതയും മതസൗഹാർദ്ദവും ജമാഅത്തെ ഇസ്‌ലാമിയുടെ കൂടി ആശയങ്ങളാണ്. അതിനാൽ ഈ സമീപനത്തെ ജമാഅത്ത് സ്വാഗതം ചെയ്യുക മാത്രമല്ല അതിനെ പരിപോഷിപ്പിക്കുന്ന നിലപാടുകളും സ്വീകരിക്കുന്നു.

ദേശീയത-രാഷ്ട്രവുമായി ബന്ധപ്പെട്ടതായാലും സമുദായവുമായി ബന്ധപ്പെട്ടതായാലും- ജമാഅത്തെ ഇസ്‌ലാമി അംഗീകരിക്കുന്നില്ല. സാർവദേശീയതയിലും വിശ്വമാനവികതയിലുമാണ് ജമാഅത്ത് വിശ്വസിക്കുന്നത്. ഭരണസൗകര്യത്തിനുവേണ്ടി രാഷ്ട്രങ്ങൾക്ക് അതിർത്തി നിശ്ചയിക്കുന്നതിനോട് ജമാഅത്തിനു വിയോജിപ്പില്ല. എന്നാൽ ഈ അതിരടയാളങ്ങൾ ശരിയുടെയും തെറ്റിന്റെയും മാനദണ്ഡങ്ങളാകാൻ പാടില്ല.

എന്ന കാഴ്ചപ്പാടിനെ ജമാഅത്ത് എതിർക്കുന്നു.

തീവ്രദേശീയത മുസ്‌ലിംകളുടേതായാലും ഹിന്ദുക്കളുടേതായാലും ഇന്ത്യയുടേതായാലും പാക്കിസ്ഥാന്റേതായാലും അത് അംഗീകരിക്കുന്നില്ല. ദേശസ്നേഹം, പക്ഷേ, ഈ എതിർപ്പിന്റെ പരിധിയിൽ വരുന്നില്ല. അത് തികച്ചും വ്യത്യസ്തമായ ഒരു സംഗതിയാണ്. നൈസർഗികവും അഭിലഷണീയവുമാണ് ആ വികാരം. അതിൽ അപകടമില്ല. എന്നാൽ തീവ്രദേശീയത ആധു

നിക രാഷ്ട്രങ്ങളെ ബാധിച്ചിട്ടുള്ള അർബുദമാണ്. സ്വാർഥതയാണ് അതിന്റെ അന്തർധാര. സ്വാർഥത വ്യക്തിയുടേതായാലും കുടുംബത്തിന്റേതായാലും സമുദായത്തിന്റേതായാലും രാഷ്ട്രത്തിന്റേതായാലും മാനവ സമൂഹത്തിന് ഗുണം ചെയ്യില്ല. സ്വാർഥത ജനിക്കുമ്പോൾ മരിക്കുന്നത് മനുഷ്യത്വമാണ്. മാനവികതയാണ് ദേശീയതയുടെ മുഖ്യശത്രു.

ആധുനിക ജനത വിവിധ ദേശീയതകളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഓരോ ദേശീയതയും ഇതര ദേശീയതകളുമായി ശാത്രവത്തിലാണ്. ചൂഷണവും അക്രമവും യുദ്ധങ്ങളുമാണ് ഇതിന്റെ അനന്തരഫലം. വർണ-വർഗ, ദേശ-ഭാഷാ വ്യത്യാസങ്ങൾക്കതീതമായ വിശ്വമാനവികതയല്ലാതെ ഈ രോഗത്തിനു മരുന്നില്ല. ഒന്നുംരണ്ടും ലോക യുദ്ധങ്ങളുടെയും അതിന് മുമ്പും ശേഷവുമുണ്ടായ മറ്റു യുദ്ധങ്ങളുടെയും പശ്ചാത്തലം പഠിച്ചാൽ ദേശീയതയിൽ പതിയിരിക്കുന്ന അപകടം മനസ്സിലാകും. ആയുധങ്ങൾ കാവലിരിക്കുന്ന ദേശീയത കൊണ്ട് മനുഷ്യനു പ്രയോജനമൊന്നുമില്ല. ഉപദ്രവങ്ങൾ ധാരാളമുണ്ട് താനും. ഒരു പ്രയോജനവുമില്ലാത്ത ദേശീയതയെ നിലനിർത്താൻ കോടികൾ ചെലവഴിച്ച് ആയുധം വാങ്ങുന്നതിലെ യുക്തിയെന്ത്? ജനങ്ങളെ പട്ടിണിക്കിട്ടും നിലനിർത്താൻ മാത്രം എന്ത് മഹത്വമാണ് ദേശീയതയ്ക്കുള്ളത്? ചിന്തിച്ചിട്ടുണ്ടോ, ദേശീയത തകർന്നാൽ പിന്നെ ആയുധം വേണ്ട ലോകത്തിന്! പരസ്പരം കൊന്നുംവെന്നും ഈ വിഗ്രഹത്തെ സംരക്ഷിക്കണോ നമ്മൾ.

ജനാധിപത്യത്തെക്കുറിച്ചുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ കാഴ്ചപ്പാടും സൂക്ഷ്മമായി വിലയിരുത്തപ്പെടേണ്ടതാണ്. രാജാക്കൻമാരുടെയും നാടുവാഴികളുടെയും പട്ടാളക്കാരുടെയും സ്വേഛാഭരണകൂടങ്ങൾക്ക് പകരം ജനഹിതപ്രകാരമുള്ള ജനങ്ങളുടെ ഭരണകൂടം എന്ന സങ്കല്പത്തെയല്ല ജമാഅത്ത് എതിർക്കുന്നത്. ഭൂരിപക്ഷത്തിന്റെ ഹിതമനുസരിച്ചുള്ളതായിരിക്കണം ഭരണകൂടം എന്നത് തന്നെയാണ് ജമാഅത്തിന്റെയും കാഴ്ചപ്പാട്. അതിനാൽ രാജാധിപത്യത്തെയും പട്ടാളഭരണത്തെയും അത് എതിർക്കുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന ജനാധിപത്യ മുന്നേറ്റങ്ങളെ പിന്തുണക്കുകയും ചെയ്യുന്നു. ജനഹിതം ഭരണകൂടങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള അടിസ്ഥാനമാകുന്നതിനെ ജമാഅത്ത് ഒരിക്കലും ചോദ്യം ചെയ്തിട്ടില്ല. അഭിപ്രായ സ്വാതന്ത്ര്യവും ഭൂരിപക്ഷത്തിന്റെ താല്പര്യങ്ങളും സ്വന്തം പാർട്ടി ഘടനയിൽപോലും ജമാഅത്ത് കണിശമായി മാനിക്കുന്നു. സംഘടനാ നേതൃത്വത്തെ തെരഞ്ഞെടുക്കാൻ ജമാഅത്ത് സ്വീകരിച്ച മാർഗവും ഇതുതന്നെയാണ്.

വിയോജിപ്പ് കിടക്കുന്നത് മറ്റൊരു വശത്താണ്. നിയമനിർമാണാധികാരവുമായി ബന്ധപ്പെട്ടതാണത്. ഭൂരിപക്ഷത്തിന്റെ അഭിപ്രായങ്ങളെ നിയമത്തിന്റെ പദവിയിലേക്കുയർത്തുന്ന ജനാധിപത്യത്തിന്റെ തത്ത്വത്തോട് ജമാഅത്തിന് യോജിപ്പില്ല. നിയമനിർമാണാധികാരം മനുഷ്യനില്ല, ഉണ്ടാകാൻ പാടില്ല എന്നാണ് ജമാഅത്തിന്റെ നിലപാട്. ഈ അധികാരം ദൈവത്തിൽ നിക്ഷിപ്തമാണ്.[28] നിയമം ദൈവത്തിൽനിന്ന്. മനുഷ്യൻ അതനു

സരിച്ച് കാര്യങ്ങൾ നിർവഹിക്കുന്നവൻ മാത്രം. നിർവാഹിയെ തെരഞ്ഞെടുക്കുന്നത് തീർച്ചയായും ഭൂരിപക്ഷ ഹിതമനുസരിച്ച് തന്നെ.

എന്താണ് മനുഷ്യൻ നിയമം നിർമിച്ചാലുള്ള കുഴപ്പം? എന്താണ് നിയമം എന്നതിനെ ആശ്രയിച്ചിരിക്കുന്നു ഈ ചോദ്യത്തിനുള്ള ഉത്തരം. പരിപൂർണ നീതിയും ന്യായവും ലഭ്യമാക്കുന്നതിനുള്ള ഏർപ്പാടാണത്. എല്ലാവർക്കും പ്രയോജനമുള്ളതായിരിക്കണം ഈ ഏർപ്പാട്. എല്ലാവരും അത് അംഗീകരിക്കുകയും വേണം. ഇങ്ങനെ ഒരു ഏർപ്പാടുണ്ടാക്കാൻ മനുഷ്യനു കഴിയുമോ? മനുഷ്യന്റെ ജ്ഞാനപരിമിതികളും പക്ഷപാതിത്തങ്ങളും തീർച്ചയായും അവനുണ്ടാക്കുന്ന നിയമത്തെ ബാധിക്കും. അല്ലെങ്കിലും ഭൂരിപക്ഷത്തിന്റെ പിന്തുണയുണ്ട് എന്നതുകൊണ്ട് മാത്രം ഒരു നിയമം നീതിയുക്തമാകുന്നതെങ്ങനെ? ശരിയും തെറ്റും തീരുമാനിക്കുന്നതിനുള്ള മാനദണ്ഡം ഭൂരിപക്ഷമല്ല തന്നെ. ആ നിലപാടിൽ യുക്തിയുടെ സ്പർശം പോലുമില്ല. ഭൂരിപക്ഷത്തിന്റെ അഭീഷ്ടം എന്തുമാകാം. അതിനെ നിയന്ത്രിക്കുന്ന ഒരു ശക്തിയുമില്ല. അനിയന്ത്രിതമായ ഈ അഭിലാഷങ്ങൾക്ക് നിയമത്തിന്റെ പദവി നല്കുന്നത് അപകടമാണ്. മറ്റുള്ളവർക്ക് മാത്രമല്ല അവർക്കു തന്നെയും. തീർച്ചയായും ജനാധിപത്യം വളയമില്ലാതെയുള്ള ചാട്ടമാണ്. ദൈവഹിതം കൊണ്ട് ഇസ്‌ലാം ജനഹിതത്തിന് വളയം തീർക്കുന്നു. ഇവിടെ സ്വാതന്ത്ര്യം നിയന്ത്രിതമാണ്. ശരി, പക്ഷേ, ഒന്നു കൂടിയുണ്ട്; അത് സുരക്ഷിതവുമാണ്. ജനപ്രിയ നിയമനിർമാണ വ്യവസ്ഥയിൽ സ്വാതന്ത്ര്യം അപകടകരമാംവിധം അനിയന്ത്രിതമാണ്. സുരക്ഷിത സ്വാതന്ത്ര്യം വേണോ അരക്ഷിത സ്വാതന്ത്ര്യം വേണോ എന്നതാണ് മനുഷ്യന്റെ മുമ്പിലുള്ള പ്രശ്നം.

ഈ മൂന്ന് ആശയങ്ങൾക്കും ശോഭനമായ ഒരു ഉദ്ഭവ ചരിത്രമുണ്ടെന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല. ക്രൈസ്തവ പുരോഹിതൻമാരുടെ മതമേധാവിതത്തത്തിനെതിരായ സമർത്ഥമായ നീക്കമായിട്ടാണ് സെക്യുലരിസം രംഗത്തുവരുന്നത്. പൗരോഹിത്യത്തോടുള്ള അതിന്റെ എതിർപ്പിൽ ശരിയുണ്ട്. പുരോഹിതനോടുള്ള വിരോധം ദൈവവിരോധമായി പരിണമിച്ചതാണ് പില്ക്കാലത്ത് അതിനു സംഭവിച്ച തെറ്റ്. എലിയെ പേടിച്ച് ഇല്ലം ചുട്ടു സെക്യുലരിസം.

പോപ്പും സീസറും തോളോട് തോൾ ചേർന്ന് ലോകരാഷ്ട്രങ്ങളെ കാൽകീഴിലമർത്തിയപ്പോഴാണ് ദേശീയബോധം ഉടലെടുക്കുന്നത്. ഒരു രാഷ്ട്രത്തിന്റെ താല്പര്യങ്ങൾ തീരുമാനിക്കേണ്ടത് അവിടത്തെ ജനതയാണെന്നും അവർ പോപ്പിസത്തിന്റെയോ ഇംപീരിയലിസത്തിന്റെയോ ചട്ടുകങ്ങളെല്ലന്നുമുള്ള തിരിച്ചറിവാണ് ദേശീയതയുടെ അടിസ്ഥാന വികാരമായി വർത്തിച്ചത്. എന്നാൽ ഈ ദേശീയവികാരം ക്രമേണ ഒരു ആശയമായി വളരുകയും ജനങ്ങളുടെയും രാഷ്ട്രങ്ങളുടെയും നിയാമകശക്തിയായിത്തീരുകയും ചെയ്തു. രാഷ്ട്രങ്ങൾ തമ്മിലുള്ള കിടമത്സരത്തിലേക്കും അക്രമത്തിലേക്കും യുദ്ധങ്ങളിലേക്കും അത് വ്യതിചലിച്ചുകൊണ്ടിരുന്നു. ദേശീയതയ്ക്ക് രൂപപ്പെടുത്താൻ കഴിയുന്ന ഉത്തമപൗരനാണ്

ഹിറ്റ്ലർ. ലോകം ഇത്തരം ഉത്തമപൗരൻമാരെക്കൊണ്ട് നിറഞ്ഞാൽ........

ജനാധിപത്യത്തിനും മഹിതമായ ഉദ്ഭവ പശ്ചാത്തലമുണ്ട്. ഏകാധിപത്യത്തിന്റെയും സർവാധിപത്യത്തിന്റെയും ചങ്ങല പൊട്ടിച്ചെറിയുക എന്ന ജനാധിപത്യത്തിന്റെ ലക്ഷ്യം പവിത്രമായിരുന്നു. നിരവധി ജനതതികളെ സ്വാതന്ത്ര്യത്തിന്റെ പുലരിയിലേക്ക് നയിക്കാൻ അതിന് സാധിച്ചിട്ടുണ്ട്. എന്നാൽ നിയമത്തിന്റെയും നീതിയുടെയും അടിസ്ഥാന സ്രോതസ്സിനെ ചോദ്യം ചെയ്യുന്നിടത്തോളം അത് വളർന്നത് അപകടം ചെയ്തു.

സെക്യുലരിസവും ദേശീയതയും ജനാധിപത്യവും ആധുനിക മനുഷ്യന്റെ താത്ത്വിക സമസ്യകളാണ്. ഇവ തന്നെയാണ് അവന്റെ പ്രായോഗിക പ്രശ്നങ്ങളും സെക്യുലരിസത്തെ മതസഹിഷ്ണുതയിലേക്കും ദേശീയതയെ ദേശസ്നേഹത്തിലേക്കും ജനാധിപത്യത്തെ ജനഹിതത്തിലേക്കും പരിമിതപ്പെടുത്തുന്നത് വരെ ആധുനിക മനുഷ്യന് രക്ഷയില്ല.

## മൂന്ന്

## കർമപഥം

ജമാഅത്തെ ഇസ്ലാമിയുടെ ജീവിതവീക്ഷണം ഇസ്ലാമിന്റെ ജീവിതവീക്ഷണം തന്നെയാണ്. അത് രണ്ടാം ഭാഗത്ത് വിശദീകരിക്കപ്പെട്ടതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല. ഇസ്ലാമിക ദർശനത്തോടുള്ള ജമാഅത്തിന്റെ പ്രതിബദ്ധത വികാരപരമല്ല. ജീവിതത്തെയും പ്രപഞ്ചത്തെയും സംബന്ധിച്ച ഇസ്ലാമിന്റെ വീക്ഷണമാണ് ശരി എന്ന് ജമാഅത്ത് ഉറച്ചു വിശ്വസിക്കുന്നു. പ്രവാചകൻമാരിലൂടെ മാനവസമൂഹത്തിനുപകർന്നു കിട്ടിയ ഈ വീക്ഷണം അംഗീകരിക്കുന്നതിലാണ് ലോകത്തിന്റെ നൻമ എന്നും ജമാഅത്ത് കരുതുന്നു. അതുകൊണ്ട് ഈ വീക്ഷണം പ്രചരിപ്പിക്കുന്നതിനും അത് മുന്നിട്ടിറങ്ങുന്നു. ഈ വിഷയത്തിൽ പക്ഷേ, ജമാഅത്തിന് പിടിവാശിയേതുമില്ല. മനുഷ്യന്റെ ബുദ്ധിയോടും യുക്തിയോടും സമാധാനാന്തരീക്ഷത്തിൽ സംവദിക്കുന്ന ജമാഅത്ത് അതിന്റെ വിശ്വാസം ആരെയും അടിച്ചേല്പിക്കുന്നില്ല. ആശയ മേഖലയിൽ സമ്പൂർണ സ്വാതന്ത്ര്യം അത് അനുവദിക്കുന്നു. 'ഇഷ്ടമുള്ളവർക്ക് സ്വീകരിക്കാം. വേണ്ടാത്തവർക്ക് തള്ളാം' എന്നാണ് അതിന്റെ നിലപാട്. ഈ നിലപാടും ഇസ്ലാമിന്റേത് തന്നെ. പ്രവാചകൻമാർ അനുവദിച്ച വിശ്വാസ സ്വാതന്ത്ര്യം അനുപമമാണ്. അതിൽനിന്ന് വ്യതിചലിക്കാൻ ജമാഅത്ത് ഇഷ്ടപ്പെടുന്നില്ല. കാരണം ഈ വ്യതിയാനം ഇസ്ലാമിൽ നിന്നുള്ള വ്യതിയാനമായിപ്പോകും.

ഒരുതരം അക്കാദമിക സ്വഭാവം ജമാഅത്തെ ഇസ്ലാമിയുടെ ഘടനയിൽ തന്നെയുണ്ട്. വായിക്കുക, വായിപ്പിക്കുക എന്നത് ജമാഅത്തിന്റെ സവിശേഷത തന്നെയാണ്. പ്രസിദ്ധീകരണരംഗത്ത് ജമാഅത്ത് മികവ് തെളിയിച്ചത് യാദൃശ്ചികമല്ല. ബൗദ്ധികമായ അതിന്റെ പരിവേഷം ജാടയുമല്ല. ചിന്തിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന ഒരു അനുയായിവൃന്ദം ജമാഅത്തിനുണ്ടായത് തികച്ചും സ്വാഭാവികം. ആദ്യകാല കമ്യൂണിസ്റ്റു

പ്രസ്ഥാനങ്ങളെപ്പോലും അതിശയിപ്പിക്കുന്നു ജമാഅത്തിന്റെ പുസ്തക ബന്ധം.

ജമാഅത്തെ ഇസ്‌ലാമിയുടെ പ്രഥമ നായകനായിരുന്ന സയ്യിദ് മൗദൂദി ഉജ്ജ്വല ചിന്തകനും എഴുത്തുകാരനുമായിരുന്നു. അദ്ദേഹത്തിന്റെ ലോക നിരീക്ഷണങ്ങൾ ഇന്ത്യക്കകത്ത് മാത്രമല്ല പുറംലോകത്തും ശ്രദ്ധിക്കപ്പെട്ടു. ആധുനിക പശ്ചാത്തലത്തിലുള്ള അദ്ദേഹത്തിന്റെ ഇസ്‌ലാമിക പഠനങ്ങൾ ചർച്ചകൾക്കും വിലയിരുത്തലുകൾക്കും വിധേയമായി. ആധുനിക മസ്തിഷ്കം അതിൽ ആകൃഷ്ടമായി. പാശ്ചാത്യ നാടുകളിൽപോലും അതിന്റെ വശ്യത അനുഭവപ്പെട്ടു. പ്രമുഖ ചിന്തകരുടെ സമ്മതിയും അത് നേടി. ഇന്നും അതിന്റെ ശക്തിയും വശ്യതയും അക്ഷയമായി നില്ക്കുന്നു.

പ്രൗഢമായ ധാരാളം പഠനങ്ങളും നിരീക്ഷണങ്ങളും ജമാഅത്തെ ഇസ്‌ലാമി ലോകത്തിനു സമർപ്പിച്ചിട്ടുണ്ട്. ജീവിതത്തിന്റെ എല്ലാ വശങ്ങളെപ്പറ്റിയും അതിൽ പരാമർശങ്ങളുണ്ട്. ഭാഷകളുടെയും വർഗങ്ങളുടെയും പരിമിതികൾ ഭേദിച്ച് ജമാഅത്ത് ജനങ്ങളുടെ ചിന്തയിലേക്ക് ചെന്നു. സ്വീകാരവും തിരസ്കാരവും ഒരേ മാനസികാവസ്ഥയിൽ സ്വീകരിക്കാൻ ജമാഅത്തിന് കഴിഞ്ഞു. രണ്ടും മുമ്പേ അത് വകവെച്ചു കൊടുത്തിട്ടുണ്ടല്ലോ.

സാഹിത്യങ്ങളും ആനുകാലികങ്ങളും എല്ലാ ഭാഷകളിലും പ്രദേശങ്ങളിലും - ഈ രംഗത്ത്[29] ജമാഅത്ത് കൈവരിച്ച നേട്ടം അതിന്റെ ബൗദ്ധിക മേൻമ വിളിച്ചോതുന്നു. ജമാഅത്തിന്റെ മിക്ക ആനുകാലികങ്ങളും അരനൂറ്റാണ്ട് പിന്നിട്ടു. കാലത്തിന്റെ സ്പന്ദനങ്ങളുമായി പുറത്തിറങ്ങുന്ന ഈ പ്രസിദ്ധീകരണങ്ങൾ വിചാരവിപ്ലവരംഗത്ത് നല്കിയ സംഭാവനകൾ സ്മരണീയമാണ്. എന്നും ജനങ്ങളുടെ താല്പര്യങ്ങളോടൊപ്പം നിലയുറപ്പിച്ച ഈ ജിഹ്വകൾ തിൻമയുടെ ശക്തികളെ തുറന്നുകാട്ടുന്നതിൽ വലിയ പങ്കു വഹിക്കുന്നു. സാമ്രാജ്യത്ത അധിനിവേശത്തെയും ഫാഷിസ്റ്റ് വർഗീയതയെയും എതിർക്കുന്നതിൽ എന്നും അവ മുൻപന്തിയിലുണ്ട്. നമ്മുടെ കാലത്തിന്റെ ദാർശനിക സമസ്യകളും അസ്വാസ്ഥ്യങ്ങളും തുറന്ന മനസ്സോടെ വിലിയുരുത്തുകയും എല്ലാ വിഭാഗം ആളുകളുടെയും അഭിപ്രായങ്ങൾ വെളിച്ചത്ത് കൊണ്ടുവരികയും ചെയ്യുന്ന ഈ പ്രസിദ്ധീകരണങ്ങൾ എഴുത്തുകാർക്ക് അനുവദിക്കുന്ന സ്വാതന്ത്ര്യം പ്രശംസനീയമാണ്. നമ്മുടെ പ്രമുഖ എഴുത്തുകാരെല്ലാം ഈ സ്വാതന്ത്ര്യം അനുഭവിച്ചിട്ടുണ്ട്. എഴുത്തുകാരുടെ വീക്ഷണങ്ങൾ പത്രാധിപരുടെ കത്തിക്കിരയാകാതെ വായനക്കാരന്റെ മുമ്പിലെത്തുന്നു എന്നത് നിസ്സാര സംഗതിയല്ല.

ജമാഅത്തെ ഇസ്‌ലാമിയോട് ആഭിമുഖ്യമുള്ളവർ പ്രസിദ്ധീകരിക്കുന്ന 'മാധ്യമം' ദിനപത്രം ധീരവും സ്വതന്ത്രവുമായ അഭിപ്രായപ്രകടനങ്ങൾ കൊണ്ട് ഇതിനകം ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. പത്രധർമത്തിന്റെ ഉദാത്ത മാതൃകയായി അത് നിലകൊള്ളുന്നു. തങ്ങൾക്ക് ഇഷ്ടമുള്ള വാർത്തകൾ മാത്രം പ്രസിദ്ധീകരിക്കുകയും അല്ലാത്തവ തമസ്കരിക്കുകയും കേരളത്തിലെ പത്രങ്ങൾ പതിവാക്കിയിരുന്ന കാലത്താണ് കോഴിക്കോട് വെള്ളിമാട്കുന്നിൽനിന്ന് മാധ്യമം പ്രസിദ്ധീകരണമാരംഭിച്ചത്. 'വെള്ളിമാടുകുന്നിലെ

വെള്ളിനക്ഷത്രം' എന്നാണ് വൈക്കം മുഹമ്മദ് ബഷീർ അന്ന് അതിനെ വിശേഷിപ്പിച്ചത്. ബഷീറിന്റെ അഭിപ്രായം തെറ്റിയില്ല. പത്രലോകത്തെ വിസ്മയമായി മാധ്യമം ജ്വലിച്ചു നിൽക്കുന്നു, കൂടുതൽ ശോഭയോടെ.

ജമാഅത്തെ ഇസ്‌ലാമി എപ്പോഴും മനുഷ്യബുദ്ധിയോട് സംവദിച്ചുകൊണ്ടിരിക്കുന്നു. ക്ലാസുകൾ, മീറ്റിംഗുകൾ, സമ്മേളനങ്ങൾ, സെമിനാറുകൾ, സിമ്പോസിയങ്ങൾ - ആശയവിനിമയത്തിനുള്ള എല്ലാ അവസരങ്ങളും അത് ഉപയോഗപ്പെടുത്തുന്നു. ഏക മുഖമുള്ളതല്ല ഈ പരിപാടികളിൽ അധികവും. ശ്രോതാവിന്, ശത്രുവിന് പോലും തന്റെ വീക്ഷണം അവതരിപ്പിക്കാനുള്ള തുറന്ന അവസരം കൂടി ഇവയിൽ നല്കപ്പെടുന്നു. സ്വന്തം താത്വികൻമാരെയും അനുയായികളെയും മാത്രം പങ്കെടുപ്പിച്ച് സിമ്പോസിയങ്ങൾ നടന്നിരുന്ന കാലത്ത് എതിരാളികൾക്ക് തുല്യ അവസരങ്ങൾ നല്കി ജമാഅത്ത് സംഘടിപ്പിച്ച സിമ്പോസിയങ്ങൾ ഒരു കാലത്ത് കേരളത്തിന് പുതുമയായിരുന്നു. എതിർ വീക്ഷണക്കാരെ സമ്മേളനത്തിലേക്ക് ക്ഷണിക്കുകയും അവർക്ക് പറയാനുള്ളത് ശ്രദ്ധാപൂർവം കേൾക്കുകയും ചെയ്യുന്ന രീതിക്കും തുടക്കം കുറിച്ചത് ജമാഅത്ത് തന്നെ. ഡയലോഗിന്റേതായ ഒരു പുതിയ സംസ്കൃതി തന്നെ ഇയിടെ അത് വികസിപ്പിച്ചെടുത്തു. വാദങ്ങളും പ്രതിവാദങ്ങളുമായി ശണ്ഠ കൂടുന്ന പഴയ ശൈലിക്കു പകരം ഡയലോഗ്, ഇന്ത്യ പോലുള്ള ഒരു രാജ്യത്തിന് കൂടുതൽ ഉചിതമാകും. യോജിക്കാനും വിയോജിക്കാനുമുള്ള സ്വാതന്ത്ര്യത്തോടെ ആരംഭിക്കുന്ന ഡയലോഗുകൾ അതേ സ്വാതന്ത്ര്യത്തോടെ അവസാനിക്കുകയും ചെയ്യുന്നു. വിജയപരാജയങ്ങളല്ല, അറിയാനും അറിയിക്കാനുമുള്ള സ്വാതന്ത്ര്യമാണ് ഇവിടെ പ്രധാനം. ജമാഅത്ത് പരീക്ഷിച്ച് വിജയിച്ച ഈ മേഖലയിലേക്ക് ഇപ്പോൾ മറ്റുള്ളവരും കടന്നുവരുന്നത് സന്തോഷകരമാണ്.

രണ്ടു വിഭാഗത്തിന്റെ കാര്യത്തിൽ ജമാഅത്തെ ഇസ്‌ലാമി പ്രത്യേകം ശ്രദ്ധിക്കുന്നു- വനിതകളും യുവാക്കളും. ആദ്യത്തെ വിഭാഗം അടിച്ചമർത്തപ്പെട്ടവരാണ്; രണ്ടാമത്തേത് പിടിവിട്ട് പോയവരും. പേറ്റ് യന്ത്രവും അടുക്കള ജോലിക്കാരിയുമാകാനാണ് നമ്മുടെ വനിതയുടെ വിധി. അടുക്കളയിൽ മാത്രമല്ല അങ്ങാടിയിലും അവൾ പീഡിപ്പിക്കപ്പെടുന്നു. അവളുടെ ശരീരവും ആത്മാവും ചൂഷണം ചെയ്യപ്പെടുന്നു. വിദ്യാഭ്യാസത്തിനും ഉദ്യോഗത്തിനുമൊന്നും ഇതിന് അറുതിവരുത്താനായില്ല. അമ്മയും പെങ്ങളുമെന്ന പവിത്ര സ്ഥാനം പോലും അവൾക്ക് നഷ്ടപ്പെട്ടു. രണ്ട് തരം സമീപനം വനിതകളോട് നമ്മുടെ സമൂഹം പുലർത്തിപ്പോരുന്നു. ഒന്ന് യാഥാസ്ഥിതികം. മറ്റേത് അതിരുവിട്ട വിപ്ലവാത്മകം. ഒന്നാം വിഭാഗം സ്ത്രീക്ക് മനുഷ്യപദവി നിഷേധിക്കുന്നു. രണ്ടാം വിഭാഗം അവളിൽ പുരുഷ പദവി അടിച്ചേല്പിക്കുന്നു. ഒന്ന് അടിമത്തത്തിന്റെ ഭാരമാണെങ്കിൽ രണ്ടാമത്തേത് 'വിമോചന'ത്തിന്റെ ഭാരം! രണ്ടു കൂട്ടരും കെട്ടിവെച്ച ഭാരത്തിന്റെ ഫലമായി സ്ത്രീയുടെ മുതുകൊടിഞ്ഞു. അസ്തിത്വവും വ്യക്തിത്വവും അവൾക്ക് നഷ്ടപ്പെട്ടു.

വനിതാ വിമോചനത്തെപ്പറ്റി സ്വന്തമായ കാഴ്ചപ്പാടുണ്ട് ജമാഅത്തെ

ഇസ്‌ലാമിക്ക്. യാഥാർഥ്യങ്ങളിലധിഷ്ഠിതമാണ് ഈ കാഴ്ചപ്പാട്. സ്ത്രീ സ്ത്രീയാണ്. അവൾക്ക് പുരുഷനാകാൻ കഴിയില്ല. പുരുഷന് സ്ത്രീയാകാൻ കഴിയാത്തതുപോലെ. സ്ത്രീയും പുരുഷനും വ്യത്യസ്ത യാഥാർഥ്യങ്ങളാണ്. ഒന്ന് മറ്റേതിനേക്കാൾ കേമമല്ല. എന്നാൽ കേമത്തരം പുരുഷന് ആരോപിച്ചുപോരുന്നുണ്ട്. ഇത് അവസാനിപ്പിക്കുകയാണ് ആദ്യം വേണ്ടത്. കുടുംബത്തിലും സമൂഹത്തിലും സ്ത്രീയുടെ പങ്ക് ചെറുതായി കാണുക എന്ന തെറ്റ് നമുക്ക് പറ്റിയിട്ടുണ്ട്. അവളുടെ യഥാർഥ അവകാശങ്ങൾ നിഷേധിക്കാനും ഇല്ലാത്ത ഭാരം അവളിൽ കെട്ടിവെക്കാനുമുള്ള ധാർഷ്ട്യം നമ്മുടെ സമൂഹം കാണിച്ചിട്ടുണ്ട്. ഇത് തിരുത്തുവാൻ ജമാഅത്തെ ഇസ്‌ലാമി ശ്രമിച്ചുകൊണ്ടിരിക്കുന്നു. വനിതകൾക്ക് ഉയർന്ന വിദ്യാഭ്യാസവും സമൂഹത്തിൽ അർഹമായ സ്ഥാനവും നേടിക്കൊടുക്കുകയെന്ന ലക്ഷ്യം വെച്ച് അവരുടെ കൂട്ടായ്മക്കും ജമാഅത്ത് രൂപം നല്കി. ജമാഅത്തെ ഇസ്‌ലാമിയുടെ വനിതാ വിഭാഗവും ഗേൾസ് ഇസ്‌ലാമിക് ഓർഗനൈസേഷനും വനിതകളുടെ വിഷയത്തിൽ പ്രത്യേക താല്പര്യമെടുത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

നമ്മുടെ യുവാക്കളുടെ കാര്യം മഹാകഷ്ടമാണ്. ഇന്ത്യൻ ശരീരവും പാശ്ചാത്യ മനസ്സുമായി സ്വത്വബോധം നഷ്ടപ്പെട്ട് വീടിനും നാടിനും ഭാരമായി അലയുകയും ഉഴലുകയുമാണ് നമ്മുടെ യുവത്വം. സാംസ്കാരിക തനിമയും വിപ്ലവബോധവും അവർക്ക് നഷ്ടപ്പെട്ടു. യുവാക്കളുടെ കർമശേഷിയും സർഗശേഷിയും സമൂഹത്തിന് പ്രയോജനപ്പെടുന്നില്ല. യൗവനം നാടിന് നഷ്ടപ്പെടുന്ന ഈ സാഹചര്യത്തിലാണ് സ്റ്റുഡൻസ് ഇസ്‌ലാമിക് ഓർഗനൈസേഷൻ എന്ന വിദ്യാർഥി-യുവജന സംഘടനക്ക് ജമാഅത്ത് രൂപം നല്കിയത്. ചെറുതെങ്കിലും ധാർമികമൂല്യങ്ങളും ദിശാബോധവുമുള്ള ഒരു സംഘം ചെറുപ്പക്കാരെ സമൂഹത്തിന് സമർപ്പിക്കാൻ ജമാഅത്തിന് സാധിച്ചിട്ടുണ്ട്.

ഇന്ത്യൻ യുവത്വം പടിഞ്ഞാറൻ പ്രളയത്തിൽ ആടി ഉലയുമ്പോൾ മാനവസംസ്കൃതിയുടെ നെടുംതൂണുകളിൽ പിടിച്ചുനില്ക്കുകയാണ് ഈ കൊച്ചു സംഘം. പടിഞ്ഞാറോട്ടുള്ള ഒഴുക്ക് അസ്തമനത്തിലേക്കാണെന്നും അസ്തമനത്തിനുശേഷം ഇരുട്ടാണെന്നും ഇരുട്ടിൽ പെങ്ങളെയും പത്നിയെയും തിരിച്ചറിയില്ലെന്നും തിരിച്ചറിവ് നഷ്ടപ്പെടുമ്പോൾ മനുഷ്യൻ മൃഗമായിത്തീരുമെന്നും ശേഷം നമ്മുടെ നാടും നഗരവും കടുവയും സിംഹവും വിളയാടുന്ന ഘോരവനങ്ങളായി മാറുമെന്നും ഈ യുവാക്കൾ മുന്നറിയിപ്പ് നല്കുന്നു.

സേവനരംഗത്ത് മായാത്ത മുദ്രകൾ പതിപ്പിച്ചിട്ടുണ്ട് ജമാഅത്തെ ഇസ്‌ലാമി. ജനസേവനത്തിൽ ദൈവാരാധനയുണ്ടെന്ന് തിരിച്ചറിഞ്ഞ പ്രസ്ഥാനമാണത്. ഈ സേവനത്തിന് അതിർവരമ്പുകളില്ല. ജനങ്ങളാണ് അതിന്റെ ലക്ഷ്യം; എല്ലാ വിഭാഗം ജനങ്ങളും. മതവും ജാതിയും ദേശവും ഏതായാലും ജനങ്ങളുടെ ജീവിതാവശ്യങ്ങൾ ഒന്നാണ്. വിശപ്പിനും ദാഹത്തിനും ജാതിയില്ല. എല്ലാവർക്കും ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം,

ആരോഗ്യം- ഇത് ഇസ്‌ലാമിന്റെ ലക്ഷ്യമാണ്. ഇസ്‌ലാമിക വ്യവസ്ഥിതിയിൽ അതിന് സംവിധാനമുണ്ട്. ഇസ്‌ലാമിക വ്യവസ്ഥിതിയുടെ അഭാവത്തിലും ജമാഅത്ത് അതിന്റെ പരിമിതികൾക്കുള്ളിൽനിന്ന് ഈ കർത്തവ്യം നിർവഹിക്കുന്നു. എല്ലാവരും ദൈവത്തിന്റെ സൃഷ്ടിക്കളാണെന്ന ബോധവും അത് ജനിപ്പിക്കുന്ന കാരുണ്യവുമാണ് ജമാഅത്ത് ചെയ്യുന്ന ജനസേവനപ്രവർത്തനങ്ങളുടെ പ്രചോദനം.

കലാപബാധിതരെയും പ്രകൃതിക്ഷോഭത്തിന് ഇരയായവരെയും പുനരധിവസിപ്പിക്കുന്നതിൽ ജമാഅത്ത് സ്തുത്യർഹമായ പങ്ക് വഹിച്ചു. ആസാമിലെ നെല്ലി, മഹാരാഷ്ട്രയിലെ ഭീവണ്ടി, ബീഹാറിലെ ഭഗൽപൂർ- വർഗീയത രക്തതാണ്ഡവമാടിയ പ്രദേശങ്ങൾ. മനുഷ്യസ്നേഹത്തിന്റെയും ജീവകാരുണ്യത്തിന്റെയും അനുപമ മാതൃകയാണ് ജമാഅത്ത് ഇവിടെ കാഴ്ചവെച്ചത്. ലാത്തൂരിലെ ഭൂകമ്പ ബാധിത പ്രദേശങ്ങളും ആന്ധ്രയിലെയും ഒറീസയിലെയും പ്രളയബാധിത പ്രദേശങ്ങളും ജമാഅത്തെ ഇസ്‌ലാമിയുടെ കരസ്പർശത്തിന്റെ സാന്ത്വനമനുഭവിച്ചു. കോഴിക്കോട്ടെയും തിരുവനന്തപുരത്തെയും ചേരി നിവാസികളും ജമാഅത്തിന്റെ സേവനം മറക്കാനിടയില്ല.

സർക്കാറിന്റെ ഖജനാവ് തുറക്കുന്നത് കാത്തുനിൽക്കാതെ തങ്ങൾക്കാവുന്നത് എല്ലാ മേഖലയിലും ചെയ്യുക എന്ന നയമാണ് സേവനരംഗത്ത് ജമാഅത്ത് സ്വീകരിച്ചിരിക്കുന്നത്. പലിശ രഹിത വായ്പ രംഗത്ത് ജമാഅത്ത് ചെയ്യുന്ന സേവനങ്ങൾ ഇതിന് ഒരു തെളിവാണ്. വ്യക്തികളുടെയും രാഷ്ട്രങ്ങളുടെയും നട്ടെല്ലൊടിച്ച മഹാവിപത്താണ് പലിശ. അധ്വാനിക്കാതെ അന്യരുടെപണം പോക്കറ്റിലാക്കാനുള്ള ധനികന്റെ സാമ്പത്തിക സൂത്രമാണ് പലിശയിലുള്ളത്. ചൂഷണത്തിന്റെ ഏറ്റവും പ്രാകൃതവും ക്രൂരവുമായ രൂപമാണിത്. ആധുനിക സമ്പദ് വ്യവസ്ഥയുടെ നെടും തൂണായി പലിശ വളർന്നു കഴിഞ്ഞിരിക്കുന്നു. ഇസ്‌ലാം പലിശയെ നിയമം മൂലം നിരോധിച്ചിട്ടുണ്ട്. ഒരു മതവും അതിനെ പ്രോത്സാഹിപ്പിച്ചിട്ടില്ല. ദാർശനികൻമാരും വിപ്ലവകാരികളും അതിനെ എതിർത്തിട്ടേയുള്ളൂ. എന്നിട്ടും പലിശ നമ്മുടെ നിയമപുസ്തകത്തിൽ സ്ഥാനം പിടിച്ചു. അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ വിയർപ്പും രക്തവും ഊറ്റിക്കുടിക്കുന്ന ഈ രാക്ഷസനെതിരെ തുടക്കം മുതലേ ജമാഅത്ത് സമര രംഗത്തുണ്ട്. കേവലബോധവൽക്കരണം കൊണ്ട് മതിയാക്കാതെ പലിശരഹിത വായ്പ-നിക്ഷേപ രംഗത്ത് കൊച്ചുമാതൃകകൾ സൃഷ്ടിക്കാൻ അത് ശ്രമിക്കുന്നു. സാധാരണക്കാരന്റെ അത്താണിയായി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ജനങ്ങളുടെ ആവശ്യത്തിന് ഇത് മതിയാവില്ലെങ്കിലും പലിശയുടെ കൊടും ചൂഷണത്തിനെതിരെയുള്ള ക്രിയാത്മക പ്രതികരണത്തിന്റെ പ്രതീകമാവുക എന്ന ദൗത്യമെങ്കിലും ഇവ നിർവഹിക്കുന്നു. പലിശ മുക്തമായ വായ്പാ-നിക്ഷേപ സമ്പ്രദായം ആരംഭിക്കുന്നതിന് സർക്കാരിനോട് ജമാഅത്ത് പല തവണ അഭ്യർഥിച്ചെങ്കിലും ഫലമുണ്ടായില്ല. പലിശരഹിത ബാങ്ക് സ്വന്തമായി ആരംഭിക്കാൻ പോലും

സർക്കാർ അനുമതി നല്കിയില്ല. വിദേശ രാഷ്ട്രങ്ങളിൽ വിജയകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പലിശ രഹിത ബാങ്കിംങ് സമ്പ്രദായം ഇന്ത്യയിലും വിജയിക്കുമെന്ന് ജമാഅത്തിന് ശുഭപ്രതീക്ഷയുണ്ട്.

സാമൂഹിക പ്രവർത്തനരംഗത്ത് ജമാഅത്തെ ഇസ്‌ലാമിക്ക് ഉജ്ജ്വല മായ പാരമ്പര്യമുണ്ട്. ലഹരിപദാർഥങ്ങളുടെ ഉൽപാദനവും ഉപഭോഗവും അവസാനിപ്പിക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നും അതിന്റെ അജണ്ടയിലുണ്ടായിരുന്നു. മദ്യവർജനവും നിരോധനവുമായി ബന്ധപ്പെട്ട് സ്വന്തമായും സമാനമനസ്കരുമായി സഹകരിച്ചും ധാരാളം പരിപാടികൾ ജമാഅത്ത് സംഘടിപ്പിക്കുകയുണ്ടായി.

പാശ്ചാത്യ സംസ്കാരത്തിന്റെ അധിനിവേശത്തിനെതിരെ ജമാഅത്തെ ഇസ്‌ലാമി എന്നും ജാഗ്രത പുലർത്തിയിട്ടുണ്ട്. മാനവ സംസ്കൃതിക്ക് നിര ക്കാത്ത എല്ലാ പരിപാടികളെയും അത് ചോദ്യം ചെയ്തു. മൂല്യങ്ങൾ കുഴ മറിയുന്നതിനെക്കുറിച്ചും മനുഷ്യത്വം നഷ്ടമാകുന്നതിനെക്കുറിച്ചും അത് നിരന്തരം മുന്നറിയിപ്പ് നല്കി. മൂല്യശോഷണത്തെപ്പറ്റി ജമാഅത്തിനെ പ്പോലെ ഗൗരവപൂർവം ചിന്തിച്ച മറ്റൊരു സംഘടന ഇന്ത്യയിലില്ല. മാന വീകരണത്തിന്റെയും മൂല്യവത്ക്കരണത്തിന്റെയും വഴികൾ കണ്ടെത്താൻ അത് ശ്രമിച്ചുകൊണ്ടിരിക്കുന്നു.

രാഷ്ട്രീയരംഗത്തെ മൂല്യവത്ക്കരണത്തിന് ജമാഅത്ത് പ്രത്യേക ഊന്നൽ നല്കി. മൂല്യാധിഷ്ഠിത രാഷ്ട്രീയം എന്ന സങ്കല്പത്തിന് അത് പ്രചാരം നല്കി. ഈ സങ്കല്പത്തെ യാഥാർഥ്യമാക്കാനുതകുന്ന രാഷ്ട്രീയ നയനിലപാടുകളും ജമാഅത്ത് രൂപപ്പെടുത്തി. ജാതി, മത, പാർട്ടി പരിഗ ണനകളില്ലാതെ മൂല്യബോധമുള്ള സ്ഥാനാർഥികളെ തെരഞ്ഞെടുക്കാൻ ജനങ്ങളെ അത് ആഹ്വാനം ചെയ്തു. വർഗീയതയെ ചെറുക്കുന്നതിനും ഫലപ്രദമായ ബോധന പദ്ധതികൾ ജമാഅത്ത് ആസൂത്രണം ചെയ്തു.

വർഗീയതയോട് ജമാഅത്തിന് ആദർശപരമായി തന്നെ എതിർപ്പുണ്ട്. ഇസ്‌ലാം വർഗീയതയെ അംഗീകരിക്കുന്നില്ല. മനുഷ്യരെ ഒന്നായി കാണു ന്നു അത്. മനുഷ്യർക്കിടയിൽ ഇന്നു കാണുന്ന വിഭജനങ്ങളെയും അതിന്റെ അടിസ്ഥാനങ്ങളെയും അതുമൂലം വന്നു ചേരുന്ന ഉച്ചനീചത്തങ്ങളെയും ഇസ്‌ലാം അംഗീകരിക്കുന്നില്ല. ജമാഅത്തെ ഇസ്‌ലാമി തത്ത്വത്തിലും പ്രയോഗത്തിലും ഇസ്‌ലാമിന്റെ ഈ നിലപാട് അക്ഷരംപ്രതി അനുധാ വനം ചെയ്യുന്നു. രാജ്യം വർഗീയാഗ്നിയിൽ എരിഞ്ഞപ്പോൾ പോലും ഈ നിലപാടിൽ നിന്ന് അത് പതറിയില്ല. വർഗീയതയെ മതവും മുഖവും നോക്കാതെ അത് എതിർത്തുകൊണ്ടിരിക്കുന്നു ഇപ്പോഴും.

വിധി വൈപരീത്യമെന്ന് പറയട്ടെ, വർഗീയ സംഘടന എന്ന ആരോ പണം ജമാഅത്തിനു നേരെയും ഉണ്ടായിട്ടുണ്ട്. ഇതേ കാരണം പറഞ്ഞ് രണ്ട് തവണ -1975-ൽ അടിയന്തിരാവസ്ഥക്കാലത്തും 1992-ൽ ബാബരി മസ്ജിദ് തകർക്കപ്പെട്ടപ്പോഴും -സംഘടന നിരോധിക്കപ്പെടുകയും ചെയ്തി ട്ടുണ്ട്. എന്നാൽ ജനങ്ങളുടെ കോടതിയിലോ, നീതിന്യായ കോടതികളിലോ ഈ ആരോപണം വിലപ്പോയില്ല. ജനവിധിയിലൂടെയും കോടതിവിധിയി

ലൂടെയും നിരോധത്തെ അതിജീവിച്ച് ജമാഅത്ത് അഗ്നി ശുദ്ധി വരുത്തി.

മതസഹിഷ്ണുതയുടെ ഏറ്റവും നല്ല മാതൃകയാകാനാണ് ജമാഅത്ത് എന്നും ശ്രമിച്ചിട്ടുള്ളത്. ഇതര മതവിശ്വാസികളുമായി അത് ഉറ്റബന്ധം പുലർത്തുന്നു. മതസൗഹാർദത്തിന് ഹാനികരമായ ഒരു നീക്കവും ഇതുവരെ അതിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടില്ല. എന്നിട്ടും ജമാഅത്തിന്റെ പുറത്ത് വർഗീയ മുദ്ര കുത്തുന്നതെന്തിനാണെന്ന് മനസ്സിലാകുന്നില്ല. 'നിങ്ങൾ ദൈവവിശ്വാസികളാണ്, അതുകൊണ്ട് വർഗീയവാദികളാകാതിരിക്കാൻ തരമില്ല' എന്നാണ് ഒരു പ്രമുഖ മാർക്സിസ്റ്റ് നേതാവ് ഇതേക്കുറിച്ച് പറഞ്ഞത്. ഈ തമാശയോടൊപ്പം കൂട്ടിവായിക്കേണ്ടതാണ് ഇന്ദിരാഗാന്ധിയുടെയും നരസിംഹറാവുവിന്റെയും ജമാഅത്ത് നിരോധവും. ആർ.എസ്.എസിനെ നിരോധിക്കുന്നത് മൂലമുണ്ടാകുന്ന അസന്തുലിതാവസ്ഥ പരിഹരിക്കാനാണത്രെ അവർ ജമാഅത്തെ ഇസ്‌ലാമിയെ നിരോധിച്ചത്! ഈ തമാശക്കും തോന്ന്യാസത്തിനുമൊന്നും ജമാഅത്തിൽ വർഗീയത കുത്തിവെക്കാനായില്ല. അവർഗീയതയുടെ അമരത്താണ് ഇന്നും അതിന്റെ സ്ഥാനം. ജനങ്ങൾ ഇത് തിരിച്ചറിഞ്ഞിട്ടുണ്ട്. അത് മതി ജമാഅത്തെ ഇസ്‌ലാമിക്ക് അഭിമാനിക്കാൻ.

വർഗീയവാദവും തീവ്രവാദവും ഒരു പ്രശ്നത്തിനും പരിഹാരമല്ല എന്ന് ജമാഅത്തെ ഇസ്‌ലാമിക്ക് നല്ല ബോധ്യമുണ്ട്. ഭീകരപ്രവർത്തനങ്ങൾ ഏറ്റവും വലിയ പാപമാണ്. നിരപരാധരെ ബലികൊടുക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ യുദ്ധവേളയിൽ പോലും ഇസ്‌ലാം അംഗീകരിച്ചിട്ടില്ല. ഇവയെല്ലാം മാരകരോഗങ്ങളാണ്, മരുന്നല്ല ഒരിക്കലും. ക്രൂരമായ അനീതിക്ക് വിധേയമാകുന്നവരോട് പോലും ഈ മാർഗങ്ങൾ അവലംബിക്കരുതെന്നാണ് ജമാഅത്തെ ഇസ്‌ലാമി ഉപദേശിച്ചിട്ടുള്ളത്.

ജനങ്ങളുടെ ഭീകരതപോലെ തന്നെയാണ് ഭരണകൂടഭീകരതയും. നിരായുധരായ ജനങ്ങളുടെ നീതിക്കുവേണ്ടിയുള്ള മുറവിളിയെ ആയുധം കൊണ്ട് അടിച്ചമർത്തുന്നത് ശരിയല്ല. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത് നടക്കുന്നുണ്ട്. ജീവൻ പവിത്രമാണ്, നിരപരാധികളുടേത് വിശേഷിച്ചും. ശാന്തിയും നീതിയും പുലരുന്ന ഒരു ലോകമാണ് നമ്മുടെ ആവശ്യം. അതിനു വേണ്ടി യത്നിക്കാൻ ജമാഅത്തെ ഇസ്‌ലാമി പ്രതിജ്ഞാബദ്ധമാണ്.

പുതിയ നൂറ്റാണ്ടിന്റെ വിശേഷങ്ങൾ വിലയിരുത്തുമ്പോൾ ആശാവഹമല്ല മനുഷ്യന്റെ ഭാവി. മനുഷ്യത്വത്തിന്റെയും മൂല്യങ്ങളുടെയും കൊടും ദാരിദ്ര്യമാണ് ലോകം അഭിമുഖീകരിക്കാൻ പോകുന്നത്. വയറിന്റെ വിശപ്പ് നമ്മൾ അതിജീവിച്ചിട്ടുണ്ട്. ആത്മാവിന്റെ വിശപ്പ് എങ്ങനെ അതിജീവിക്കും? ഒറ്റമൂലിക ആരുടെ പക്കലുമില്ല. ചിന്തിച്ചും അന്വേഷിച്ചും കണ്ടെത്തേണ്ടിയിരിക്കുന്നു പരിഹാരം. ആത്മഹത്യാ മുനമ്പിൽ നിന്ന് ജീവിതത്തിലേക്കു മടങ്ങാൻ വേറെ വഴിയില്ല. പ്രകാശം പരത്തുന്ന പെൺകുട്ടിയെ തേടി തുറന്ന മനസ്സുമായി സദാ ഉണർന്നിരിക്കേണ്ട സമയമാണിപ്പോൾ.

# അനുബന്ധം 1

1941 ആഗസ്ത് 26-ന് ലാഹോറിൽ ജമാഅത്തെ ഇസ്‌ലാമി രൂപവത്ക്കരണ യോഗത്തിൽ സയ്യിദ് അബുൽഅഅ്‌ലാ മൗദൂദി ചെയ്ത അധ്യക്ഷ പ്രസംഗത്തിലെ പ്രസക്ത ഭാഗങ്ങൾ:

മുസ്‌ലിംകൾക്കിടയിൽ നിലവിലുള്ള സംഘടനകളും നാം രൂപവത്ക്കരിക്കാൻ പോകുന്ന സംഘടനയും തമ്മിൽ ചില മൗലിക വ്യത്യാസങ്ങളുണ്ട്.

ഒന്ന്: ഇസ്‌ലാമിന്റെ ഏതെങ്കിലും ശാഖയോ മുസ്‌ലിംകളുടെ ഏതെങ്കിലും ഭൗതിക താല്പര്യങ്ങളോ ആണ് ഇതര സംഘടനകൾ ഉയർത്തിപ്പിടിക്കുന്നത്. നമ്മൾ ഇസ്‌ലാമിനെ, സമ്പൂർണ ഇസ്‌ലാമിനെ മാത്രമാണ് ഉയർത്തിപ്പിടിക്കുന്നത്.

രണ്ട്: അവയുടെ പാർട്ടി ഘടന ഇതര സംഘടനകളുടേത് തന്നെയാണ്. എന്നാൽ നമ്മൾ പ്രവാചകൻ സ്ഥാപിച്ച സംഘത്തിന്റെ ഘടനയാണ് തെരഞ്ഞെടുക്കുക.

മൂന്ന്: മുസ്‌ലിം സമൂഹത്തിൽ ജനിച്ചവരൊക്കെ 'മുസ്‌ലിംകൾ' ആണെന്ന അടിസ്ഥാനത്തിൽഎല്ലാവരെയും ഈ സംഘടനകളിൽ ഉൾപ്പെടുത്തുന്നതിനാൽ വിശ്വാസയോഗ്യരല്ലാത്തവരും വലിയ ഉത്തരവാദിത്തങ്ങൾ വഹിക്കാൻ യോഗ്യരല്ലാത്തവരും താഴെ തട്ട് മുതൽ നേതൃരംഗം വരെ, ഈ സംഘടനകളിൽ നിറഞ്ഞിരിക്കും. എന്നാൽ നമ്മൾ സത്യവാക്യത്തിന്റെ യഥാർഥ വിവക്ഷയും താൽപര്യങ്ങളും ശരിയാംവണ്ണം മനസ്സിലാക്കി മനസ്സറിഞ്ഞ് വിശ്വാസം കൊണ്ടവരെ മാത്രമാണ് സംഘടനയിൽ ചേർക്കുക.

നാല്: മറ്റു സംഘടനകളുടെ വീക്ഷണം ഇന്ത്യയിൽ, ഇന്ത്യയിൽ തന്നെ മുസ്‌ലിം സമുദായത്തിൽ പരിമിതമാണ്. കൂടുതൽ വിശാലമായ വീക്ഷണമുള്ളവർക്ക് പോലും ലോകത്തിലെ മുസ്‌ലിംകളിൽ പരിമിതമായ വീക്ഷണമേയുള്ളൂ. മുസ്‌ലിംസമുദായത്തിൽ ഉൾപ്പെടുന്ന ആളുകളിൽ ഒതുങ്ങുന്നതാണ് അവയുടെ പ്രവർത്തനം. മുസ്‌ലിംകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലേ അവയ്ക്ക് താല്പര്യമുള്ളൂ. മുസ്‌ലിംകളല്ലാത്തവരുമായി ബന്ധപ്പെട്ട ഒന്നുംഅവയുടെ പ്രവർത്തനങ്ങളിൽ ഇല്ല. എന്നാൽ ഇസ്‌ലാം തന്നെ

യാണ് നമ്മുടെ പ്രസ്ഥാനം. ഇസ്‌ലാമാകട്ടെ ലോകത്തിലെ മുഴുവൻ മനുഷ്യരുടേതുമാണ്. അതിനാൽ നമ്മുടെ ദൃഷ്ടി ഏതെങ്കിലും പ്രത്യേക രാജ്യത്തിലെ പ്രത്യേക സമുദായത്തിന്റെ താല്ക്കാലിക പ്രശ്നങ്ങളിൽ ഉടക്കി നിൽക്കുന്നതല്ല. പ്രത്യുത, മനുഷ്യരാശിയോളം, ഭൂഗോളത്തോളം വിശാലമാണത്. എല്ലാ മനുഷ്യരുടെയും ജീവിതപ്രശ്നങ്ങൾ നമ്മുടെ കൂടി ജീവിതപ്രശ്നങ്ങളാണ്. ദൈവത്തിന്റെ ഗ്രന്ഥവും പ്രവാചകന്റെ ചര്യയും മുഖേനയാണ് ആ പ്രശ്നങ്ങൾക്ക് നാം പരിഹാരം സമർപ്പിക്കുക. അതിനാൽ നമ്മുടെ സംഘടനയിൽ ജൻമനാ മുസ്‌ലിംകളായവരിൽ നിന്ന് നല്ല വ്യക്തികൾ വന്നു ചേരുന്നത്പോലെ ജൻമനാ മുസ്‌ലിംകളല്ലാത്തവരിൽ നിന്നുള്ള ഭാഗ്യശാലികളും വന്നുചേരുന്നതായിരിക്കും.

ഈ സവിശേഷതകൾ മൂലമാണ് നമ്മുടെ സംഘടനയെ നാം ഇസ്‌ലാമിക പ്രസ്ഥാനം എന്നു വിളിക്കുന്നത്. ജമാഅത്തെ ഇസ്‌ലാമിക്ക് ലോകത്ത് ചെയ്യാനുള്ള പ്രവർത്തിയെക്കുറിച്ച് സങ്കുചിതമായ ഒരു സങ്കല്പവും മനസ്സിൽ രൂപപ്പെടുത്തരുത്. വാസ്തവത്തിൽ ഇതിന് ഒരു പ്രവർത്തനമണ്ഡലം മാത്രമല്ല ഉള്ളത്. ജീവിതമാസകലം, അതിന്റെ എല്ലാ വിശദീകരണങ്ങളോടുകൂടി ഈസംഘടനയുടെ പ്രവർത്തനമേഖലയാണ്. ഇസ്‌ലാം എല്ലാ മനുഷ്യർക്കും വേണ്ടിയുള്ളതാണ്. മനുഷ്യനുമായി ബന്ധമുള്ള എല്ലാം ഇസ്‌ലാമുമായി ബന്ധപ്പെട്ടതാണ്.

# അനുബന്ധം 2

പ്രമുഖ അമേരിക്കൻ പണ്ഡിതൻ ജോൺ എൽ. എസ്പോസിറ്റോയുടെ നിരീക്ഷണം

ഇരുപതാം നൂറ്റാണ്ടിൽ തുടക്കമിട്ട ആധുനിക പരിഷ്കരണ സംരംഭങ്ങൾക്ക് സമാന്തരമായി രൂപം കൊണ്ട രണ്ട് പുതിയ നവോത്ഥാന പ്രസ്ഥാനങ്ങളാണ് ഈജിപ്തിലെ ഹസനുൽബന്നയുടെ മുസ്‌ലിം ബ്രദർഹുഡ്ഡും ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ മൗലാനാ മൗദൂദിയുടെ ജമാഅത്തെ ഇസ്‌ലാമിയും.

ഇരുപതാം നൂറ്റാണ്ടിലെ ഇസ്‌ലാമിക സമൂഹം നിർണായകമായ ഒരു വഴിത്തിരിവിലെത്തി നിൽക്കുകയാണെന്ന യാഥാർഥ്യം ഇരു പ്രസ്ഥാനങ്ങളും തിരിച്ചറിഞ്ഞു. മതേതരവാദികളും മോഡേണിസ്റ്റുകളുമായ മുസ്‌ലിം പരിഷ്കർത്താക്കളെപ്പോലെ അവരും ഇസ്‌ലാമിക സമൂഹത്തിന്റെ ആന്തരിക ദൗർബല്യങ്ങളും അത് പാശ്ചാത്യ സാമ്രാജ്യത്വത്തിന്റെ ഭാഗത്ത് നിന്ന് നേരിടുന്ന ഭീഷണിയും, സാമൂഹിക പുരോഗതിയിൽ ശാസ്ത്രം-സാങ്കേതിക വിദ്യയുടെ പ്രാധാന്യവും തിരിച്ചറിഞ്ഞവരായിരുന്നു. എന്നാൽ അവർ മതേതര-മോഡേണിസ്റ്റ് പരിഷ്കർത്താക്കളിൽനിന്ന് വ്യത്യസ്തമായി, പടിഞ്ഞാറൻ ചിന്താധാരകളെ വിമർശിക്കുന്നതിലും ഇസ്‌ലാമിന്റെ സ്വയം പര്യാപ്ത ബോധ്യപ്പെടുത്തുന്നതിലും ഏറെ മുന്നോട്ടുപോയി.

മതേതരവാദികൾ പടിഞ്ഞാറിന്റെ രാഷ്ട്രീയനായകത്വം അംഗീകരിക്കുവാൻ വിസമ്മതിച്ചെങ്കിലും തങ്ങളുടെ വർത്തമാനവും ഭാവിയും നിർണയിക്കുവാൻ പടിഞ്ഞാറോട്ട് തന്നെ നോക്കി നിന്നു. അവർ പാശ്ചാത്യ വസ്ത്രധാരണ രീതി, ആചാരം, സംഗീതം, കല തുടങ്ങിയവ സ്വീകരിക്കുകയും യൂറോപ്പിന്റെ രാഷ്ട്രീയ സാമ്പത്തിക വിദ്യാഭ്യാസ നിയമ സ്ഥാപനങ്ങളെ അവലംബിക്കുകയും ചെയ്തു. എന്നാൽ ഇസ്‌ലാമിക പരിഷ്കർത്താക്കൾ പടിഞ്ഞാറുനിന്ന് വല്ലതും സ്വീകരിക്കുന്നതിന് ഇസ്‌ലാമികമായ മാനദണ്ഡം നിശ്ചയിക്കാൻ ശ്രമിച്ചു. ചുരുക്കത്തിൽ ബ്രദർഹുഡ്ഡിന്റെയും ജമാഅത്തെ ഇസ്‌ലാമിയുടെയും കാഴ്ചപ്പാടുകൾക്ക് വ്യക്തതയും ലാളിത്യവും ഉണ്ടായിരുന്നു. കമ്യൂണിസവും മുതലാളിത്തവും ദൈവികമതമായ ഇസ്‌ലാമിന് അന്യമായ മനുഷ്യനിർമിത സിദ്ധാന്തങ്ങളെയാണ് പ്രതിനിധീകരിക്കുന്നതെന്നും ദൈവഹിതമനുസരിച്ച് ജീവിക്കാനാഗ്രഹിക്കുന്ന മുസ്‌ലിംകൾ, പാശ്ചാത്യ ഉല്പന്നങ്ങളായ സെക്യുലറിസവും ഭൗതികവാദവും ഉപേക്ഷിച്ച് പൂർണമായി ഇസ്‌ലാമിലേക്ക് മടങ്ങിയേ തീരൂ എന്നും ഈ നവോത്ഥാനപ്രസ്ഥാനങ്ങൾ വ്യക്തമാക്കി. ഇവയെ സംബന്ധിച്ചിടത്തോളം ഇസ്‌ലാം വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിന്റെ സമഗ്രമായ ഒരു ദർശനമായിരുന്നു.

എല്ലാറ്റിനും പടിഞ്ഞാറോട്ട് മാത്രം നോക്കുകയും പാശ്ചാത്യതത്ത്വ

ങ്ങളുടെ വിനിയോഗത്തിൽ ഇസ്‌ലാമികമായ സാധൂകരണം കണ്ടെത്തുകയും ചെയ്ത മോഡേണിസ്റ്റുകലിൽനിന്ന് വ്യത്യസ്തമായി, ഇസ്‌ലാമിക പരിഷ്കർത്താക്കൾ ഇസ്‌ലാമിന്റെ പൂർണതയും സമഗ്രതയും ഉയർത്തിപ്പിടിച്ചു. മുസ്‌ലിംകൾക്കാവശ്യമുള്ളതെല്ലാം ഇസ്‌ലാമിക പൈതൃകത്തിൽ കാണാവുന്നതോ അതിൽനിന്ന് നിഷ്പദിക്കാവുന്നതോ ആണെന്ന് അവർ സമർപ്പിച്ചു. ശാസ്ത്ര സാങ്കേതിക വിദ്യകളെ സ്വാഗതം ചെയ്തതോടൊപ്പം തന്നെ സർവ കാര്യങ്ങൾക്കും പടിഞ്ഞാറിനെ ആശ്രയിക്കുന്ന ഭരണകൂടങ്ങളെയും ബുദ്ധിജീവികളെയും അവർ വിമർശിച്ചു. മുസ്‌ലിംസമൂഹത്തിന്റെ നവീകരണവും സാമൂഹ്യപരിവർത്തനവും ആധുനിക വൽക്കരണവും ഇസ്‌ലാമിക മൂല്യങ്ങളിലും തത്ത്വങ്ങളിലും ഉറച്ച് നിന്നുകൊണ്ട് തന്നെ വേണമെന്ന് അവർ വാദിച്ചു.

# അനുബന്ധം 3

1947 ഏപ്രിൽ 25, 26 തിയ്യതികളിൽ പാറ്റ്നയിൽ ചേർന്ന ജമാഅത്തെ ഇസ്‌ലാമി പൂർവ മേഖലാ സമ്മേളനത്തിൽ മഹാത്മാഗാന്ധിയും ഒരു ശ്രോതാവായിരുന്നു. പിറ്റേ ദിവസം ഗാന്ധിജി പത്രങ്ങൾക്കു നല്കിയ പ്രസ്താവനയാണ് ചുവടെ:

“ഞാൻ ഇന്നലെ ജമാഅത്തെ ഇസ്‌ലാമിയുടെ സമ്മേളനത്തിൽ സംബന്ധിച്ചു. അത് സാധുക്കളുടെ സമ്മേളനമായിരുന്നു. ഭിക്ഷയെടുക്കുന്ന സാധുക്കളുടേതല്ല; നൻമ പ്രചരിപ്പിക്കുകയും മനുഷ്യരെ സേവിക്കുകയും ഉച്ചനീചത്വം തുടച്ചുനീക്കുകയും, നിങ്ങൾ ദൈവദാസൻമാരാണെങ്കിൽ ദൈവത്തിന്റെ കല്പനകൾ അനുസരിക്കൂ എന്ന് ജനങ്ങളോട് പറയുകയും ചെയ്യുന്ന സാധുക്കളുടെ സമ്മേളനം. അവരുടെ സമ്മേളനത്തിൽ പങ്കെടുത്തതിൽ എനിക്ക് ഖേദമില്ല; സന്തോഷമേയുള്ളൂ. അവർ ഇനിയും എന്നെ ക്ഷണിച്ചാൽ കാൽനടയായെങ്കിലും അവരുടെ സമ്മേളനത്തിൽ ഞാൻ സംബന്ധിക്കും.”

‘സർച്ച്ലൈറ്റ്’, പാറ്റ്ന, 27 ഏപ്രിൽ, 1946

## കുറിപ്പുകൾ

1. ഭുവനവാനങ്ങളുടെ പ്രകാശമാകുന്നു അല്ലാഹു. അവന്റെ പ്രകാശത്തിന്റെ ഉപമ ഇങ്ങനെ: ഒരു വിളക്കുമാടം. അതിൽ ഒരു വിളക്ക്. വിളക്ക് ഒരു സ്ഫടികത്തിനകത്ത്. സ്ഫടികം വെട്ടിത്തിളങ്ങുന്ന നക്ഷത്രം പോലെയും. പാശ്ചാത്യമോ പൗരസ്ത്യമോ അല്ലാത്ത, അനുഗൃഹീത ഒലിവ് മരത്തിന്റെ എണ്ണകൊണ്ട് അത് കത്തിക്കപ്പെടുന്നു. തീ തൊട്ടില്ലെങ്കിൽപോലും അതിന്റെ എണ്ണ പ്രകാശിതമാകുന്നു. പ്രകാശത്തോടു പ്രകാശം! അല്ലാഹു താനിച്ഛിക്കുന്നവരെ തന്റെ പ്രകാശത്തിലേക്ക് നയിക്കുന്നു. അല്ലാഹു ജനങ്ങൾക്കുവേണ്ടി ഉദാഹരിക്കുന്നു. സകല സംഗതികളും അറിയുന്നവനാണല്ലാഹു. (ഖുർആൻ 24: 35)
2. തീർച്ച, ഈ ഖുർആൻ കൃത്യമായ ശരിയിലേക്ക് മാർഗദർശനം ചെയ്യുന്നു. സുകൃതം ചെയ്യുന്ന സത്യവിശ്വാസികൾക്ക് മഹത്തായ പ്രതിഫലമുണ്ടെന്ന് ശുഭവാർത്ത നല്കുകയും ചെയ്യുന്നു. (ഖുർആൻ 17: 9)

   തന്റെ ദാസന് വ്യക്തമായ ദൃഷ്ടാന്തങ്ങൾ അവതരിപ്പിച്ചുകൊടുക്കുന്നവനാണവൻ; അതുവഴി അദ്ദേഹം നിങ്ങളെ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക് നയിക്കാൻ. തീർച്ചയായും നിങ്ങളോട് കൃപയും കരുണയുമുള്ളവനാണല്ലാഹു. (ഖുർആൻ 57: 9)
3. താൻ സൃഷ്ടിച്ച എല്ലാം നന്നായി സൃഷ്ടിച്ചവനാണവൻ. മനുഷ്യ സൃഷ്ടി കളിമണ്ണിൽനിന്ന് ആരംഭിച്ചു അവൻ. പിന്നെ അവന്റെ വംശാവലിയെ മ്ലേഛമായ ഒരു ദ്രാവകത്തിൽനിന്നാക്കി. പിന്നീട് അവനെ സന്തുലിതമാക്കുകയും അതിൽ തന്റെ ആത്മാവ് ഊതുകയും ചെയ്തു. അവൻ നിങ്ങൾക്ക് കാതും കണ്ണും മനസ്സും നല്കി. നിങ്ങൾ കാണിക്കുന്ന നന്ദി തുച്ഛം. (ഖുർആൻ 32: 7–9)
4. വായിക്കുക, സ്രഷ്ടാവായ നിന്റെ നാഥന്റെ നാമത്തിൽ ഒട്ടിപ്പിടിക്കുന്ന വസ്തുവിൽനിന്ന് മനുഷ്യനെ സൃഷ്ടിച്ചു അവൻ. വായിക്കുക, നിന്റെ നാഥൻ അത്യുദാരൻ. തൂലികയുടെ ഉപയോഗം പഠിപ്പിച്ചു അവൻ. മനുഷ്യന് അറിവില്ലാത്തത് പഠിപ്പിച്ചു അവൻ. (ഖുർആൻ 96: 1–5)
5. തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെട്ടു കാണുന്ന നിരക്ഷരനായ പ്രവാചകദൂതനെ പിന്തുടരുന്നവർ അദ്ദേഹം അവർക്ക് നൻമ വിധിക്കുന്നു; തിൻമ വിലക്കുന്നു; ശുദ്ധ വസ്തുക്കൾ അനുവദിച്ചുകൊടുക്കുന്നു, അശുദ്ധ വസ്തുക്കൾ നിരോധിക്കുകയും ചെയ്യുന്നു. അവരെ ഞെരിച്ചുകൊണ്ടിരിക്കുന്ന ഭാരം ഇറക്കിവെക്കുന്നു. അവരെ വരിഞ്ഞുകെട്ടിയ ചങ്ങലകൾ പൊട്ടിച്ചെറിയുന്നു. അതിനാൽ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതീർണമായ പ്രകാശത്തെ പിന്തുടരുകയും ചെയ്യുന്നവർ– അവർ മാത്രമാകുന്നു വിജയം പ്രാപിക്കുന്നവർ. (ഖുർആൻ 7: 157)
6. പറയുക, അവൻ അല്ലാഹു; ഏകൻ. ആരെയും ആശ്രയിക്കേണ്ടാത്തവൻ; എല്ലാവർക്കും ആശ്രയിക്കേണ്ടവൻ. അവൻ സന്തതിയേതുമില്ല. അവൻ ആരുടെയും സന്താനവുമല്ല. അവന്നു തുല്യനായി ആരുമില്ല. (ഖുർആൻ 112: 1–4)

   വാനങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവ്. അവൻ നിങ്ങൾക്ക് നിങ്ങളിൽനിന്ന് തന്നെ ഇണകളെ സൃഷ്ടിച്ചു. കാലികളിലും ഇണകളെ സൃഷ്ടിച്ചു. അങ്ങനെ നിങ്ങളുടെ വംശത്തെ അവൻ വർധിപ്പിച്ചുകൊണ്ടിരിക്കുന്നു. അവന്റെ സാദൃശ്യം പോലെ പോലും ഒന്നുമില്ല അവൻ എല്ലാം കേൾക്കുന്നവനും കാണുന്നവനും. (ഖുർആൻ 42: 11)

7. വാന ഭുവനങ്ങളിലുള്ളതെല്ലാം സ്വമേധയായും അല്ലാതെയും അല്ലാഹുവിനെ അനുസരിച്ചു കൊണ്ടിരിക്കുമ്പോൾ, അല്ലാഹുവിനുള്ള അനുസരണത്തിന്റെ മാർഗം വെടിഞ്ഞ് മറ്റു മാർഗങ്ങൾ അന്വേഷിക്കുകയാണോ അവർ, മടങ്ങേണ്ടത് അവനിലേക്ക് തന്നെ ആയിരിക്കെ? (ഖുർആൻ 3: 83)
8. മരണവും ജീവിതവും സൃഷ്ടിച്ചവനാണവൻ; നിങ്ങളിൽ ഏറ്റവും നല്ല കർമം ചെയ്യുന്നവൻ ആരാണെന്ന് പരീക്ഷിച്ചറിയുന്നതിനുവേണ്ടി; അവൻ ശക്തൻ; എല്ലാം പൊറുക്കുന്നവനും. (ഖുർആൻ 67: 2)
9. പ്രവാചകൻ, തന്റെ നാഥനിൽ നിന്ന് തനിക്ക് അവതീർണമായതിൽ വിശ്വസിച്ചു; സത്യവിശ്വാസികളും അവരെല്ലാവരും അല്ലാഹുവിലും അവന്റെ മാലാഖമാരിലും വേദഗ്രന്ഥങ്ങളിലും പ്രവാചകൻമാരിലും വിശ്വസിക്കുന്നു. "ഞങ്ങൾ പ്രവാച കൻമാരിൽ ആരോടും വിവേചനം കാണിക്കുന്നില്ല. ഞങ്ങൾ കേട്ടു. ഞങ്ങൾ അനുസരിച്ചു. നാഥാ ഞങ്ങൾ നിന്നോട് പാപമോചനം തേടുന്നവരാകുന്നു. ഞ ങ്ങൾ നിന്നിലേക്ക് മടങ്ങേണ്ടവരല്ലോ." (ഖുർആൻ 2: 285)

   പറയുക: ഞങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുന്നു; ഞങ്ങൾക്ക് അവതീർണ മായതിലും. ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ് സന്തതികൾ ഇവർക്കവതരിപ്പിക്കപ്പെട്ടതിലും മൂസാ, ഈസാ എന്നിവർക്കും ഇതര പ്രവാച കൻമാർക്കും അവരുടെ നാഥനിൽനിന്ന് അവതീർണമായതിലും ഞങ്ങൾ വിശ്വ സിക്കുന്നു. അവരിൽ ആരോടും ഞങ്ങൾ വിവേചനം കല്പിക്കുന്നില്ല; ഞങ്ങൾ അല്ലാഹുവിനെ അനുസരിക്കുന്നവരല്ലോ. (ഖുർആൻ 3: 84)

10. സമ്പൂർണ ജീവിതവ്യവസ്ഥ എന്ന ഇസ്ലാമിന്റെ സവിശേഷത ഇപ്പോൾ തിരി ച്ചറിഞ്ഞു തുടങ്ങിയിട്ടുണ്ട്. 'മിലിറ്റന്റ് ഇസ്ലാം' എന്ന കൃതിയിൽ പ്രമുഖ പാ ശ്ചാത്യ ചിന്തകൻ ജി.എച്ച് ജാൻസൻ എഴുതിയത് ഇങ്ങനെ:

   Islam is not a religion and Mohammed is not the founder of Islam. This may seem a statement of extreme ISlamic hersy. Yet this is not too far from what two fundamentalist Islamic Scholars and reformers have to say about the basic tenets of these faith, Islam is not a religion in the common, disforted meaning of the word continuing itself to the private life of man. It is a complete way of life, catering for all the fields of human existence. Islam provides quidence for all walks of life individual and moral, economic and political, legal and cultural, national and international'. These words are echoed by every writer, Muslim or non-Muslim, dealing with the most essential characteristic of this faith, a characteristic which it doesnot share with any of the other higher religions.

   Because of this, it cannot be repeated too often that Islam is not merely a religion'. It is a total and unified way of life, both religious and secular, it is a set of beliefs and a way of worship, it is a vast and integrated system of law, it is a culture and a civilization; it is an economic system and a way of doing busines, it is a polity and a method of governance; it is a special sort of society and a way of running a family; it prescribes for inheritance and divorce, dress and etiquette, food and personal hygiene. It is a spiritual and human totality, This worldly and other -worldly. (G.H. Jansen, Militant Islam, p. 17)

11. ആകാശഭൂമികളുടെ സൃഷ്ടിയിലും ദിനരാത്രങ്ങൾ മാറിമാറി വരുന്നതിലും ധിഷ ണാശാലികൾകക് ദൃഷ്ടാന്തങ്ങളുണ്ട്. (ഖുർആൻ 3: 190)

   ദൃഢവിശ്വാസികൾക്ക് ഭൂമിയിൽ ദൃഷ്ടാന്തങ്ങളുണ്ട്. നിങ്ങളുടെ സ്വന്തം ശരീ രങ്ങളിലും. നിങ്ങൾ കാണുന്നില്ലേ? (ഖുർആൻ 51: 2021)

പറയുക: ആകാശലോകത്തും ഭൂലോകത്തുമുള്ളതിനെ സൂക്ഷിച്ചുനോക്കുക. വിശ്വസിക്കാനേ വിചാരമില്ല, ജനത്തിനു ദൃഷ്ടാന്തങ്ങൾകൊണ്ടും താക്കീത് കൊണ്ടും എന്ത് പ്രയോജനം? (ഖുർആൻ 10: 101)

12. നാം നരകത്തിനു വേണ്ടി തന്നെ സൃഷ്ടിച്ചിട്ടുള്ള ധാരാളം മനുഷ്യരും ജിന്നുകളുമുണ്ട്. അവർക്ക് ഹൃദയങ്ങളുണ്ട്, എന്നാൽ അതുപയോഗിച്ച് അവർ മനസ്സിലാക്കുന്നില്ല: അവർക്ക് കണ്ണുകളുണ്ട്; അതു കൊണ്ടവർ കാണുന്നില്ല. അവർക്ക് ചെവികളുണ്ട്; അതുകൊണ്ടവർ കേൾക്കുന്നില്ല. അവർ കാലികളെപ്പോലെയാകുന്നു. അല്ല, അവയെക്കാൾ വഴിപിഴച്ചവരാകുന്നു. അവർ അശ്രദ്ധരാകുന്നു. (ഖുർആൻ 7: 179)

13. മനുഷ്യരേ, നിങ്ങളെ നാം ഒരേ ആണിൽനിന്നും പെണ്ണിൽനിന്നും സൃഷടിച്ചു. നിങ്ങളെ ഗോത്രങ്ങളും വർഗങ്ങളുമാക്കിയത് നിങ്ങൾ പരസ്പരം തിരിച്ചറിയാൻ വേണ്ടിയാണ്. തീർച്ചയായും അല്ലാഹുവിന്റെ അടുക്കൽ നിങ്ങളിൽ ഏറ്റം ആദരണീയൻ ഏറ്റവുമധികം സൂക്ഷ്മത പുലർത്തുന്നവരാണ്. എല്ലാ അറിയുന്നവനും സൂക്ഷ്മജ്ഞനുമാണല്ലാഹു. (ഖുർആൻ 49: 13)

“ജനങ്ങളേ, അറിഞ്ഞുകൊള്ളുക: നിശ്ചയം നിങ്ങളുടെ നാഥൻ ഏകനാകുന്നു. അറബിക്ക് അനറബിയെക്കാളോ അനറബിക്ക് അറബിയെക്കാളോ വെളുത്തവന് കറുത്തവനെക്കാളോ കറുത്തവന് വെളിത്തവനെക്കാളോ ഒരു ശ്രേഷ്ഠതയുമില്ല, ദൈവഭക്തിയുടെ അടിസ്ഥാനത്തിലല്ലാതെ. ദൈവത്തിങ്കൽ നിങ്ങളിൽ ഏറ്റവും ആദരണീയൻ ഏറ്റവും സൂക്ഷ്മതയുള്ളവനത്രേ.” (നബിവചനം)

‘മനുഷ്യരെല്ലാം ചീർപ്പിന്റെ പല്ലുകൾപോലെ സമൻമാരാണ്.’(നബിവചനം)

14. Sincerity, in all senses, seems to me the merit of the Koran'- Thomas carlyle

15. It it is not poetry- and it is hard to say whether it be or not- it is more than peotry. It is not history, nor biography. It is not autholiogy, like the sermon on the mount: nor metaphysical dialictics, like the budhist sutras; nor subline homilites like platos conferences of the wise and foolish teachers. It is a prophet's cry, semitic to the core; yet of a meaning so universal and so timely that all the voices of the age take it up, willing or unwilling, and it echoes over palaces and diserts, over cities and empires.' -Dr. Johnson

16. However often we turn to it..... It soon attracts, astounds and in the end enforces our reverence..... Its style in accordance with its contents and aim, is stern, grand, terrible- ever and anon truly subline- Thus this book will go on exercising through all ages, a most potent influence' -Goethe (West-Oestlicher Divan)

17. "So wonderful a work, written in beautiful language and expressing the most profound and majestic of religious truths, could surely not have been written by a mere man, most certaily not by such an unlettered man as he was himself. It was indeed a miracle, the miracleof miracles, this book that had come down from heaven' - E. Royston pike (The Koran)

18. ‘ജനങ്ങളേ, നിങ്ങളുടെ നാഥന്റെ ഉപദേശം വന്നു കഴിഞ്ഞു. മനസ്സിലുള്ള രോഗങ്ങൾക്ക് ശമനാണത്. സത്യവിശ്വാസികൾക്ക് സൻമാർഗവും അനുഗ്രഹവുമാണത്. പ്രവാചകരേ, പറയുക: അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവും കൊണ്ടാണ് അവൻ ഇത് അയച്ചുതന്നത്. അതെപ്പറ്റി ജനം സന്തോഷിക്കേണ്ടതാകുന്നു. അവരുടെ സകല സമ്പാദ്യങ്ങളെക്കാളും ഉൽകൃഷ്ടമാണത്. (ഖുർആൻ 10:57–58)

വിശ്വാസികൾക്ക് ആശ്വാസവും കാരുണ്യവുമായ ചിലത് ഖുർആനിൽനിന്ന് നാം അവതരിപ്പിക്കുന്നുണ്ട്. എന്നാൽ അക്രമികൾക്ക് അത് നഷ്ടമല്ലാതെ

മറ്റൊന്നും അധികരിപ്പിക്കുന്നില്ല. (ഖുർആൻ 17: 82)

19. സമസ്ത മനുഷ്യരും മരണമാസ്വദിക്കേണ്ടവരാകുന്നു. നിങ്ങളുടെ കർമഫലം അന്ത്യനാളിൽ പൂർണമായി നല്കപ്പെടും. അവിടെ നരകാഗ്നിയിൽനിന്ന് അകറ്റപ്പെടുകയും സ്വർഗത്തിൽ പ്രവേശിക്കപ്പെടുകയും ചെയ്തവനാരോ, അവനത്രെ യഥാർഥ വിജയി. ഇഹലോകജീവിതം വഞ്ചനാത്മകമായ ചരക്ക് മാത്രം. (ഖുർആൻ 3: 185)

20. അന്ത്യനാൾ എപ്പോഴാണെന്ന് അവർ താങ്കളോട് ചോദിക്കുന്നു. അത് പറയാൻ താങ്കൾക്കെന്ത്? അതിന്റെ വിവരം താങ്കളുടെ നാഥൻ മാത്രം. താങ്കൾ, അതിനെ ഭയപ്പെടുന്നവർക്കുള്ള മുന്നറിയിപ്പുകാരൻ മാത്രവും. (ഖുർആൻ 42-45)

21. മനുഷ്യൻ കണ്ടില്ലയോ, നാം അവനെ രേതസ്കണത്തിൽനിന്നാണ് സൃഷ്ടിച്ചതെന്ന്. എന്നിട്ടവനിതാ തെളിഞ്ഞ കുതർക്കിയായിരിക്കുന്നു. അവൻ നമുക്ക് ഉദാഹരണങ്ങൾ ചമയ്ക്കുന്നു. തന്റെ ജൻമത്തെ അവൻ മറന്നു കളഞ്ഞു. ദ്രവിച്ചുകഴിഞ്ഞ അസ്ഥികളെ ജീവിപ്പിക്കുന്നതാര് എന്നവൻ ചോദിക്കുന്നു. അവനോട് പറയുക: നേരത്തെ അവനെ സൃഷ്ടിച്ചവനാരോ അവൻ തന്നെ പുനരുജ്ജീവിപ്പിക്കും. എല്ലാതരം സൃഷ്ടികലയും നന്നായറിയുന്നവനത്രെ അവൻ. (ഖുർആൻ 36: 77-79)

ഭൂലോകത്തെയും വാനലോകങ്ങളെയും സൃഷ്ടിച്ചിട്ടുള്ള അല്ലാഹുവിന് ഇവരെപ്പോലുള്ളവരെ സൃഷ്ടിക്കുവാൻ തീർച്ചയായും കഴിവുണ്ടെന്ന് ഇവർക്ക് മനസ്സിലായിട്ടില്ലേ? അവരെ ഒരുമിച്ചു കൂട്ടുന്നതിന് അവൻ ഒരു സമയം നിശ്ചയിച്ചിട്ടുണ്ട്. അതിന്റെ ആഗമനം നിസ്സംശയമാകുന്നു. പക്ഷേ, അത് നിഷേധിക്കുക തന്നെ വേണമെന്ന് ധിക്കാരികൾക്ക് ശാഠ്യമുണ്ട്. (ഖുർആൻ 17: 99)

നാം വിണ്ണിൽനിന്ന് അനുഗൃഹീതമായ തണ്ണീരിറക്കി. അതുവഴി തോട്ടങ്ങളും ധാന്യവിളകളും മുളപ്പിച്ചു. പഴങ്ങൾ തിങ്ങിയ കുലകൾ അടുക്കടുക്കായി തൂങ്ങുന്ന, നീണ്ടുയർന്ന ഈന്തപ്പനകളും വളർത്തി. അടിമകൾക്ക് ആഹാരമായിട്ടാണിത്. അതുവഴി നിർജീവമായ ഭൂമിക്ക് നാം ജീവനരുളി. ഇപ്രകാരമാണ് പുനരുത്ഥാനം (ഖുർആൻ 50: 9-11)

22. അതിഭൗതികകാര്യങ്ങൾ അറിയുന്നത് അവനാകുന്നു. അതിഭൗതിക രഹസ്യങ്ങൾ അവൻ ആർക്കും വെളിപ്പെടുത്തികൊടുക്കുന്നില്ല, അവൻ ഇഷ്ടപ്പെട്ട ദൂതനൊഴികെ. (ഖുർആൻ 72: 26-27)

23. ചോദിക്കുക: വാന-ഭുവനങ്ങളിലുള്ളതെല്ലാം ആരുടേതാണ്? പറയുക: എല്ലാം അല്ലാഹുവിന്റേത് മാത്രം (ഖുർആൻ 6: 12)

24. അവരുടെ സമ്പത്തിൽ ചോദിച്ചു വരുന്നവന്നും ജീവിതമാർഗങ്ങൾ തടയപ്പെട്ടവന്നും അവകാശങ്ങളുണ്ട് (നബിവചനം)

25. ജനങ്ങൾ ചോദിക്കുന്നു, അവരെന്താണ് ചെലവഴിക്കേണ്ടതെന്ന്. പറയുക: നിങ്ങൾ ചെലവഴിക്കുന്ന മുതൽ, മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും വഴിപോക്കർക്കും വേണ്ടിയായിരിക്കട്ടെ. നിങ്ങൾ എന്ത് നൻമ ചെയ്താലും അല്ലാഹു അറിയുന്നുണ്ട്. (ഖുർആൻ 2: 215)

നിർബന്ധ ദാനങ്ങൾ പാപങ്ങൾ, അഗതികൾ, സകാത്ത് ജോലിക്കാർ, മനസ്സുകൾ ഇണക്കപ്പെടേണ്ടവർ, എന്നിവർക്കും അടിമത്തമോചനത്തിന്നും കടബാധിതരെ സഹായിക്കുന്നതിന്നുംദൈവികമാർഗത്തിന്നും സഞ്ചാരികൾക്കും മാത്രമുള്ളതാകുന്നു. ഇത് അല്ലാഹു നിർദേശിച്ച കടമയാകുന്നു. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാണല്ലോ. (ഖുർആൻ 9: 60)

26. നിന്റെ നാഥൻ വിധിച്ചിരിക്കുന്നു: നിങ്ങൾ അവന്ന് മാത്രമല്ലാതെ മറ്റാർക്കും

കീഴ്പ്പെടരുത്. മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കേണം. നിങ്ങളുടെ അടുക്കൽ അവരിൽ ഒരാളോ, രണ്ടുപേരുമോ വാർധക്യം പ്രാപിക്കുന്നുവെങ്കിൽ, അവരോട് 'ഛെ' എന്നുപോലും പറയരുത്. അവരോട് പരുഷമായി സംസാരിക്കയുമരുത്. ആദരവോടെ അവരോട് സംസാരിക്കുക. കാരുണ്യത്തിന്റെ ചിറകുകൾ അവർക്കുവേണ്ടി താഴ്ത്തി കൊടുക്കുക. അവർക്കുവേണ്ടി ഇങ്ങനെ പ്രാർഥിക്കുകയും ചെയ്യുക: നാഥാ, എന്റെ കുട്ടിക്കാലത്ത് അവർ എന്നെ എങ്ങനെ സ്നേഹവാത്സല്യങ്ങളോടെ പരിപാലിച്ചുവോ, അപ്രകാരം നീ അവർക്ക് കാരുണ്യം അരുളേണമേ! (ഖുർആൻ 17: 23–24)

27. പാരത്രിക രക്ഷാശിക്ഷകളെ നിഷേധിക്കുന്നവനെ നീ കണ്ടിട്ടുണ്ടോ? അനാഥയെ ആട്ടിയകറ്റുന്നവനും അഗതിയുടെ ആഹാരം കൊടുക്കാൻ പ്രേരിപ്പിക്കാത്തവനുമാണവൻ (ഖുർആൻ 107: 1–3)

    അവൾ നിന്നെ അനാഥനായി കാണുകയും അപ്പോൾ അഭയമേകുകയും ചെയ്തില്ലയോ? നിന്നെ വഴിയറിയാത്തവനായി കാണുകയും അപ്പോൾ നേർവഴിയരുളുകയും ചെയ്തില്ലയോ? നിന്നെ നിർധനനായി കാണുകയും അപ്പോൾ സമ്പന്നനാക്കുകയും ചെയ്തില്ലയോ? അതിനാൽ, അനാഥയോട് നീ പരുഷമായി പെരുമാറാതിരിക്കുക. യാചകനെ വിരട്ടാതിരിക്കുക. നിന്റെ നാഥന്റെ അനുഗ്രഹത്തെ പ്രസ്താവിക്കുക. (ഖുർആൻ 93: 6–11)

28. ശാസനാധികാരം അല്ലാഹുവിന് മാത്രം. അവനൊഴികെ മറ്റാർക്കും നിങ്ങൾ അടിമപ്പെടരുതെന്ന് അവൻ കല്പിച്ചിരിക്കുന്നു. അതത്രെ ഏറ്റവും ശരിയായ മാർഗം. പക്ഷേ, അധികമാളുകളും അറിയുന്നില്ല. (ഖുർആൻ 12: 40)

29. പ്രബോധനം- മലയാള വാരിക, ബോധനം- മലയാള ദ്വൈമാസിക, റേഡിയൻസ്- ഇംഗ്ലീഷ് വാരിക, ദഅ്വത്ത്- ഉർദു ത്രൈദിനം, സിന്ദഗി-ഉർദു മാസിക. കാന്തി- ഹിന്ദി മാസിക, കാന്തി- ഹിന്ദി വാരിക, മുജാഹിദ്- അസമീസ് വാരിക, മീസാൻ-ബംഗാളി വാരിക, സമരസം -തമിഴ് ദ്വൈവാരിക, ഗീത്തുറായി -തെലുങ്കു വാരിക, ഗീത്തുറായി- തെലുങ്കുമാസിക, ശാന്തിമാർഗ്- മറാഠി വാരിക, ഷാഹീൻ- ഗുജറാത്തി വാരിക, സൻമാർഗ- കന്നട വാരിക.